KOTTAYAM PUBLIC LIBRARY

M330

Call No. DAM-U Acc. No. 3175

Author ദാമോദരൻ കെ

Title ഉറുപ്പിക

974

No. 3175

# ഉറുപ്പിക

ഗ്രന്ഥകർത്താ:

കെ. ദാമോദരൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

PUBLISHERS:
THE MANGALODAYAM LTD.,
TRICHUR.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

1122/1947 ] [ വില: 1ക. 8ണ.

ഒന്നാംപതിപ്പ്

കോപ്പി 1000

M 330
DAM. U

3175

PRINTED AT THE
MANGALODAYAM PRESS,
TRICHUR.

NO: 3175

## ഉള്ളടക്കം


| അദ്ധ്യായം | | ഭാഗം |
|---|---|---|
| 1. | ഇന്ത്യയിലെ പ്രാചീന നാണ്യങ്ങൾ | 1 |
| 2. | വെള്ളിമാനം | 12 |
| 3. | കൃത്രിമമായ വിനിമയനിരക്ക് | 25 |
| 4. | സ്വർണ്ണവിനിമയമാനം | 42 |
| 5. | കറൻസിനോട്ടുകൾ | 59 |
| 6. | ഉരുപ്പികയും ഒന്നാംലോകമഹായുദ്ധവും | 65 |
| 7. | ബേബിങ്ങ്ടൺ സ്മിത്ത് കമ്മിററി | 74 |
| 8. | ഹിൽട്ടൺയങ്ങ് കമ്മീഷൻ | 91 |
| 9. | സാമ്പത്തികക്കുഴപ്പം | 100 |
| 10. | വീണ്ടും സ്റ്റർലിങ്ങ് വിനിമയമാനം | 105 |
| 11. | സ്വർണ്ണക്കയററുമതി | 106 |
| 12. | റിസർവ്വ്ബാങ്കുംകറൻസിയും | 119 |
| 13. | യുദ്ധവും കറൻസിയും | 123 |

No. 3175

## അദ്ധ്യായം 1

# ഇന്ത്യയിലെ പ്രാചീന നാണ്യങ്ങൾ

മററുരാജ്യങ്ങളിലെന്നപോലെതന്നെ ഇന്ത്യയിലും നാണയമില്ലാത്ത ഒരു കാലമുണ്ടായിരുന്നു. പ്രാചീനനിവാസികളുടെ ഇടയിൽ 'ബാർട്ടർ' എന്ന പേരിലറിയപ്പെടുന്ന നേരിട്ടുള്ള കൈമാററ(ചരക്കുകൊടുത്തു പകരം ചരക്കു വാങ്ങുക)മാണ് നടപ്പുണ്ടായിരുന്നത്. പിന്നീടു കൊള്ളക്കൊടുക്കകളുടെ വളർച്ചയോടൊപ്പം വസ്ത്രവും ചില ലോഹങ്ങളും കൈമാററത്തിൽ മദ്ധ്യവർത്തികളായിത്തീർന്നു. പഴയ സംസ്കൃതഗ്രന്ഥങ്ങളിൽ പലതിലും സ്വർണ്ണത്തെപ്പററി പറയുന്നുണ്ട്. ആ പ്രാചീനകാലത്തു തന്നെ സ്വർണ്ണവും വെള്ളിയും പണമായി ഉപയോഗിക്കപ്പെട്ടിരുന്നു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. എങ്കിലും ആദ്യകാലത്തു നാണ്യങ്ങളുണ്ടായിരുന്നില്ല പണം തൂക്കിക്കൊടുക്കുകയാണ് ചെയ്തിരുന്നത്. ഋഗ്വേദകാലങ്ങളിൽ മുദ്രണം ചെയ്യപ്പെടാത്ത സ്വർണ്ണക്കട്ടികളും വെള്ളിവാളങ്ങളുമാണ് കറൻസിയായി ഉപയോഗിക്കപ്പെട്ടിരുന്നത്.]

(518 ബി. സി. ക്കു ശേഷം വടക്കെ ഇന്ത്യയിലെ ചില പ്രദേശങ്ങൾ പേർസ്യൻ ചക്രവർത്തിയുടെ കീഴി

ലായിരുന്ന കാലത്ത് ഇന്ത്യയിൽനിന്നു കൊല്ലംതോറും 360 ടാലൻറ് (ഒരു ടാലൻറു് സുമാർ 57 റാത്തൽ) സ്വർണ്ണപ്പൊടി മഹാനായ ചക്രവർത്തിക്കു കപ്പമായി കൊടുത്തിരുന്നുവെന്നു ഹെരഡോട്ടസ് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നുണ്ടു്. നാണ്യക്കണക്കിലല്ല തൂക്കത്തെ അടിസ്ഥാനപ്പെടുത്തിയാണ് അക്കാലത്ത് 'പണം' ഉപയോഗിക്കപ്പെട്ടിരുന്നതു് എന്ന് ഇതിൽനിന്നു തീരുമാനിക്കാം.

## നാണ്യനിർമ്മാണം

മററു രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലും, ക്രമത്തിൽ നിശ്ചിതമായ തൂക്കവും മാററുമുള്ള ലോഹത്തുണ്ടുകൾ കൈമാററത്തിന്നുപയോഗിച്ചു തുടങ്ങി. അങ്ങനെ മെല്ലെ മെല്ലെ വ്യക്തമായ രൂപങ്ങളും പേരുകളുമുള്ള പല നാണ്യങ്ങളും ആവിർഭവിച്ചു.

കാശിയിൽനിന്നു പുറപ്പെടുന്ന 'നാഗരീപ്രചാരിണി' പത്രികയുടെ ഒരു പഴയ ലക്കത്തിൽ (1997 വൈശാഖ്) പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിൽ ഇന്ത്യയുടെ പ്രാചീനനാണ്യങ്ങളെപ്പററിയുള്ള ചില രസകരമായ വിവരങ്ങൾ അടങ്ങിയിട്ടുണ്ടു്. ബുദ്ധൻെറ കാലത്തിന്നുമുമ്പു പ്രചരിച്ചിരുന്ന ചില പ്രാചീനനാണ്യങ്ങൾ താൻ നേരിട്ടു കാണുകയുണ്ടായിട്ടുണ്ടെന്നു ലേഖകൻ (ശ്രീ ദുർഗ്ഗാപ്രസാദ്) അവകാശപ്പെടുന്നു. പണം, കാർഷാപണം മുതലായ പേരുകളിൽ പ്രചരിച്ചിരുന്ന വെള്ളിനാണ്യങ്ങളെപ്പററിയും നിഷ്കം, പാദം മുതലായ

ചില സ്വൎണ്ണനാണ്യങ്ങളെപ്പററിയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. കൌടില്യന്റെ അൎത്ഥശാസ്ത്രം രണ്ടാമധികരണം പന്ത്രണ്ടാമദ്ധ്യായത്തിൽ അക്കാലത്തെ നാണ്യനിൎമ്മാണത്തെപ്പററി ഇങ്ങനെ പറയുന്നു:—

"ലക്ഷണാദ്ധ്യക്ഷൻ (കമ്മട്ടത്തിന്റെ അദ്ധ്യക്ഷൻ) നാലിലൊരു ഭാഗം (നാലുമാഷം) ചെമ്പ് ഒരു മാഷം ഉരുക്കോ വെള്ളീയമോ ഈയമോ അഞ്ജനമോ ചേൎത്തു രൂപ്യ (രൂപാ വെള്ളിനാണ്യ)മായിരിക്കുന്ന പണത്തേയും അതിൽ പകുതിവീതം ചേൎത്ത് അൎദ്ധപണത്തേയും അതിൽ പകുതിവീതം ചേൎത്തു പാദ(കാൽപണ)ത്തേയും അതിൽ പകുതിവീതം ചേൎത്ത് അഷ്ടഭാഗ (അരക്കാൽ പണ) ത്തേയും നിൎമ്മിപ്പിക്കണം. നാലിലൊരുഭാഗം വെള്ളിചേൎത്തു താമ്രരൂപമായ മാഷകം, അൎദ്ധമാഷകം, കാകണി, അൎദ്ധകാകണി എന്നിവയും നിൎമ്മിപ്പിക്കണം.

രൂപദൎശകൻ (നാണ്യപരിശോധകൻ) നാട്ടിൽ വ്യവഹാരത്തിന്നു വേണ്ടതും കോശത്തിൽ വെയ്ക്കേണ്ടതുമായ പണത്തിന്റെ മാത്രയെ വ്യവസ്ഥപ്പെടുത്തണം *

ഒരു പണത്തിന്നു പതിനാറു മാഷത്തൂക്കം; അതിൽ നാലു മാഷം ചെമ്പ്, പതിനൊന്നു മാഷം വെള്ളി, ഒരു മാഷം ഉരുക്ക് വെള്ളീയം മുതലായ മററു പലതും—ഇങ്ങനെ എല്ലാ നാണ്യങ്ങളും തൂക്കത്തെ അടിസ്ഥാനപ്പെടുത്തിയാണ് നിൎമ്മിക്കപ്പെട്ടിരുന്നത്. നാലു മാഷം വെള്ളിയും പതിനൊന്നു മാഷം ചെമ്പും ഒരു മാഷം ഉരുക്ക

* കൌടില്യന്റെ അൎത്ഥശാസ്ത്രം, കെ. വാസുദേവൻ മൂസ്സതിന്റെ മലയാളതൎജ്ജമ, പേജ് 131, 132.

മുതലായവയിലൊന്നും അടങ്ങിയതായിരുന്നു മാഷകം *

## നാണ്യങ്ങളിലെ കൊത്തുപണികൾ

ആദ്യകാലത്തു നാണ്യങ്ങളിന്മേൽ രാജാവിൻെറ ചിത്രമോ മററുതരത്തിലുള്ള എഴുത്തുകളോ ഉണ്ടായിരുന്നില്ല. നാണ്യത്തിലടങ്ങിയ ലോഹത്തിൻെറ തൂക്കവും മററും മാത്രമാണ് ആളുകൾ നോക്കിയിരുന്നതു്. എന്നാൽ ക്രമത്തിൽ ജനങ്ങളുടെ കലാബോധം മററു സ്ഥലങ്ങളിലെന്നപോലെതന്നെ നാണ്യങ്ങളുടെ മേലും പ്രതിഫലിക്കാൻ തുടങ്ങി. ചില പ്രാചീനനാണ്യങ്ങളിന്മേൽ ആന, നായ, മരം മുതലായവയുടെ ചിത്രങ്ങൾ കൊത്തിയുണ്ടാക്കിയിരുന്നുവെന്നും പറയപ്പെടുന്നു.

വൃത്താകാരത്തിലുള്ള മൂന്നു പുള്ളികളോടുകൂടിയ ചെറിയ വെള്ളിക്കഷണങ്ങളായിരുന്നു ആദ്യകാലത്തെ നാ

---

* തൂക്കത്തിൻെറ സമ്പ്രദായം പ്രാകൃതവും പക്ഷെ എളുപ്പമേറിയതുമായിരുന്നു. നോക്കുക: "പൌതവാദ്ധ്യക്ഷൻ (അളവും തൂക്കവും നോക്കുന്ന അദ്ധ്യക്ഷൻ) പൌതവകമ്മാന്തങ്ങൾ (അളവും തൂക്കവും നോക്കുവാനുള്ള ഉപകരണങ്ങൾ) ഉണ്ടാക്കിക്കണം പത്തു ധാന്യമാഷം (ഉഴുന്നുമണി) അല്ലെങ്കിൽ അഞ്ചു ഗുഞ്ജ (കുന്നി) ഒരു സുവൎണ്ണമാഷം. പതിനാറു സുവൎണ്ണമാഷം ഒരു സുവൎണ്ണം, അഥവാ കൎഷം. നാലു കൎഷം ഒരു പലം എൺപത്തെട്ടു ഗൌരസൎഷപം (ചെറുകടുകു്) ഒരു രൂപ്യമാഷം. പതിനാറു രൂപ്യമാഷം അല്ലെങ്കിൽ ഇരുപതു് ശൈംബ്യം (മഞ്ചാടി) ഒരു ധരണം"......കൌടില്യൻെറ അൎത്ഥശാസ്ത്രം, മലയാളതൎജ്ജമ 178-ാംപേജ്.

ണ്യങ്ങളെന്നു സി. ജെ. ബ്രൌൺ എന്ന ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു *

പിന്നീട പ്രചാരത്തിൽ വന്നതു വളഞ്ഞതും ഒരു ഭാഗത്തു ചിത്രപ്പണികൾ കൊത്തിയുണ്ടാക്കിയതുമായ വെള്ളിവാളുകളായിരുന്നു. ഇത്തരം വിചിത്രനാണ്യങ്ങൾ ക്രിസ്ത്വബ്ദം പതിനാലാംനൂററാണ്ടുവരേയും തെക്കേ ഇന്ത്യയിലെ പല സ്ഥലങ്ങളിലും പ്രചരിച്ചിരുന്നുവെന്നു മിസ്റ്റർ ബ്രൌൺ പ്രസ്താവിക്കുന്നു. നേരേമറിച്ച്, വിദേശീയാക്രമണങ്ങളുടെ ഫലമായി വടക്കെ ഇന്ത്യയിലെ നാണ്യങ്ങൾ കൂടുതൽ വേഗത്തിലാണ് പരിഷ്കരിക്കാൻ തുടങ്ങിയത്. വടക്കെ ഇന്ത്യയുടെ പ്രാചീനനാണ്യങ്ങളിൽ ഗ്രീക്കുകാരുടേയും റോമൻകാരുടേയും മററും നാണ്യങ്ങളുടെ അനുകരണങ്ങൾ ധാരാളം കാണാവുന്നതാണ്. ഗുപ്തന്മാരുടേയും പിന്നീട രജപുത്രന്മാരുടേയും കാലത്തെ നാണ്യങ്ങൾ താരതമ്യേന ഭംഗികൂടിയവയായിരുന്നുവെന്നറിയുന്നു.

മുഹമ്മദുഗോറിയുടെ ആക്രമണത്തിന്നുശേഷമുണ്ടായ അതിപ്രധാനമായ ഒരു മാററം നാണ്യങ്ങളിന്മേൽ ബിംബങ്ങളും മററും കൊത്തിയുണ്ടാക്കാൻ പാടില്ലെന്നു തീരുമാനിച്ചതാണ്. അക്കാലത്തു മദ്ധ്യേഷ്യയുമായുള്ള വ്യാപാരം വളരെ വൎദ്ധിക്കുകയുണ്ടായി. എന്നാൽ ആതോതനുസരിച്ചു സ്വൎണ്ണത്തിൻെറ ഉല്പാദനം വൎദ്ധിച്ചില്ല. അതുകൊണ്ടായിരിക്കണം സ്വൎണ്ണനാണ്യങ്ങളേക്കാ

* C. J. Brown: The coins of India Page 14

മുധികം വെള്ളിനാണ്യങ്ങൾക്കു പ്രചാരവും പ്രാബല്യവും ലഭിക്കാൻ തുടങ്ങിയതു്.

## ഉറുപ്പികയുടെ വരവു്

മുഗൾചക്രവത്തിമാരിൽ ബാബറുടേയും ഹുമയൂണിൻേറയും ഭരണകാലങ്ങളിൽ 'ശഹരുഖി' 'മീർഹം' എന്നീ പുതിയ വെള്ളിനാണ്യങ്ങൾ അടിപ്പിക്കുകയുണ്ടായി. എങ്കിലും അവയ്ക്കു താൽക്കാലികപ്രചാരം മാത്രമേ ഉണ്ടായുള്ളു. പിന്നീട്ടു് അധികാരത്തിൽവന്ന ഷേർഷായുടെ കാലത്താണു് യഥാർത്ഥത്തിൽ സ്ഥായിയായ പല പരിഷ്കാരങ്ങളും വന്നതു്. അദ്ദേഹത്തിൻേറ ഭരണകാലത്താണു് വെള്ളിയുറുപ്പിക ആദ്യമായി നിർമ്മിക്കാൻ തുടങ്ങിയതു് എന്ന കാര്യത്തിൽ ഗവേഷകന്മാർ തികച്ചും യോജിക്കുന്നുണ്ടു്. വെള്ളിയുറുപ്പികയിൽ $172\frac{1}{2}$ ഗ്രെയിൻ വെള്ളിയാണടങ്ങിയിരുന്നതു്. ഉറുപ്പികയ്ക്കു പുറമേ 'ദം' എന്നൊരു ചെമ്പുനാണ്യവുമുണ്ടായിരുന്നു. ഔറംഗസീബിൻേറ കാലംവരേയും ഈ ദം നാണ്യങ്ങൾ സ്റ്റേററിൻേറ വരവുചിലവുകൾക്കുപയോഗപ്പെട്ടുപോന്നിരുന്നു. ഒരു ദമ്മിൽ 323·5 ഗ്രെയിൻ ചെമ്പാണടങ്ങിയിരുന്നതു്. ചെറിയ കൊള്ളക്കൊടുക്കകൾക്കു ദമ്മിൻേറ എട്ടിലൊരു ഭാഗം വില വരുന്ന 'ദമ്മിടി' എന്ന ഒരുതരം ചെറുനാണ്യവും പ്രചരിച്ചിരുന്നു. 1616 വരെ ഒരുറുപ്പിക 40 ദമ്മിന്നു സമമായിരുന്നു. 1627 മുതൽക്കു 30 ദമ്മിന്നു സമമായി.

കൂഫിയിലും ഹിന്ദിയിലുമുള്ള ചില അക്ഷരങ്ങളാണു് ഷേർഷായുടെ നാണ്യങ്ങളെ അലങ്കരിച്ചിരുന്നതു്.

അക്ബറും ജഹാംഗീറും നാണ്യനിർമ്മാണത്തിൽ കലാപരമായ ചില പരിഷ്കാരങ്ങൾ വരുത്തുകയും ചില പുതിയ നാണ്യങ്ങൾ അടിച്ചിറക്കുകയും ചെയ്തു. അവരുടെ കാലത്തു പ്രചരിച്ചിരുന്ന പ്രധാന സ്വർണ്ണനാണ്യം 170 മുതൽ 175 ഗ്രെയിൻവരെ തൂക്കമുള്ള മുഹർ (മോഹർ എന്നും പറയും) ആയിരുന്നു. മോഹറിന്നു പുറമേ അര മോഹർ കാൽ മോഹർ മുതലായ നാണ്യങ്ങളുമുണ്ടായിരുന്നു. ഷേർഷായുടെ കാലംമുതല്ക്കുതന്നെ പ്രചരിച്ചുവന്നിരുന്ന വെള്ളിയുറുപ്പികയ്ക്കു 178 ഗ്രെയിൽ തൂക്കമാണുണ്ടായിരുന്നതു്. അര ഉറുപ്പിക, കാലുറുപ്പിക, അരയ്ക്കാലുറുപ്പിക, മഹാണിഉറുപ്പിക മുതലായവയും പ്രചരിച്ചിരുന്നു. ഇതിന്നെല്ലാംപുറമേ ചില സവിശേഷാവശ്യങ്ങൾക്കുവേണ്ടി ചിലപ്പോൾ ചില പ്രത്യേകനാണ്യങ്ങളും അടിച്ചിറക്കുക പതിവായിരുന്നു. സമ്മാനങ്ങളുടെ ആവശ്യത്തിന്നുവേണ്ടിയുള്ള 'സിസർ'നാണ്യങ്ങളും ജഹാംഗീർ പുറപ്പെടുവിച്ച 'നൂർ അഫ്ഷൻ' (വെളിച്ചം പരക്കുന്നു) എന്ന നാണ്യവും ഇത്തരത്തിൽപ്പെട്ടവയാണ്. മുഗൾ ചക്രവർത്തിമാർ കലാവിദ്യയിൽ ശ്രുതിപ്പെട്ടവരായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ജഹാംഗീർ അടിച്ചിറക്കിയ ചില നാണ്യങ്ങളിന്മേൽ കയ്യിൽ ഒരു വീഞ്ഞുകോപ്പയുമായി അദ്ദേഹം ചമ്മണംപടിയിരിക്കുന്ന ചിത്രം കൊത്തിയിരുന്നു. തന്റെ അന്തഃപുരത്തിലെ സുന്ദരികൾക്കു സമ്മാനം കൊടുക്കുവാൻവേണ്ടിയുണ്ടാക്കിയ നാണ്യങ്ങളായിരുന്നു അവ.

ഹൈദരാലിയുടെ കാലത്ത് ബഹാദൂരിപഗോഡ എന്ന പേരിലറിയപ്പെടുന്ന ചില നാണ്യങ്ങൾ പ്രചരിച്ചിരുന്നു. ഈ നാണ്യങ്ങളുടെ ഒരു ഭാഗത്ത് ഹൈദറുടെ പേരിൻെറ ആദ്യത്തെ ഉറുദു അക്ഷരവും മറുഭാഗത്ത് പാർവ്വതീപരമേശ്വരന്മാർ അടുത്തടുത്തിരിക്കുന്ന ചിത്രവുമാണുണ്ടായിരുന്നത്. 1763-ൽ ഹൈദർ കീഴടക്കിയ ഇക്കേരിരാജാക്കന്മാരുടെ നാണ്യങ്ങളിന്മേലും ഈ ചിത്രമുണ്ടായിരുന്നുവെന്നും അത് മാററാതിരിക്കുക മാത്രമാണ് ഹൈദർ ചെയ്തതെന്നും ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ഏതായാലും മുസ്ലീംചക്രവർത്തികൾക്കു ഹിന്ദുമതത്തോടുള്ള സഹിഷ്ണുത ഇതിൽനിന്നു വ്യക്തമാകുന്നുണ്ടെന്നു തീച്ചയാണ്.

## നാണ്യങ്ങളുടെ വൈവിധ്യം

മുഗൾസാമ്രാജ്യത്തിൻെറ നാശത്തോടൊപ്പം നിലവിലുണ്ടായിരുന്ന കറൻസി വ്യവസ്ഥയും ഛിന്നഭിന്നമായിത്തീൻു. സ്വതന്ത്രരായ വിവിധരാജാക്കന്മാർ സ്വന്തം നാണ്യങ്ങളടിച്ചിറക്കാൻ തുടങ്ങി. പരസ്പരം കലഹിച്ചുകൊണ്ടിരുന്ന ആ രാജാക്കന്മാർ താന്താങ്ങളുടെ രാജ്യസീമകൾക്കുള്ളിൽ താന്താങ്ങളുടെ നാണ്യങ്ങൾ മാത്രമാണ് പ്രചരിപ്പിച്ചിരുന്നത്. ചെമ്പ്, വെള്ളി, സ്വണ്ണം എന്നീ ലോഹങ്ങൾകൊണ്ടുള്ള വിഭിന്നനാണ്യങ്ങൾ ഒരേസമയത്ത് നിശ്ചിതമായ ബന്ധമൊന്നുമില്ലാതെതന്നെ പ്രചരിച്ചിരുന്നു. പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭകാലത്തുപോലും 994 വിവിധനാണ്യങ്ങൾ പ്രച

രിച്ചിരുന്നുവത്രേ. (Maclees: Indian Currency Page 13.) ഉറുപ്പിക നാണ്യങ്ങൾതന്നേയും പലേടത്തും പല തരത്തിലായിരുന്നു. ബങ്കാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ 27_ൽ കുറയാത്ത തരത്തിലുള്ള ഉറുപ്പിക നാണ്യങ്ങൾ പ്രചരിച്ചിരുന്നുവത്രേ!

ഈ കുഴപ്പംപിടിച്ച പരിതഃസ്ഥിതിയിലാണ് ഈസ്റ്റിന്ത്യാകമ്പനിക്കാർ മെല്ലെമെല്ലെ തങ്ങളുടെ ഭരണാധികാരമുറപ്പിക്കാൻ മുതിർന്നതു്. തങ്ങളുടെ കച്ചവടത്തിന്റെ വളർച്ചയ്ക്കു സ്വന്തമായ നാണ്യങ്ങൾ അടിച്ചിറക്കേണ്ടതാവശ്യമാണെന്നവർ മനസ്സിലാക്കി. 1742_ൽ മുഹമ്മദുഷായുടെ കയ്യിൽനിന്ന് 'ആർക്കാട്ട് ഉറുപ്പികകൾ' അടിക്കാനുള്ള അവകാശം കമ്പനിക്കാർ സമ്പാദിച്ചു. ഇങ്ങനെ ക്രമത്തിൽ ക്രമത്തിൽ കീഴടക്കപ്പെട്ട രാജ്യങ്ങളുടെ വിസ്താരത്തോടൊപ്പം നാണ്യമടിക്കാനുള്ള അവകാശാധികാരങ്ങളും അവർ നേടിക്കൊണ്ടിരുന്നു.

വ്യത്യസ്തപ്രദേശങ്ങളിൽ വ്യത്യസ്തനാണ്യങ്ങളാണ് പ്രചരിച്ചിരുന്നതു്. നാണ്യങ്ങളുടെ ഈ വൈവിധ്യവും ആധിക്യവും കച്ചവടത്തിന്റെ പുരോഗതിക്കു തടസ്സമായിരുന്നു. രാജ്യത്തിന്റെ വിവിധഭാഗങ്ങൾ തമ്മിൽ വ്യാപാരബന്ധം വളരാൻതുടങ്ങിയപ്പോൾ ഈ കുഴപ്പം കൂടുതൽ ദുസ്സഹമായിത്തീർന്നു. ബങ്കാൾ മുതലായ ചില സ്ഥലങ്ങളിലെ സ്ഥിതി ഏററവും വിഷമംപിടിച്ചതായിരുന്നു. ഒരു ജില്ലയിൽ പ്രചരിച്ചിരുന്ന നാണ്യങ്ങൾക്കു മററു ജില്ലകളിൽ പ്രവേശനമുണ്ടായിരുന്നില്ല. ചില

പ്പോൾ ഒരേ ജില്ലയ്ക്കുള്ളിൽത്തന്നെ വിവിധനാണ്യങ്ങൾ നടപ്പിലുണ്ടായിരുന്നു!

ഈസ്റ്റിന്ത്യാ കമ്പനിക്കാർക്ക് തങ്ങളുടെ സ്വന്തമായ വെള്ളിനാണ്യങ്ങളും സ്വർണ്ണനാണ്യങ്ങളും ഉണ്ടായിരുന്നു. വെള്ളിനാണ്യവും സ്വർണ്ണനാണ്യവും തമ്മിൽ നിശ്ചിതമായ ഒരു ബന്ധം ആദ്യം മുതല്ക്കേ നിലനിൽത്തിപ്പോന്നു വെന്നുള്ളതു വാസ്തവമാണ്. വെള്ളിനാണ്യങ്ങളുടേയും സ്വർണ്ണനാണ്യങ്ങളുടേയും വിലകൾ അവയുടെ ലോഹ വിലകളെ ആശ്രയിച്ചിരിക്കണമെന്നു നിശ്ചയിക്കപ്പെട്ടിരുന്നു. പക്ഷേ ഇതത്ര എളുപ്പമായിരുന്നില്ല. സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും തമ്മിൽ നിശ്ചിതമായ ബന്ധം നിലനിൽത്തണമെങ്കിൽ വെള്ളിയുടേയും സ്വർണ്ണത്തിൻേറയും വിലകൾക്കു നിശ്ചിതവും മാററമില്ലാത്തതുമായ ഒരു ബന്ധമുണ്ടായിരിക്കേണ്ടി വരും. എന്നാൽ ഇതു സാദ്ധ്യമായിരുന്നില്ല. കാരണം സ്വർണ്ണത്തിൻെറ വില വർദ്ധിക്കുമ്പോൾ സ്വർണ്ണനാണ്യങ്ങളും, വെള്ളിയുടെ വില വർദ്ധിക്കുമ്പോൾ വെള്ളിനാണ്യങ്ങളും പ്രചാരത്തിൽ നിന്നു പിൻവലിയുകയും വില കുറഞ്ഞ നാണ്യങ്ങൾ പ്രചാരത്തിൽ വരികയും ചെയ്യുമെന്നതുതന്നെ.

## പരിഷ്കരിച്ച ഉറുപ്പിക

ഈ ബുദ്ധിമുട്ടുകളെയെല്ലാം പരിഹരിക്കാൻ നാണ്യനയത്തിൽ ചില പരിഷ്കാരങ്ങൾ കൂടിയേ കഴിയൂ എന്നായി. വാസ്തവത്തിൽ ഇന്ത്യയിലെ പ്രധാനവിഭാഗങ്ങളെല്ലാം ഒരേ ഭരണാധികാരത്തിലായിക്കഴിഞ്ഞ സ്ഥിതി

ക്കു നാണ്യനയസംബന്ധിയായ പരിഷ്കാരങ്ങളേർപ്പെടുത്തുവാനും ഒരേ തരത്തിലുള്ള നാണ്യങ്ങൾക്കു പ്രചുരമായ പ്രചാരം നല്കുവാനും വളരെ പ്രയാസമുണ്ടായിരുന്നില്ല. *

പത്തൊമ്പതാംനൂററാണ്ടിൻെറ ആരംഭകാലത്തുതന്നെ ഈസ്റ്റിന്ത്യാകമ്പനിക്കാരുടെ കീഴിലുള്ള വിഭിന്നസംസ്ഥാനങ്ങൾ ഒരേ തരത്തിലുള്ള നാണ്യങ്ങൾ പ്രചാരത്തിൽ വരുത്തേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. 1818ൽ മദ്രാസ്സുസംസ്ഥാനത്തിലെ അടിസ്ഥാനനാണ്യമായ സ്വർണ്ണപഗോഡയുടെ സ്ഥാനത്തു 180 തൂക്കവും 12-ൽ 11ഭാഗം ലോഹശുദ്ധിയുമുള്ള വെള്ളിയുറുപ്പിക അടിച്ചിറക്കുവാൻതുടങ്ങി. 1823-ൽബോംബേയിൽ പ്രചരിച്ചിരുന്ന ഉറുപ്പിക മദ്രാസ്സിലെ പുതിയ ഉറുപ്പികയ്ക്കു സമാനമാക്കിത്തീർത്തു. ഒടുവിൽ 1835-ൽ ഈ പരിഷ്കാരങ്ങൾക്കെല്ലാം മകുടംവെയ്ക്കുന്ന ഒരു പുതിയ മുദ്രണനിയമത്തേയും നടപ്പിൽ വരുത്തി.

---

* 1831-ലാണ് ബങ്കാളിലെ ഗവർണ്ണർജനറാൾ ഇന്ത്യയുടെ മുഴവൻ ഗവർണ്ണർജനറാളായിത്തീർന്നതു്. ഈ കാലമാകുമ്പോഴേയ്ക്കും ഇന്ത്യയുടെ ഭരണം മിക്കവാറും കേന്ദ്രീകൃതമായിക്കഴിഞ്ഞിരുന്നു.

## അദ്ധ്യായം ५

## വെള്ളിമാനം

1835-ലെ മുദ്രണനിയമം ഇന്ത്യയുടെ നാണ്യനയത്തിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണു്. ഈ നിയമപ്രകാരമാണു് ഇന്ത്യയിൽ ആദ്യമായി വെള്ളിമാനവ്യവസ്ഥ (Silver Standard) സ്ഥാപിതമായതു്. കൊള്ളക്കൊടുക്കകൾക്കു് വെള്ളിയുറുപ്പികയുപയോഗിക്കാൻ ആളുകൾ നിർബ്ബന്ധരായിത്തീർന്നു. വെള്ളിയുറുപ്പിക ഇന്ത്യയുടെ അടിസ്ഥാനനാണ്യമായി അംഗീകരിക്കപ്പെട്ടു. ആക്ടിലെ പ്രധാനവ്യവസ്ഥകൾ താഴെ പറയുന്നവയാണു്:—

1. ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണസീമയ്ക്കു് എല്ലായിടത്തും വെള്ളിയുറുപ്പിക അടിസ്ഥാനനാണ്യമായി സ്വീകരിക്കപ്പെടുന്നതാണു്. ഈ പുതിയ ഉറുപ്പികയുടെ തൂക്കം 180 ഗ്രേൻ ആയിരിക്കും. അതിൽ 11/12 ഭാഗം (അതായതു 165 ഗ്രേൻ) തനി വെള്ളിയും ബാക്കി 15 ഗ്രേൻ കൂട്ടും അടങ്ങിയിരിക്കുന്നു. ഇതേ തോതിൽത്തന്നെ വെള്ളികൊണ്ടുള്ള അരയുറുപ്പികനാണ്യങ്ങളും കാലുറുപ്പികനാണ്യങ്ങളും അരക്കാലുറുപ്പികനാണ്യങ്ങളും അടിച്ചിറക്കപ്പെടുന്നതാണു്.

2. കമ്പനിയുടെ ഭരണസീമയ്ക്കുള്ളിൽ എവിടേയും സ്വർണ്ണനാണ്യങ്ങൾ 'ലീഗൽടെൻഡറാ'യി സ്വീകരിക്ക

പ്പെടുകയില്ല. അതായത്തു കമ്പനിയുടെ കീഴിലുള്ള യാതൊരാളും സ്വർണ്ണനാണ്യങ്ങൾ വാങ്ങുവാനോ കൊടുക്കുവാനോ നിയമപ്രകാരം ചുമതലപ്പെടുകയില്ല. എങ്കിലും ചില പ്രത്യേകതരത്തിലുള്ള സ്വർണ്ണങ്ങളുടെ മുദ്രണത്തെ നിയമം തടയുകയില്ല. വെള്ളിയുറുപ്പികയുള്ളത്രതന്നെതൂക്കവും (180 ഗ്രേൻ=⅜ ഔൺസ്) ലോഹശുദ്ധിയുമുള്ള സ്വർണ്ണമോഹറുകൾ അടിച്ചിറക്കാവുന്നതാണ്. ഈ സ്വർണ്ണനാണ്യങ്ങൾ മോഹറിന്നു 15ക. എന്ന തോതിൽ ഉപയോഗിക്കപ്പെടുകയും ചെയ്യാം. പക്ഷേ, എന്തായാലും, അടിസ്ഥാനനാണ്യം വെള്ളിയുറുപ്പികതന്നെയായിരിക്കും.

## സ്വർണ്ണനാണ്യവും വെള്ളിനാണ്യവും

ആദ്യകാലത്തു, സ്വർണ്ണം, വെള്ളി എന്നീ രണ്ടു ലോഹങ്ങൾകൊണ്ടുമുള്ള നാണ്യങ്ങൾ ഇന്ത്യയിൽ മാത്രമല്ല മിക്ക പരിഷ്കൃതരാജ്യങ്ങളിലും പ്രചരിച്ചിരുന്നു. ലോഹങ്ങളുടെ വിലയിൽ കയററമിറക്കങ്ങൾ നേരിട്ടിരുന്നതുകൊണ്ടു ഈ ദ്വിലോഹനാണ്യവ്യവസ്ഥ (Bimetalism) വ്യാപാരത്തിൻെറ വളച്ചയ്ക്കു ഹാനികരമായിത്തീൎന്നു. ഏതെങ്കിലുമൊരു ലോഹത്തെ അടിസ്ഥാനനാണ്യമായുപയോഗിക്കേണ്ടതിൻെറ ആവശ്യകത പരിഷ്കൃതരാജ്യങ്ങൾക്കു ബോധപ്പെടുവാൻ തുടങ്ങി. അങ്ങനെ പത്തൊമ്പതാംനൂററാണ്ടിൻെറ മദ്ധ്യകാലമായപ്പോഴേയ്ക്കും യൂറോപ്പിലെ പല രാജ്യങ്ങളും സ്വർണ്ണനാണ്യങ്ങളെ അടിസ്ഥാനനാണ്യങ്ങളായി സ്വീകരിച്ചു. വിഭിന്നരാജ്യങ്ങളിലെ സ്വ

ണ്ണനാണ്യങ്ങളുടെ പേരുകൾ വ്യത്യസ്തങ്ങളായിരുന്നു. നാണ്യങ്ങളുടെ തൂക്കവും ഒരുപോലെയായിരുന്നില്ല. എങ്കിലും ഓരോ നാണ്യത്തിന്നും നിശ്ചിതമായ തൂക്കവും മാററുമുണ്ടായിരുന്നതുകൊണ്ടും അതിൻെറ ലോഹവിലയും മുഖവിലയും തമ്മിൽ പൊരുത്തക്കേടില്ലാതിരുന്നതുകൊണ്ടും രാജ്യങ്ങൾ തമ്മിലുള്ള കൊള്ളക്കൊടുക്കകൾക്കു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കാരണം, ഒരു രാജ്യത്തിൻെറ സ്വർണ്ണനാണ്യവും മററൊരു രാജ്യത്തിൻെറ സ്വർണ്ണനാണ്യവും തമ്മിലുള്ള ബന്ധം എളുപ്പത്തിൽ കണക്കാക്കുവാൻ കഴിഞ്ഞിരുന്നു.

മററെല്ലാ പരിഷ്കൃതരാജ്യങ്ങളും അടിസ്ഥാനനാണ്യങ്ങൾക്കു സ്വർണ്ണമുപയോഗിക്കാൻ തുടങ്ങിയ അതേകാലത്തു് ഇന്ത്യയിൽമാത്രം വെള്ളിയുറുപ്പികയോടു കൂടുതൽ മമത കാണിക്കാനുള്ള കാരണമെന്താണു്? ഇക്കാര്യത്തിൽ ധനശാസ്ത്രജ്ഞന്മാരുടെയിടയിൽ അഭിപ്രായവ്യത്യാസമുണ്ടു്. ഇന്ത്യയെപ്പോലുള്ള ഒരു വിശാലരാജ്യത്തിൽ സ്വർണ്ണമാനം നടപ്പിൽ വരുത്തിയാൽ സ്വർണ്ണത്തിൻെറ ആവശ്യവും വിലയും പതിന്മടങ്ങു വർദ്ധിക്കുമെന്നും അതിൻെറ ഫലമായി പാശ്ചാത്യരാജ്യങ്ങളിലെ നാണയവ്യവസ്ഥകൾ തകർന്നുപോകാനിടയുണ്ടെന്നും ചില ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ഏതായാലും ഒന്നു തീർച്ചയാണു്: ഈസ്റ്റിന്ത്യാകമ്പനിയുടെ കാലം മുതല്ക്കു് ഇന്ത്യയുടെ കറൻസിനയത്തിൻെറ പിന്നിൽ കോടിക്കണക്കിലുള്ള ഇന്ത്യക്കാരുടെ താൽപര്യമല്ല, വിദേശീയവ്യാപാരികളുടെ താൽപര്യമാണു് സംരക്ഷിക്കപ്പെ

ട്ടപോന്നിട്ടുള്ളതു്. ഈ യാഥാൎത്ഥ്യത്തെ ഉറുപ്പികയുടെ ചരിത്രം ഓരോ പതനത്തിലും തെളിയിക്കുന്നുണ്ടു്.

1835-ലെ നിയമമനുസരിച്ചു നടപ്പിൽ വന്ന വെള്ളിമാനവ്യവസ്ഥയുടെ കീഴിൽ, എന്തായാലും, ഉറുപ്പികയുടെ വില ഇന്നത്തെപ്പോലെ കൃത്രിമമായിരുന്നില്ല. നാണ്യനിൎമ്മാണം സ്വതന്ത്രമായിരുന്നു; അതായതു്, ലോഹം മുദ്രണശാലയിൽ കൊണ്ടുപോയി നാണ്യങ്ങളാക്കി മാററുവാൻ നാട്ടുകാൎക്കധികാരമുണ്ടായിരുന്നു. ലോഹത്തിന്റെ ആയിരത്തിലൊരു ഭാഗം ഉരുക്കാനുള്ള ചെലവായും നൂറിൽ രണ്ടു ഭാഗം രാജഭോഗമായും വസൂലാക്കപ്പെട്ടിരുന്നുവെന്നുമാത്രം. ഇങ്ങനെ ലോഹം നാണ്യങ്ങളാക്കി മാററാൻ കഴിഞ്ഞിരുന്നതുപോലെതന്നെ നാണ്യങ്ങളുരുക്കി ലോഹമാക്കി മാററാനും ജനങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. നാണ്യത്തിന്റെ മുഖവിലയും അതിലടങ്ങിയ ലോഹത്തിന്റെ വിലയും സമമായിരുന്നതുകൊണ്ടു നാണ്യം ലോഹമാക്കിയാലും ലോഹം നാണ്യമാക്കിയാലും യാതൊരു തരക്കേടുമുണ്ടായിരുന്നില്ല.

സ്വൎണ്ണനാണ്യങ്ങൾ 'ലീഗൽ ടെൻഡർ'ല്ലാതായിത്തീൎന്നുവെങ്കിലും ജനങ്ങളുടെ സ്വൎണ്ണനാണ്യപ്രതിപത്തി പിന്നേയും നിലനിന്നു. നാട്ടുകാരുടെ കൊള്ളക്കൊടുക്കകളിൽനിന്നു സ്വൎണ്ണനാണ്യങ്ങളെ തീരെ നീക്കം ചെയ്യുക എന്ന കാൎയ്യം എളുപ്പമുള്ളതായിരുന്നില്ല. അതുകൊണ്ടു് സ്വൎണ്ണനാണ്യങ്ങളെസ്സംബന്ധിച്ചുള്ള തീരുമാനത്തിൽ മാററം വരുത്തുവാൻ അധികൃതന്മാർ

നിർബ്ബദ്ധരായി. 1841-ലെ പ്രഖ്യാപനപ്രകാരം ഗവമ്മേണ്ടിലേയ്ക്കടയ്ക്കാനുള്ള സംഖ്യകൾ സ്വർണ്ണനാണ്യങ്ങളായി അടച്ചുതീക്കുവാൻ ജനങ്ങൾക്കു സൌകയ്യം നല്കുന്നതാണെന്നും 15ക.യ്ക്കു് ഒരു മോഹർ എന്ന തോതിൽ സ്വർണ്ണനാണ്യങ്ങൾ ഖജാനകളിൽ സ്വീകരിക്കപ്പെടുന്നതാണെന്നും തീരുമാനിക്കപ്പെട്ടു. പക്ഷേ, ഇതിൻെറ അത്ഥം സ്വർണ്ണനാണ്യങ്ങൾ വീണ്ടും 'ലീഗൽ ടെൻഡറാ'യിത്തീൎന്നുവെന്നല്ല. കാരണം, സ്വർണ്ണനാണ്യങ്ങൾക്കു പകരം ഉറുപ്പിക ആവശ്യപ്പെടുവാനോ, സ്വർണ്ണനാണ്യങ്ങൾ സ്വീകരിച്ചേ കഴിയൂ എന്നു ശഠിക്കുവാനോ ജനങ്ങൾക്കധികാരമുണ്ടായിരുന്നില്ല.

സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും തമ്മിലുള്ള തോതു തിട്ടപ്പെടുത്തിയിരുന്നുവെന്നതു ശരിതന്നെ. അക്കാലത്തു സ്വർണ്ണത്തിന്നു വെള്ളിയുടേതിനേക്കാൾ 15 ഇരട്ടി വിലയുണ്ടായിരുന്നതുകൊണ്ടു് ഒരു സ്വർണ്ണമോഹർ 15 വെള്ളിയുറുപ്പികയ്ക്കു സമമായിരുന്നുവെന്നു തീച്ചയാണു്. എന്നാൽ ഒരേസമയത്തു രണ്ടുതരത്തിലുള്ള നാണ്യങ്ങൾ അടിസ്ഥാനനാണ്യമായി പ്രചരിക്കുകയെന്നതു് ധനശാസ്ത്രസിദ്ധാന്തങ്ങൾക്കെതിരാണു്. അതുകൊണ്ടു് അധികം കഴിയുന്നതിന്നുമുമ്പു് ഈ ഏപ്പാടു പൊളിഞ്ഞു പോയതിൽ അത്ഭുതമില്ല. 1848-നും 1857-നുംഇടയിൽ ആസ്ത്രേലിയയിലുംകാലിഫോർണിയയിലും പുതിയ സ്വർണ്ണഖനികൾ തുറന്നതിൻെറ ഫലമായി സ്വർണ്ണത്തിൻെറ ഉൽപാദനം വദ്ധിക്കുകയും അങ്ങനെ അതിൻെറ വെള്ളിക്കണക്കിലുള്ള ആപേക്ഷികം

വില താണുപോവുകയും ചെയ്തു. സ്വൎണ്ണത്തിന്റെ വിലയിടിഞ്ഞപ്പോൾ ഒരു സ്വൎണ്ണമോഹറിന്നു മാൎക്കററിൽ 15ക. കിട്ടുകയില്ലെന്നായി. എങ്കിലും ഒരു സ്വൎണ്ണമോഹർ 15ക. യ്ക്കു സമമാണെന്നുള്ള (1841ലെ) സൎക്കാർപ്രഖ്യാപനം നിലവിലുണ്ടായിരുന്നു. അതുകൊണ്ടു ജനങ്ങൾ ഗവൎമ്മേണ്ടിലേയ്ക്കുള്ള അടവുകൾക്കു സ്വൎണ്ണനാണ്യങ്ങൾ മാത്രം ഉപയോഗിക്കാൻ തുടങ്ങി. വെള്ളിനാണ്യങ്ങൾ മെല്ലെ മെല്ലെ പ്രചാരത്തിൽനിന്നു പിൻവലിയാനും തുടങ്ങി. മാൎക്കറ്റുനിലവാരത്തേക്കാൾ ഉയൎന്ന നിരക്കിൽ സ്വൎണ്ണനാണ്യങ്ങൾ സ്വീകരിക്കേണ്ടിവന്നതുകൊണ്ടു ഗവൎമ്മേണ്ടിന്നു വമ്പിച്ച നഷ്ടം പിണഞ്ഞുകൊണ്ടിരുന്നു. ഒരുദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാം. ഗവൎമ്മേണ്ടിലേയ്ക്കു നികുതിവകയായോ മറ്റോ 30ക. യടയ്ക്കാൻ ചുമതലപ്പെട്ട ഒരാൾ രണ്ടു സ്വൎണ്ണമോഹറാണടച്ചിരുന്നതു്. സ്വൎണ്ണത്തിന്റെ വിലയിടിഞ്ഞപ്പോൾ രണ്ടു സ്വൎണ്ണമോഹറിലുള്ള സ്വൎണ്ണത്തിന്റെ വില സുമാർ 28ക. മാത്രമായിത്തീൎന്നു. ഈ സ്ഥിതിക്കു 30ക. യ്ക്കു പകരം രണ്ടു സ്വൎണ്ണമോഹർ കൊടുക്കുന്ന ഒരാൾക്കു രണ്ടുറുപ്പിക ലാഭമാണു്. ഗവൎമ്മേണ്ടിന്നത്രയ്ക്കു നഷ്ടവും. ഈ വിഷമഘട്ടത്തിൽ വെള്ളിനാണ്യത്തിന്റെ സ്ഥാനത്തു സ്വൎണ്ണനാണ്യത്തെ പ്രതിഷ്ഠിക്കാൻ അധികൃതന്മാൎക്കു സാധിക്കുമായിരുന്നു. എങ്കിലും അവരതു ചെയ്തില്ല. നേരെമറിച്ചു 1841ലെ പ്രഖ്യാപനം പിൻവലിക്കുകയാണവർ ചെയ്തതു്. അങ്ങനെ 1853 ജനുവരി ഒന്നാംതിയ്യതിമുതൽക്കു സ്വൎണ്ണമോഹറുകൾ നാണ്യങ്ങളെന്ന നിലയ്ക്കു സ്വീകരിക്കപ്പെടാതായി.

**സ്വർണ്ണത്തിന്നുവേണ്ടി പ്രക്ഷോഭം**

അതിനുശേഷവും സ്വർണ്ണനാണ്യങ്ങൾക്കുവേണ്ടിയുള്ള നാട്ടുകാരുടെ പ്രക്ഷോഭം തുടൎന്നുകൊണ്ടിരുന്നു. ബങ്കാൾ, ബോമ്പെ, മദ്രാസ്സ് എന്നീ സ്ഥലങ്ങളിലെ വ്യാപാരസംഘങ്ങൾ ഇന്ത്യാഗവൎമ്മെണ്ടിന്നു മെമ്മോറിയലുകൾ സമൎപ്പിച്ചു. വെള്ളിയുടെ ഉൽപാദനം സ്വർണ്ണത്തെ അപേക്ഷിച്ചു വല്ലാതെ കുറഞ്ഞിട്ടുണ്ടെന്നും അതിന്റെ ഫലമായി വെള്ളിയുടെ വില വൎദ്ധിച്ചിട്ടുണ്ടെന്നും ഇതു ചരക്കുകളുടെ വിലകളെക്കൂടി ബാധിക്കുന്നതുകൊണ്ടു വ്യാപാരത്തിന്നു ഹാനിതട്ടാൻ തുടങ്ങിയിട്ടുണ്ടെന്നും അതിനാൽ അടിസ്ഥാനനാണ്യമായി സ്വർണ്ണം നടപ്പിൽവരുത്തേണ്ടതാവശ്യമാണെന്നും അവർ വാദിച്ചു. ഇന്ത്യയുടെ ഈ ന്യായമായ ആവശ്യത്തെസ്സംബന്ധിച്ചു പല വാദപ്രതിവാദങ്ങളുമുണ്ടായി. ഇന്ത്യയുടെ കറൻസിപ്രശ്നങ്ങളെപ്പറ്റി അന്വേഷണം നടത്താൻ വേണ്ടി 1866-ൽ സർ വില്യം മാൻസ്ഫീൽഡിന്റെ അദ്ധ്യക്ഷതയിൽ നിയമിക്കപ്പെട്ട കമ്മീഷൺപോലും സ്വർണ്ണനാണ്യനയത്തെ അനുകൂലിക്കുകയാണുണ്ടായതു്. പക്ഷേ, എന്തായിട്ടും, അധികൃതന്മാർ ഇളകിയില്ല. 1874 മെയ് 7-ാംനു ഗവൎമ്മെണ്ടു വിളംബരം ചെയ്തു:— “സ്വർണ്ണനാണ്യം പ്രചാരത്തിൽ വരുത്തുന്നതിന്റെ അഭിലഷണീയതയെപ്പറ്റിയാലോചിച്ചതിന്നുശേഷം തൽക്കാലം സ്വർണ്ണത്തെ വിലയുടെ മാനദണ്ഡമാക്കാനുള്ള യാതൊരു നടപടിയും ആവശ്യമില്ലെന്ന തീരുമാനത്തിലാണു് ഗവൎമ്മെണ്ടു് എത്തീട്ടുള്ളതു്.”

അങ്ങനെ, ഇന്ത്യയുടെ അടിസ്ഥാനനാണ്യമെന്ന നിലയിൽ വെള്ളിതന്നെ വാഴാൻ തുടങ്ങി.

**വെള്ളിയുടെ വിലയിടിവു്**

ഇവിടത്തെ കറൻസിയുടെ നിലയേയും വിലയേയും ചോദ്യംചെയ്തുകൊണ്ടു വെള്ളിയുടെ വില പെട്ടെന്നു താഴാൻ തുടങ്ങി. 1872-നു ശേഷമുള്ള രണ്ടു ദശാബ്ദങ്ങളിൽ സ്വർണ്ണത്തിൻെറ വില അതേ തൂക്കത്തിലുള്ള വെള്ളിയുടെ വിലയേക്കാൾ ഏതാണ്ടു 15½ ഇരട്ടിയായിരുന്നു. 1827-നു ശേഷമുള്ള 2 ദശാബ്ദങ്ങളിലാവട്ടെ, സ്വർണ്ണവില വെള്ളിവിലയുടെ 27 ഇരട്ടിയായി വർദ്ധിച്ചു. വെള്ളിയുടെ വിലയിടിവു് എത്ര ഭയങ്കരമായിരുന്നുവെന്നു താഴെക്കാണുന്ന കണക്കുകളിൽനിന്നു വ്യക്തമാവും.

| | | |
|---|---|---|
| 1927-ൽ | വെള്ളിയുടെ വില | 60 പെൻസ് |
| 1873-ൽ | ,, | 57⅞ ,, |
| 1876—80 | ,, | 52¾ ,, |
| 1881—85 | ,, | 50⅝ ,, |
| 1885—90 | ,, | 44⅝ ,, |

ഇങ്ങനെ കുറഞ്ഞു കുറഞ്ഞു 1893 ആകുമ്പോഴേയ്ക്കും വെള്ളിയുടെ വില 37$\frac{11}{16}$ പെൻസായിത്തീൻനു. ഒട്ടാകെ 1873-നും 1893-നുമിടയിൽ വെള്ളിക്കുണ്ടായ വിലയിടിവു് ഏതാണ്ടു് 40 ശതമാനമാണു്.

**വിലയിടിവിൻെറകാരണങ്ങൾ**

1871-ലെ ഫ്രാങ്കോ—പ്രഷ്യ യുദ്ധത്തിലെ വിജയത്തിനുശേഷം ജർമ്മനി തൻെറ അടിസ്ഥാനനാണ്യ

മായിരുന്ന വെള്ളിയുപേക്ഷിച്ചു്, പകരം സ്വർണ്ണംസ്വീകരിച്ചു. ഡെൻമാർക്ക്, സ്വീഡൻ, നോർവെ, ഹോളണ്ടു മുതലായ രാജ്യങ്ങളും വെള്ളിമാനമുപേക്ഷിച്ചു സ്വർണ്ണമാനം നടപ്പിൽ വരുത്തി. വെള്ളിയുടെ നാണ്യപരമായ ഉപയോഗം കുറഞ്ഞതിനാൽ അതിൻെറ ആവശ്യത്തിനും കുറവായി. മാർക്കററിൽ വെള്ളിയുടെ 'സപ്ലൈ' 'ഡിമാൻറി'നെ (വരവു്, ചെലവിനെ) അപേക്ഷിച്ചു കൂടുതലായിത്തീർന്നപ്പോൾ അതിൻെറ വിലയിടിയാൻ തുടങ്ങി. ഇതേ സമയത്തു മറെറാന്നുംകൂടിയുണ്ടായി. വെള്ളിയുടെ ഉൽപാദനം വർദ്ധിക്കുകയും പരിഷ്കരിച്ച ഖനനയന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയതിൻെറ ഫലമായി ഉല്പാദനച്ചിലവു് കുറയുകയും ചെയ്തു. നേരെമറിച്ചു സ്വർണ്ണത്തിൻെറ ഉല്പാദനം കുറയുകയാണു് ചെയ്തതു്. ഒരു ഭാഗത്തു വെള്ളിയുടെ 'സപ്ലൈ' വർദ്ധിക്കുകയും 'ഡിമാണ്ടു്' ചുരുങ്ങുകയും ചെയ്തു. മറുഭാഗത്തു സ്വർണ്ണത്തിൻെറ 'സപ്ലൈ' ചുരുങ്ങുകയും ഡിമാണ്ടു് വർദ്ധിക്കുകയുംചെയ്തു. ഇതായിരുന്നു വെള്ളിയുടെ വിലയിടിവിൻെറ പ്രധാന കാരണം.

ഫലങ്ങൾ

ഉറുപ്പികയിൽ 165 ഗ്രേൻ തനി വെള്ളിയാണടങ്ങിയിരുന്നതു് എന്നു പറഞ്ഞുവല്ലോ. വെള്ളിയുടെ വില 60 പെൻസായിരുന്നപ്പോൾ ഒരുറുപ്പിക ഏതാണ്ടു രണ്ടു ഷില്ലിങ്ങിന്നു സമമായിരുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഉറുപ്പികയുടെ വിനിമയനിരക്കു് അന്നു രണ്ടു ഷില്ലിങ്ങായിരുന്നു. വെള്ളിയുടെ വിലയിടിയുംതോറും

ഉറുപ്പികയുടെ വിനിമയനിരക്കം കുറഞ്ഞു കുറഞ്ഞുവന്നു. 1891_93 ആയപ്പോഴേക്കും വിനിമയനിരക്ക 1 ഷി. 3 പെൻസായിത്തീൎന്നു.

താഴെ കൊടുക്കുന്ന പട്ടിക നോക്കുക:—

| കൊല്ലം— | വെള്ളിയുടെ വില— ഔൺസിന്നു് എത്ര പെൻസ് എന്നു്. | | വിനിമയനിരക്കു്. ക. യ്ക്കു് എത്ര പെൻസ് എന്നു്. |
|---|---|---|---|
| 1872_73 | $59\frac{1}{8}$ | പെൻസ് | 22.351 |
| 1874_75 | $58\frac{5}{16}$ | ” | 22.221 |
| 1875_76 | $56\frac{7}{8}$ | ” | 21.645 |
| 1876_77 | $52\frac{3}{4}$ | ” | 20.491 |
| 1891 മാൎച്ച് 31-ാംനു- | 47 | ” | 18.089 |
| 1893 ” | 39 | ” | 14.984 |

ഉറുപ്പികയുടെ വിനിമയനിരക്കു് ഇപ്രകാരം താഴുന്നതുകൊണ്ടുള്ള ഫലമെന്തെന്നു നോക്കാം. വിനിമയനിരക്ക രണ്ടു ഷില്ലിങ്ങായിരുന്നപ്പോൾ ഒരു പൌണ്ടു പത്തുറുപ്പികയ്ക്കു സമമായിരുന്നു. അതായതു് ഇംഗ്ലണ്ടിൽ ഒരു പൌണ്ടോ ഒരുപൌണ്ടു വിലപിടിച്ച സാധനങ്ങളോ കിട്ടണമെങ്കിൽ ഇവിടെ പത്തുറുപ്പിക കൊടുക്കണം. വിനിമയനിരക്ക താണുതാണു് ഒരുറുപ്പിക 16 പെൻസിന്നു സമമാകുമ്പോൾ ഒരു പൌണ്ടു് 15ക.യ്ക്കു സമമായിത്തീരും. അപ്പോൾ ഇംഗ്ലണ്ടിൽ ഒരു പൌണ്ടാവശ്യമുള്ളവർ ഇവിടെ പത്തുറുപ്പികയല്ല പതിനഞ്ചുറുപ്പിക കൊടുക്കേണ്ടിവരും.

ഉറുപ്പികയുടെ വിനിമയവില ഇടിയുന്നതു കണ്ട പ്പോൾ ഇന്ത്യയിൽനിന്നു് ഇംഗ്ലണ്ടിലേയ്ക്കു് ഉറുപ്പികയയ യ്ക്കുന്നവർ പരിഭ്രമിച്ചു വശായി. വലിയവലിയ ഉദ്യോഗ സ്ഥന്മാർ, ഇന്ത്യയിൽ കച്ചവടംനടത്തി ലാഭം ഇംഗ്ലണ്ടി ലേയ്ക്കു കയററുന്ന വ്യാപാരികൾ മുതലായവരാണിക്കൂട്ടർ. ഓരോ പൌണ്ടിന്നും മുമ്പത്തേക്കാളധികം ഉറുപ്പികയയ യ്ക്കണമെന്നു വരുന്നതു് അവർക്കിഷ്ടമാവുകയില്ലല്ലോ. ഇക്കൂ ട്ടരെ പിന്താങ്ങിക്കൊണ്ടു് ഇംഗ്ലണ്ടിൽനിന്നു ചരക്കുകൾ ഇറക്കുമതി ചെയ്യുന്ന കച്ചവടക്കാരും ബഹളംകൂട്ടി. കാര ണം, ഓരോ പൌണ്ടു വിലയുള്ള ചരക്കിന്നും ഉറുപ്പികക്ക ണക്കിലുള്ള വില കൂടുതലായിത്തീൎന്നതുകൊണ്ടു വില്പന യ്ക്കു കൂടുതൽ വിഷമം നേരിട്ടു.

വിനിമയനിരക്കു് ഇന്ത്യാഗവൎമ്മേണ്ടിൻെറ ബഡ്ജററിനേ യും ബാധിക്കാതിരുന്നില്ല. ഹോം ചാൎജ്ജുകൾ* വകയിൽ ഇന്ത്യാഗവൎമ്മേണ്ടു് അടയ്ക്കേണ്ട സംഖ്യ വൎദ്ധിച്ചു. 1892 —93-ൽ ഹോം ചാൎജ്ജുകൾ വകയിൽ ഇന്ത്യാഗവൎമ്മേണ്ട ടച്ചസംഖ്യ 1 കോടി 65 ലക്ഷം പൌണ്ടായിരുന്നു. അക്കൊ ല്ലത്തെ വിനിമയനിരക്കുപ്രകാരം (1 ഷി. 2.985 പെൻസ്.) ഈ സംഖ്യ 26,47,84,150 ക.യ്ക്കു സമമാണു്. 1873— 74-ലെ നിരക്കു പ്രകാരമാണു് (അതായതു 1 ഷി. 10.3 51 പെൻസ്) അടച്ചിരുന്നതെങ്കിൽ 17,75,19,200 ക.

* (ഇന്ത്യാഗവൎമ്മേണ്ടു് ഇംഗ്ലണ്ടിൽ ചെയ്യുന്ന ചെലവുകൾക്കാ ണു് ഹോംചാൎജ്ജുകൾ എന്നു പറയുന്നതു്. ഇന്ത്യാ ഓഫീസു് സംബ ന്ധിച്ച ചിലവുകൾ, പലിശ, പെൻഷൻ മുതലായവയെല്ലാം ഇതി ലുൾപ്പെടും.

മാത്രം മതിയാകുമായിരുന്നു. ഇങ്ങനെ വിനിമയനിരക്കിലുള്ള മാററം കാരണമായി ഇന്ത്യക്കു 8,72,64,150ക. കൂടുതൽ നഷ്ടമനുഭവിക്കേണ്ടിവന്നു! *

എന്നാൽ, ഇന്ത്യയിലെ ഒരു ഗണ്യമായ ജനവിഭാഗത്തെസ്സംബന്ധിച്ചേടത്തോളം വിനിമയനിരക്കിൻെറ താഴ്ച ഹാനികരമായിരുന്നില്ല. ജനങ്ങൾ വിലകുറഞ്ഞ വെള്ളിവാങ്ങി അതു മുദ്രണശാലയിൽ കൊടുത്തു് ഉറുപ്പികനാണ്യങ്ങളാക്കി മാററാൻ തുടങ്ങി. പ്രചാരത്തിലുള്ള ഉറുപ്പികയുടെ എണ്ണം വൎദ്ധിച്ചു. അതോടൊപ്പം ചരക്കുകളുടെ വിലയിലും വൎദ്ധന കാണപ്പെട്ടു. അന്യനാടുകളിൽനിന്നുള്ള ഇറക്കുമതി ചുരുങ്ങി. (കാരണം വില കൂടുതലുള്ള ഇന്ത്യൻ മാർക്കററിൽ ചരക്കുകൾ വിററു കിട്ടുന്ന പണം സ്വന്തം കറൻസിയിലേക്കു മാററുമ്പോൾ ഇതു മുമ്പത്തേക്കാൾ കുറവായിരിക്കും.) ഇതു വാസ്തവത്തിൽ ഇന്ത്യയുടെ വ്യവസായങ്ങൾക്കും കച്ചവടങ്ങൾക്കും പ്രോത്സാഹനം നല്കുകയാണു് ചെയ്തതു്. വിദേശമേധാവികൾക്കു ശുണ്ഠിപിടിക്കാൻ മറെറന്തു വേണം?

ഈ കുഴപ്പത്തിൽനിന്നു പുറത്തു കടക്കുവാൻ ഫലപ്രദമായ യാതൊരു പരിപാടിയും അധികൃതന്മാൎക്കുണ്ടായിരുന്നില്ല. വിവിധരാജ്യങ്ങളുടെ കറൻസിനയത്തെപ്പററിയും വിനിമയനിരക്കുകളെപ്പററിയും ആലോചിക്കാൻ കൂടിയ സാൎവ്വലൌകികസമ്മേളനങ്ങൾ ഉപയോഗകരമായ വല്ല തീരുമാനത്തിലും എത്തിച്ചേരുമെന്നു് അവർ

* Kaleയുടെ "Gokhale and Economic Refoms", പേജ് 28 നോക്കുക.

ആശിച്ചു. 1867-നും 1892-നും ഇടയിൽ നാലു സാർവ്വലൌകികസമ്മേളനങ്ങൾ നടന്നു. ഒടുവിലത്തേത്—1892-ലെ ബ്രസ്സൽസ് സമ്മേളനം—യാതൊരു തീരുമാനവുമെടുക്കാതെ തെററിപ്പിരിയുകയാണ് ചെയ്തത്.

ഇതിനിടയിൽ ഇന്ത്യാഗവർമ്മെണ്ട് ഇന്ത്യാസിക്രട്ടറിക്കയച്ച ഒരു പ്രസ്താവനയിൽ ഉറുപ്പികയുടെ സ്ഥിതി കൂടുതൽ വഷളായിക്കൊണ്ടുവരികയാണെന്നു ചൂണ്ടിക്കാണിക്കുകയും വെള്ളിനാണ്യങ്ങളടിക്കുന്ന മുദ്രണശാലകൾ പൂട്ടുക, ഇംഗ്ലണ്ടിലെ കറൻസി ഇന്ത്യയിലും പ്രചരിപ്പിക്കുക തുടങ്ങിയ ചില അടിയന്തരനടപടികളെടുക്കേണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഈ അഭിപ്രായങ്ങൾക്കെതിരായി നാടൊട്ടുക്കും വമ്പിച്ച ആക്ഷേപങ്ങൾ പരന്നു. സ്വർണ്ണത്തിൻെറ മറവിൽ നിന്നുകൊണ്ടു വെള്ളിയെ നാണ്യവ്യവസ്ഥയിൽനിന്നു നിഷ്കാസനം ചെയ്യാനുള്ള ഒരു പ്ലാനാണ് നടപ്പിൽ വരാൻ പോകുന്നതെന്നു ജനങ്ങൾ ഭയപ്പെട്ടു. കൽക്കത്തയിലെ ഇന്ത്യൻ അസോസിയേഷൻ ഗവർമ്മെണ്ടിൻെറ നാണ്യനയത്തെ വിമർശിച്ചുകൊണ്ട് ഇങ്ങനെ അഭിപ്രായപ്പെട്ടു:—

"ഇന്ത്യാഗവർമ്മെണ്ടിൻെറ സാമ്പത്തികസ്ഥിതി നന്നാക്കാനുള്ള ശരിയായ മാർഗ്ഗം സൈന്യച്ചെലവു ചുരുക്കുകയും ഇംഗ്ലണ്ടിൽ ചെയ്യേണ്ടിവരുന്ന ചെലവുകൾ കുറയ്ക്കുകയും ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ എണ്ണം ചുരുക്കി അവരുടെ സ്ഥാനത്ത് ഇന്ത്യക്കാരെ നിയമിക്കുകയുമാണ്. ആവശ്യമാണെങ്കിൽ, ഇന്ത്യയിലെ വ്യവസായങ്ങളു

No. 3175



ടെ അഭിവൃദ്ധിക്കോ നാട്ടുകാരുടെ ആവശ്യങ്ങൾക്കോ ഉതകാത്ത വിദേശസാമഗ്രികളുടെ മേൽ അല്പം നികുതി ചുമത്തുകയും ചെയ്യാവുന്നതാണ്."

പക്ഷേ നാട്ടുകാരുടെ ആക്ഷേപങ്ങളെല്ലാം വനരോദനങ്ങളായി കലാശിക്കുകയാണ് ചെയ്തത്. മാത്രമല്ല, വിനിമയനിരക്കു താണതുകൊണ്ടുള്ള 'നഷ്ടം' പരിഹരിക്കാൻ വേണ്ടി വലിയ വലിയ ബ്രിട്ടിഷുദ്യോഗസ്ഥന്മാർക്കു ബത്തകൾ കൊടുക്കാൻ ഗവമ്മേണ്ടു തയ്യാറാവുകയും ചെയ്തു. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് മുതലായ സംഘടനകളുടെ കഠിനമായ ആക്ഷേപങ്ങളെ അവഗണിച്ചുകൊണ്ടു കൊല്ലംതോറും ഒരു കോടിയിലധികം ഉറുപ്പിക ഈ ബത്തകൾവകയ്ക്കു ഗവമ്മേണ്ടു ചിലവിട്ടുകൊണ്ടിരുന്നു.

---

## അദ്ധ്യായം ൩

## കൃത്രിമമായ വിനിമയനിരക്ക്

1890-നു ശേഷം ഇന്ത്യയുടെ നാണയവ്യവസ്ഥ താറുമാറാവാൻ തുടങ്ങി. ഉറുപ്പികയുടെ നിലയുറപ്പിക്കുവാൻവേണ്ടി വെള്ളിനാണ്യങ്ങളടിക്കുന്ന മുദ്രണശാലകൾ പൂട്ടുക, ഇംഗ്ലണ്ടിലെ കറൻസി ഇന്ത്യയിലും പ്രചരിപ്പിക്കുക തുടങ്ങിയ ചില അടിയന്തരനടപടികളെടുക്കണമെന്ന് ഇന്ത്യാഗവമ്മേണ്ട് അഭിപ്രായപ്പെട്ടു. ഗവമ്മേ

ണ്ടിന്റെ ഈ അഭിപ്രായത്തിന്റെ പ്രായോഗികതയെ പ്പററിയാലോചിക്കാൻവേണ്ടി 1892സെപ്റ്റമ്പർ 1-ാംനു- ലോർഡ് ഹെർഷെലിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി നിയമിക്കപ്പെട്ടു. ലണ്ടനിലിരുന്നുകൊണ്ടുതന്നെ ഹെർഷൽക്കമ്മിററി തെളിവുകളെടുക്കാൻതുടങ്ങി. തെളിവു നല്കിയ ഒരേ ഒരു ഇന്ത്യക്കാരൻ ദാദാഭായി നവറോജിയായിരുന്നു. അദ്ദേഹം ഇന്ത്യാഗവമ്മേണ്ടിന്റെ അഭിപ്രായങ്ങളെ കലശലായി എതിക്കുകയാണ് ചെയ്തതു്. നവറോജിയുടെ അഭിപ്രായത്തോടു യോജിച്ചു കൊണ്ടു് ഏതാനും ചില ഇംഗ്ലീഷുകാരും ഇന്ത്യാഗവമ്മേണ്ടിന്റെ നയത്തിൽ ആക്ഷേപം പ്രകടിപ്പിക്കുകയുണ്ടായി.

കമ്മിററിയുടെ റിപ്പോർട്ടു 1893-ൽ പുറത്തുവന്നു. സ്വതന്ത്രമുദ്രണശാല പൂട്ടണമെന്നും 7.53344 ഗ്രേൻ ശുദ്ധസ്വർണ്ണത്തിന്നു് (1 ഷി. 4 പെൻസിന്നു്) ഒരുറുപ്പികയെന്ന തോതിൽ സ്വർണ്ണം വാങ്ങി ഉറുപ്പികയടിച്ചു കൊടുക്കുവാൻ ഗവമ്മേണ്ടു തയ്യാറാവണമെന്നും ഉറുപ്പികക്കു 1 ഷി. 4 പെൻസ് എന്ന നിരക്കിൽ സ്വർണ്ണനാണ്യങ്ങൾ ഗവമ്മേണ്ടുഖജാനകളിൽ സ്വീകരിക്കപ്പെടണമെന്നും ഉറുപ്പിക മേലിലും 'ലീഗൽ ടെൻഡറാ'യി പ്രചരിപ്പിക്കണമെന്നുമായിരുന്നു കമ്മിററിയുടെ പ്രധാന ശുപാശ്കൾ. അടിസ്ഥാനനാണ്യമെന്ന നിലക്കു വെള്ളിക്കുള്ള സ്ഥാനം എടുത്തുകളയണമെന്നു ശുപാശ്ചെയ്ത കമ്മിററി ഇന്ത്യയിൽ സ്വർണ്ണമാനവ്യവസ്ഥയേപ്പെടുത്തണമെന്നു് ആവശ്യപ്പെടുകയുണ്ടായില്ല. സ്വർണ്ണ

മാനത്തിന്റെ കാര്യം ഭാവിക്കു വിട്ടുകൊടുക്കുകയും തല്ക്കാലം ഉറുപ്പികയുടെ വിനിമയനിരക്കു 16 പെൻസായിരിക്കണമെന്ന് അഭിപ്രായപ്പെടുകയുമാണ് അവർ ചെയ്തത്. ഈ അഭിപ്രായം ഇന്ത്യയുടെ വൈയവസായികതാൽപര്യങ്ങൾക്കെതിരായിരുന്നുവെന്നു മനസ്സിലാക്കാൻ വിഷമമില്ല. കമ്മിററിയുടെ റിപ്പോർട്ടു പ്രസിദ്ധം ചെയ്ത ദിവസം വിനിമയനിരക്ക് 14.625 പെൻസായിരുന്നു. കമ്മിററിയുടെ ശുപാശ്കളനുസരിച്ച 7.53344 ഗ്രേൻ സ്വർണ്ണത്തിന്ന് (അതായതു 16 പെൻസിന്ന്) 1ക. എന്ന തോതിൽ ഉറുപ്പിക കൊടുക്കുവാൻ ഗവമ്മേണ്ടു തയ്യാറാവേണ്ടിവന്നു. വിനിമയനിരക്ക് ഇപ്രകാരം ഉയത്തിയാൽ ഇന്ത്യയുടെ വ്യവസായത്തിന്ന് ഉടവുതട്ടുമെന്ന് ഇന്ത്യൻവ്യവസായനേതാക്കന്മാർ താക്കീതു നല്കുകയുണ്ടായി. പക്ഷേ ഫലമൊന്നുമുണ്ടായില്ല.

### 1893–ലെ മുദ്രണനിയമം

ഹെർഷൽക്കമ്മിററിയുടെ ശുപാശ്കളെ പറയത്തക്ക മാററമൊന്നും കൂടാതെതന്നെ ഗവമ്മേണ്ടു സ്വീകരിച്ചുകൊണ്ട് '1893_ലെ എട്ടാം ആക്റ്റ്' എന്ന പേരിലറിയപ്പെടുന്ന ഒരു നിയമം പസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്ത വ്യവസ്ഥകൾ നടപ്പിൽ വരുത്തുകയും ചെയ്തു.

1. ഉറുപ്പികക്കു 7.53344 ഗ്രേൻ ശുദ്ധ സ്വർണ്ണം (1ഷി. 4പെ.) എന്ന നിരക്കിൽ സ്വർണ്ണനാണയങ്ങൾക്കും സ്വർണ്ണലോഹക്കട്ടികൾക്കും പകരമായി ഉറുപ്പിക നല്കുവാൻ മുദ്രണശാലകൾ തയ്യാറായിരിക്കും.

2. ഗവമ്മേണ്ടിലേയ്ക്കുള്ള അടവുകഠംക്കു പവനും (സോവറിൻ) അരപ്പവനും ഉപയോഗിക്കാവുന്നതാണ്. പവന്നു 15ക. (അരപ്പവന്നു $7\frac{1}{2}$ക.) എന്ന തോതിൽ ഗവമ്മേണ്ടു് അവയെ സ്വീകരിക്കുന്നതാണ്.

3. ഇതേ നിരക്കിൽ സ്വണ്ണത്തിന്നു പകരമായി കറൻസിനോട്ടുകളും അടിച്ചിറക്കുന്നതായിരിക്കും.

ഇങ്ങനെ 1835 മുതൽക്കു നിലനിന്നുപോന്ന വെള്ളിമാനവ്യവസ്ഥ ഉപേക്ഷിക്കപ്പെട്ടു. മുദ്രണശാലകളിൽ വെള്ളി കൊടുത്തു് ഉറുപ്പികയടിച്ചുവാങ്ങുവാൻ നാട്ടുകാക്കധികാരമില്ലാതായി. 1893-നുശേഷം ഉറുപ്പികനാണ്യങ്ങഠം വെള്ളികൊണ്ടുള്ളവയല്ലാതായിയെന്നു് ഇതിന്നത്ഥമില്ല. മുമ്പത്തെപ്പോലെതന്നെ ആക്ടിന്നുശേഷവും ഉറുപ്പികനാണ്യത്തിൽ 180 ഗ്രേൻ സ്റ്റാൻഡേർഡ് വെള്ളി ($\frac{11}{12}$ ഭാഗം ശുദ്ധമായതു്) അടങ്ങിയിരുന്നു. പക്ഷേ ആക്ടിന്നു മുമ്പു് ഉറുപ്പികയുടെ വില അതിലടങ്ങിയ വെള്ളിയുടെ വിലയായിരുന്നു. ഇപ്പോഠം അങ്ങനെയല്ലാതായി. ഉറുപ്പികനാണ്യം അതിലടങ്ങിയ വെള്ളിയുടേതിനേക്കാഠം കൂടുതൽ വിലയെ പ്രതിനിധീകരിക്കാൻ തുടങ്ങി. മററൊരുവിധത്തിൽ പറഞ്ഞാൽ ഉറുപ്പിക വെറുമൊരു ടോക്കൻ (പ്രതീക) നാണ്യമായി മാറി. വെള്ളിയുടെ വില എത്രതന്നെ കുറഞ്ഞാലും ഒരുറുപ്പിക പതിനാറു പെൻസിന്നു്, അതായതു് 7.53344 ഗ്രേൻ സ്വണ്ണത്തിന്നു സമമാണെന്നു വിധിക്കപ്പെട്ടു. ഇതുവരെയും സ്വതന്ത്രനാണ്യമായിരുന്ന വെള്ളിയുറുപ്പിക ബ്രിട്ടീഷുകറൻസിയുടെ അടിമയായി മാറി.

ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. വിനിമയനിരക്ക് ഉറുപ്പികക്കു 16 പെൻസായി നിജപ്പെടുത്തുക എന്നുവെച്ചാൽ സ്വർണ്ണമാനം നടപ്പിൽ വരുത്തുക എന്നർത്ഥമില്ല. ഉറുപ്പികക്കു 16 പെൻസ് എന്ന തോതിൽ സ്വർണ്ണത്തിന്നു പകരം ഉറുപ്പിക കൊടുക്കാൻ ഗവർമ്മേണ്ടു തയ്യാറായി എന്നതു ശരിതന്നെ. പക്ഷേ, അതേ സമയത്ത്, നിശ്ചിതമായ നിരക്കനുസരിച്ച് ഉറുപ്പികക്കു പകരം സ്വർണ്ണം കൊടുക്കാൻ അവർ തയ്യാറുണ്ടായിരുന്നില്ല! അതിനാൽ 1893-ലെ ആക്ട് പ്രകാരം നടപ്പിൽ വന്ന വ്യവസ്ഥ സ്വർണ്ണമാനമാണെന്നു പറഞ്ഞുകൂടാ. നോട്ടുകൾക്കും ഉറുപ്പികനാണ്യങ്ങൾക്കും പകരം സ്വർണ്ണം കൊടുക്കാൻ ഗവർമ്മേണ്ടു തയ്യാറാണെങ്കിൽ മാത്രമേ അതു സ്വർണ്ണമാനവ്യവസ്ഥയാവുകയുള്ളു.

## ആക്ടിൻെറ ഉദ്ദേശ്യം

ഉറുപ്പികയുടെ വിനിമയനിരക്ക താഴ്ന്നതുകൊണ്ടു ഗവർമ്മേണ്ടിൻെറ ധനകാര്യനയത്തിൽ കുഴപ്പമുണ്ടാവുമെന്നും ഹോം ചാർജ്ജുകൾ, സിവിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മുതലായ ഇനങ്ങളിൽ കൂടുതൽ പണം ചിലവഴിക്കേണ്ടിവരുമെന്നും അതുകൊണ്ട് ഉറുപ്പികയെ പതിനാറു പെൻസുമായി കൂട്ടിയുറപ്പിക്കുന്നതു നല്ലതാണെന്നും മററുമാണ് ഹെർഷൽക്കമ്മിററിയുടെ തീരുമാനങ്ങളെ ശരിവെച്ചവർ വാദിച്ചത്. ഈ വാദങ്ങളിൽ യാതൊരു കഴമ്പുമില്ലെന്നു കാണാൻ വിഷമമില്ല. ഗവർമ്മേണ്ടിൻെറ ധനകാര്യനയത്തിൽ കുഴപ്പം നേരിട്ടുവെങ്കിൽ അ

തിന്നു വെള്ളിയെ കുററം പറഞ്ഞിട്ടു കാൎയ്യമില്ല. [ ചെല വു വരവിനേക്കാൾ വൎദ്ധിപ്പിക്കുകയും അനാവശ്യമായ പല യുദ്ധങ്ങളിലും വാരിക്കോരിച്ചെലവഴിച്ചു പണമെല്ലാം ഇന്ത്യയുടെ തലയിൽ വെച്ചുകെട്ടുകയും ചെയ്യുന്ന ഒരു ഗവൎമ്മേണ്ടിന്നു സാമ്പത്തികവിഷമതകൾ ഇല്ലാതാവുക എങ്ങനെയാണ്? ഇരിക്കട്ടെ, സാമ്പത്തികവിഷമതകൾ പരിഹരിക്കാൻ പണം ആവശ്യമാണെന്നുതന്നെ വിചാരിക്കുക. ഗവൎമ്മേണ്ടിന്നു സാമ്പത്തികവിഷമതകളുണ്ടെങ്കിൽ ഇന്ത്യയുടെ പൊതുതാൽപൎയ്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ പുതിയ നികുതികൾ ചുമത്താൻ ഒരുങ്ങാമായിരുന്നില്ലേ? വിദേശസാമാനങ്ങളുടെമേൽ ഇറക്കുമതിച്ചുങ്കം ചുമത്തണമെന്ന് ഇന്ത്യക്കാർ എത്രയോ തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. 1875-ൽ ഡ്യൂട്ടി 5 ശതമാനം മാത്രമായിരുന്നു. വസ്ത്രങ്ങളുടെ ഇറക്കുമതിക്ക് അനാശാസ്യമായ ആനുകൂല്യങ്ങളാണ് അനുവദിക്കപ്പെട്ടിരുന്നത്. 1882-ൽ ഉപ്പ് മദ്യം എന്നിവയൊഴിച്ചു മറെറല്ലാ ചരക്കുകളിൽനിന്നും ഇറക്കുമതിച്ചുങ്കം എടുത്തുകളഞ്ഞു. അതിനുശേഷം കുറെക്കാലത്തേയ്ക്കു പറയത്തക്ക യാതൊരു നികുതിഭാരവും കൂടാതെയാണ് വിദേശസാമാനങ്ങൾ ഇന്ത്യയിൽ വന്നുകൊണ്ടിരുന്നത്. വിദേശസാമഗ്രികളുമായി വിജയകരമാംവിധം മത്സരിക്കാനാവാഞ്ഞതുകൊണ്ട് ഇന്ത്യയുടെ സാമ്പത്തികപുരോഗതിക്കു വിഘ്നം നേരിട്ടു. ( മുദ്രണനിയമത്തിന്റെ സഹായത്തോടുകൂടി ഉരുപ്പികയുടെ പ്രചാരത്തിൽ കൃത്രിമമായ കുറവു വരുത്തുകയെന്ന നയം തീൎച്ചയായും

വ്യവസായത്തിൻെറ പോഷണത്തിന്നനുകൂലമാവുകയില്ല. പക്ഷേ, ഇന്ത്യയെ ഒരു വൈയവസായികരാജ്യമായി ഉയൎത്താനല്ല, എന്നെന്നും ഒരു കൃഷികരാജ്യമാക്കിവെച്ചു ചൂഷണം ചെയ്യാനാണ് ബ്രിട്ടീഷുമുതലാളികൾ ആഗ്രഹിച്ചതു്.

ഉറുപ്പികയുടെ വിലയിടിവു കാരണമായി ഇന്ത്യയുടെ ബഡ്ജറ്റിലുണ്ടായ അധികച്ചെലവു നികത്താൻ ഗവമ്മേണ്ടു് കൈക്കൊണ്ട നയം മറുനാടൻചരക്കുകളുടെ മേൽ ചുങ്കം ചുമത്തുകയെന്നതല്ല, നാട്ടുകാരുടെ നികുതിഭാരം വൎദ്ധിപ്പിക്കുകയെന്നതാണ്. ഉറുപ്പികയുടെ വിലയിടിഞ്ഞതുകൊണ്ടു കാൎഷികോല്പന്നങ്ങളുടെ വില വൎദ്ധിച്ചിട്ടുണ്ടെന്നും അതുകൊണ്ടു് നികുതി വൎദ്ധിപ്പിക്കുന്നതു ന്യായം മാത്രമാണെന്നും ഗവമ്മേണ്ടുപക്ഷക്കാർ വാദിച്ചു. ആർ. സി. ദത്തു് എഴുതുന്നു:—

"അരിയുടേയും ഗോതമ്പിൻെറയും ഉറുപ്പികക്കണക്കിലുള്ള വില വൎദ്ധിക്കുന്നതു കണ്ടപ്പോൾ സെററിൽമെൻറു് ആഫീസർ നിലനികുതി വൎദ്ധിപ്പിക്കാനൊരുങ്ങി. നിലത്തിന്മേലുള്ള പാട്ടവും നികുതിയും സെസ്സ് മുതലായ പ്രാദേശികനികുതികൾപോലും വൎദ്ധിപ്പിക്കപ്പെട്ടു. കച്ചവടക്കാൎക്കു ഉറുപ്പികക്കണക്കിൽ കൂടുതൽ ആദായമുണ്ടാവാൻ തുടങ്ങിയപ്പോൾ ആദായനികുതി കണക്കാക്കുന്ന ഉദ്യോഗസ്ഥൻ തൻെറ ഡിപ്പാൎട്ടുമെൻറിൻെറ പിരിവുകളും വൎദ്ധിപ്പിച്ചു" *

* R. C. Dutt—Economic History of India.

ഇന്ത്യയുടെ കട്ടാകെയുള്ള നികുതി 1870_71ൽ 20,62,28,230ക. യായിരുന്നതു് 1890_91 ആകുമ്പോഴേയ്ക്കും 24,04,52,090ക. യായി വൎദ്ധിച്ചു.* ആദായനികുതി 1886_87ൽ 135,47,000ക. യായിരുന്നതു 1896_97ൽ 187,28,000ക. യായിത്തീൎന്നു. 1882 85 കൊല്ലങ്ങളിലെ നികുതിയുടെ തോതിനെ അടിസ്ഥാനപ്പെടുത്തി നോക്കുകയാണെങ്കിൽ 1885മുതൽ 1898വരെയുള്ള 14 കൊല്ലങ്ങളിൽ ഗവൎമ്മേണ്ടു ജനങ്ങളിൽനിന്നു 120 കോടിയുറുപ്പിക കൂടുതൽ ഈടാക്കിയെന്നും അതിൽ 80 കോടിയും സൈന്യച്ചെലവുകൾക്കുവേണ്ടിയാണു് വിനിയോഗിച്ചതെന്നും വിദ്യാഭ്യാസത്തിന്നു് ഒരു കോടി ഉറുപ്പികമാത്രമേ ചെലവഴിച്ചുള്ളുവെന്നും ഗോപാലകൃഷ്ണഗോഖലെ തൻെറ ഒരു പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ഇങ്ങനെ ഉറുപ്പികയുടെ സ്വൎണ്ണവിലയിടിഞ്ഞതിൻെറ ഫലമായി ഹോം ചാൎജ്ജുകളും മററു ചെലവുകളും ചുരുക്കാൻ ശ്രമിക്കുകയല്ല, അവ നികത്താൻവേണ്ടി നാട്ടുകാരിൽനിന്നു കൂടുതൽ നികുതി പിരിച്ചെടുക്കുകയാണു് ഗവൎമ്മേണ്ടു ചെയ്തതു്. ഒടുവിൽ ഉദ്യോഗസ്ഥന്മാരുടെ ബത്തകൾ, വിലയിടിവിന്നുള്ള പ്രതിഫലങ്ങൾ മുതലായവയുടെ പേരിൽ പണം വാരിക്കോരി ചെലവു ചെയ്യപ്പെട്ടു. ഗവൎമ്മേണ്ടിൻെറ അധികച്ചെലവുകളും നാട്ടുകാരുടെ നികുതിഭാരവും ചുരുക്കണമെന്നു നാട്ടിൽ പ

---

* K. T. Shah. Sixty years of Indian Finance P. 224.

ലേടത്തും പ്രക്ഷോഭമുണ്ടായിരുന്നുവെങ്കിലും അതൊന്നും വകവെയ്ക്കാതെ ഗവമ്മേണ്ടു തങ്ങളുടെ ആപല്ക്കരമായ ധനകാൎയ്യനയം തുടൎന്നുപോവുകയാണ് ചെയ്തതു്. ചുരുക്കിപ്പറഞ്ഞാൽ വെള്ളിയുടെ വിലയിടിവാണ് ഇന്ത്യയിലെ കൃത്രിമമായ കറൻസിവ്യവസ്ഥയുടെ സ്ഥാപനത്തിന്നു കാരണമെന്നു വാദിക്കുന്നതു് അസംബന്ധമാണ്. വാസ്തവത്തിൽ സാമ്പത്തികവിഷമതകളെ പരിഹരിക്കാനാണെന്ന പേരിൽ ശൈശവാവസ്ഥയിലുള്ള ഇന്ത്യൻ വ്യവസായങ്ങളുടെ വളൎച്ചയെ തടഞ്ഞുനിൎത്തുകയും അങ്ങനെ ബ്രിട്ടീഷുസ്ഥാപിതതാൽപൎയ്യങ്ങളെ സംരക്ഷിക്കുകയും ചെയ്യാനാണ് കറൻസിപരിഷ്ക്കരണംകൊണ്ടു് അധികൃതന്മാർ ഉദ്ദേശിച്ചതു്.

വെള്ളിയുടെ വിലയിടിവിനെത്തുടൎന്നുകൊണ്ടു് ഇന്ത്യയുടെ വ്യവസായങ്ങൾ, വിശേഷിച്ചും വസ്ത്രവ്യവസായം അഭിവൃദ്ധിപ്പെടാൻ തുടങ്ങിയിരുന്നു. 1876—77ൽ 47 പരുത്തിമില്ലുകൾ മാത്രമാണുണ്ടായിരുന്നതു്. 1891—92ലാകട്ടെ മില്ലുകളുടെ എണ്ണം 127 ആയിത്തീൎന്നു. ഈ കാലത്തിന്നുള്ളിൽ സ്പിൻഡിലുകൾ 1,100,112ൽ നിന്നു 3,274,988 ആയും ലൂമുകൾ 9139-ൽനിന്നു 24670 ആയും വൎദ്ധിച്ചു.* ഇന്ത്യയിലെ പരുത്തിമില്ലുകൾ ചീന മുതലായ വിദേശമാൎക്കറ്റുകളിൽപ്പോലും മാഞ്ചെസ്റ്റർമില്ലുകളോടു മത്സരിക്കാൻ തുടങ്ങി. മാഞ്ചെസ്റ്ററിലെ മുതലാളികൾ ഇതെങ്ങനെ പൊറുക്കും? ഉറുപ്പികയ

---

* ജി. ഡി. ബിൎല, "രൂപയെ കി കഥാനീ"

യുടെ വിനിമയനിരക്ക് ഉയൎത്തണമെന്നും അതിന്നായി വെള്ളിയുടെ സ്വതന്ത്രമുദ്രണം ഇന്ത്യയിൽ നിയമവിരുദ്ധമാക്കണമെന്നും അവർ പ്രക്ഷോഭം കൂട്ടാൻ തുടങ്ങി. ശൈശവാവസ്ഥയിലുള്ള ഇന്ത്യൻ വ്യവസായങ്ങളുടെ കഴുത്തറുക്കണമെന്ന വാശിപിടിച്ച മാഞ്ചെസ്റ്ററിൻേറയും ലങ്കാഷയറിൻേറയും ആഗ്രഹവും വാശിയുമാണ് 1893-ലെ നാണ്യനയപരിഷ്കാരത്തിൽ നിഴലിച്ചുകാണുന്നതു്.

നാട്ടുകാരുടെ സംഘടനകളും നേതാക്കന്മാരും ഗവൎമ്മേണ്ടിൻെറ നാണ്യനയത്തെ ശക്തിയായെതിൎത്തുനോക്കി. 1893 ഡിസമ്പറിൽ ലാഹോറിൽവെച്ചു കൂടിയ കോൺഗ്രസ്സ് സമ്മേളനം പാസ്സാക്കിയ ഒരു പ്രമേയം ഇങ്ങനെ പറയുന്നു:—"ഗവൎമ്മേണ്ടു നിയമംമൂലം വെള്ളിയുടെ സ്വതന്ത്രമുദ്രണം നിൎത്തിയിരിക്കുന്നുവെന്നതിൽ ഈ കോൺഗ്രസ്സ് വ്യസനം രേഖപ്പെടുത്തുന്നു. കാരണം ഉറുപ്പികയുടെ വില കൃത്രിമമായി ഉയൎത്തുകയെന്നതു നാട്ടുകാരുടെ മേൽ പരോക്ഷമായ നികുതി ചുമത്തലാണ്. ഈ നയംകൊണ്ടു നമ്മുടെ വ്യാപാരത്തിന്നും വ്യവസായങ്ങൾക്കും—പ്രത്യേകിച്ചു വസ്ത്രമില്ലുകൾക്ക—വലിയ ഹാനിതട്ടിയിരിക്കുന്നു."

പക്ഷേ നാട്ടുകാരുടെ ഇത്തരം ആക്ഷേപങ്ങളൊന്നും അധികൃതന്മാർ ചെവിക്കൊള്ളുകയുണ്ടായില്ല.

### ആക്ടിൻെറ പ്രവൎത്തനം

ആക്ട് നടപ്പിൽ വന്നതിന്നുശേഷവും ആദ്യത്തെ ഏതാനും കൊല്ലങ്ങളിൽ വിനിമയനിരക്ക് 16 പെൻ

സിനേക്കാൾ എത്രയോ കുറഞ്ഞുപോയിരുന്നു. 1894-ൽ വിനിമയനിരക്കു 1ഷി. 1പെൻസുമാത്രമായിരുന്നു. 16 പെൻസുവീതം കൊടുത്ത് ഉറുപ്പിക വാങ്ങാൻ ആളുകൾ തയ്യാറാവുമെന്നാണ് ഗവർമ്മേണ്ടു പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ഉറുപ്പികയുടെ വില ഇടിഞ്ഞുകൊണ്ടേയിരുന്നതിനാൽ അവരുടെ പ്രതീക്ഷകൾ ഫലിക്കുകയുണ്ടായില്ല. ഗവർമ്മേണ്ടിൻെറ നിയമങ്ങൾക്കു ധനശാസ്ത്രതത്വങ്ങളോടു പൊരുതി ജയിക്കാൻ കഴിഞ്ഞില്ല. മുദ്രണശാലകൾ പൂട്ടിയതിന്നുശേഷവും സ്വർണ്ണം കൊടുത്താൽ പകരം ഉറുപ്പിക നല്കുവാൻ ഗവർമ്മേണ്ടുഖജാനകൾ തയ്യാറായിരുന്നുവെന്നതു വാസ്തവമാണ്. എന്നാൽ സ്വർണ്ണത്തിന്നു ഗവർമ്മേണ്ടു കൊടുക്കുന്നതിനേക്കാളധികം വില മാർക്കററിൽ കിട്ടുമെങ്കിൽ ഗവർമ്മേണ്ടുഖജാനകളിലേക്കു് ആരാണ് പോവുക? 7.53344 ഗ്രേൻ സ്വർണ്ണത്തിന് ഒരുറുപ്പികയാണ് ഗവർമ്മേണ്ടു കൊടുത്തിരുന്നത്. പക്ഷേ ഇത്രയും സ്വർണ്ണത്തിന്നു മാർക്കററിൽ ഒരുറുപ്പികയേക്കാളധികം വിലയുണ്ടായിരുന്നു. മാർക്കററു നിലവാരം ഉറുപ്പികക്കു 15 പെൻസാണെന്നിരിക്കട്ടെ. 15 പെൻസിന്നു കിട്ടുന്ന ഒരുറുപ്പിക 16 പെൻസു കൊടുത്തു ഗവർമ്മേണ്ടിൻെറ കയ്യിൽനിന്നു വാങ്ങാൻ ആരെങ്കിലും ഇഷ്ടപ്പെടുമോ? അപ്പോൾ ഗവർമ്മേണ്ടിൻെറ നാണ്യനയത്തിന്നു വിജയമുണ്ടായില്ലെങ്കിൽ അതിലത്ഭുതപ്പെടാനൊന്നുമില്ല. തങ്ങളുടെ പുതിയ നയത്തിന്നു വേണ്ടത്ര വിജയമുണ്ടാവില്ലെന്നു കണ്ടപ്പോൾ ഗവർമ്മേണ്ടു് ഒരു സൂത്രം പ്രയോഗിച്ചു. ഉറുപ്പികയുടെ പ്രചാരത്തെ ബലാൽക്കാ

രമായി കുറച്ചുവെങ്കിൽ, ഡിമാണ്ടിന്നു യോജിച്ച സപ്ലൈ ഇല്ലാതാക്കിയാൽ, ഉറുപ്പികക്കു കൂടുതൽ വിലയുണ്ടാകുമെന്നവർ തീൎച്ചയാക്കി. സ്വതന്ത്രമുദ്രണശാല പൂട്ടിക്കഴിഞ്ഞതുകൊണ്ടു നാണ്യമടിക്കാനുള്ള അധികാരം ഗവൎമ്മേണ്ടിന്നു മാത്രമായിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു പുതിയ നാണ്യങ്ങൾ അടിച്ചിറക്കാതിരിക്കുക എന്നൊരു വിചിത്രനയം ഗവൎമ്മേണ്ടിന്നു കൈക്കൊള്ളുവാൻ കഴിഞ്ഞു. മാത്രമല്ല, പ്രചാരത്തിലുള്ള ഉറുപ്പികനാണ്യങ്ങളുടെ ഒരു ഭാഗം പിൻവലിച്ച് ഉരുക്കിവെള്ളിയാക്കി മാററാൻപോലും അവർ മുതിൎന്നു. ഈ കൃത്രിമമായ നാണ്യനയത്തിൻെറ ഫലമായി 1898 ആകുമ്പോഴേയ്ക്കും വിനിമയനിരക്ക് 16 പെൻസിന്നടുത്തെത്തുകതന്നെ ചെയ്തു. മുദ്രണശാലകൾ പൂട്ടിയതിന്നുശേഷം വെള്ളിയുടെ വിലയിലും വിനിമയനിരക്കിലും ഉണ്ടായ മാററങ്ങൾ താഴെ കൊടുക്കുന്നു.

| കൊല്ലം | വെള്ളിയുടെ വില | വിനിമയനിരക്ക് |
|---|---|---|
| 1894—95 | $28\frac{15}{16}$ പെൻസ് | 13.101 പെൻസ് |
| 1895—96 | $29\frac{7}{8}$ ,, | 13.638 ,, |
| 1896—97 | $30\frac{3}{4}$ ,, | 14.451 ,, |
| 1897—98 | $27\frac{9}{16}$ ,, | 15.354 ,, |
| 1898—99 | $26\frac{15}{16}$ ,, | 15.978 ,, |

മറെറാരു രാജ്യത്തിലും കാണാൻ സാധിക്കാത്ത ഈ വിചിത്രമായ കറൻസിനയത്തിൻെറ ഫലം കഠിനമാ

യിരുന്നു. ഇന്ത്യയുടെ വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും ആവശ്യമായത്ര നാണ്യങ്ങൾ നാട്ടിലില്ലെന്നായി. ഡിമാണ്ടിന്നനുസരിച്ച് ഉറുപ്പിക കിട്ടാനില്ലെന്നായപ്പോൾ കച്ചവടക്കാൎക്കും വ്യവസായികൾക്കും വലിയ വിഷമം നേരിട്ടു. ബാങ്കിലെ പലിശനിരക്ക 13 ശതമാനമായി ഉയൎന്നു. എന്നിട്ടും 24 ശതമാനം പലിശ കൊടുത്താൽക്കൂടി ഉറുപ്പിക കടം കിട്ടാനില്ലെന്നായി. വ്യവസായത്തിന്നു ഹാനി തട്ടത്തക്കവിധത്തിൽ ചരക്കുകളുടെ വിലയിടിയാൻ തുടങ്ങി. 1898 ആഗസ്റ്റ് 6-ാംനു-ത്തെ 'Times of India' ഇങ്ങനെ എഴുതുകയുണ്ടായി:—"സ്ഥിതിഗതികൾ നന്നാവുന്നതിന്നു പകരം അധികമധികം ചീത്തയായിക്കൊണ്ടുവരികയാണ്. മുമ്പൊരിക്കലും കേട്ടിട്ടോ കണ്ടിട്ടോ ഇല്ലാത്തത്ര മോശമായ കാലമാണ് ഇത്. മിക്ക മില്ലുകളും നഷ്ടത്തിലാണ് പ്രവൎത്തിക്കുന്നത്. ചില മില്ലുകൾ ചെലവു ചെയ്ത സംഖ്യമാത്രം കിട്ടിയതുകൊണ്ടു തൃപ്തിപ്പെടുന്നു. ലാഭമുണ്ടാകുന്ന മില്ലുകൾ വളരെ കുറവാണ്. ഈ ദുഷ്കാലം എപ്പോളാണവസാനിക്കുക എന്നറിഞ്ഞുകൂടാ." *

ഈ മാന്ദ്യം ഇന്ത്യയുടെ കയറ്റുമതിവ്യാപാരത്തേയും ബാധിക്കാതിരുന്നില്ല. താഴെ കാണുന്ന കണക്കുകൾ നോക്കുക:—

---

* ജി. ഡി. ബിർലായുടെ 'രുപയെ കി കഹാനി' യിൽ ഉദ്ധരിച്ചത്.

മിച്ചക്കയററമതി

| കൊല്ലം | ഇറക്കുമതിയേക്കാൾ കയററുമതി എത്ര അധികമെന്നു്. | വിനിമയ നിരക്ക് |
|---|---|---|
| 1893_94 | 15 കോടി ക. | 14.54 പെൻസ് |
| 1894_95 | 34 ,, | 13.10 ,, |
| 1895_96 | 32 ,, | 13.64 ,, |
| 1896_97 | 20 ,, | 14.45 ,, |
| 1897_8 | 11 ,, | 15.40 ,, |

ക്ഷാമം, ഭൂകമ്പം, പകച്ചവ്യാധികൾ, അതിർത്തിയുദ്ധം എന്നിവയെല്ലാം കയററുമതി കുറയാനുള്ള കാരണങ്ങളാണെന്നു പറയപ്പെടാറുണ്ടു്. പക്ഷേ ഗവൎമ്മേണ്ടിൻെറ നാണ്യനയവും അതിന്നു് ഏറെക്കുറെ ഉത്തരവാദിയാണെന്ന വാസ്തവം മറച്ചുവെയ്ക്കാവതല്ല.

ഉറുപ്പികയുടെ വില കൃത്രിമമായി വൎദ്ധിപ്പിച്ചാൽ മാത്രമേ വിനിമയനിരക്കു 16 പെൻസാക്കി നിൎത്തുവാൻ കഴിയൂ എന്നു വരുന്നതു തീൎച്ചയായും ഗവൎമ്മേണ്ടു് തുടരുന്ന നാണ്യനയത്തിൻെറ കൊള്ളരുതായ്മയെയാണു് കാണിക്കുന്നതു്. പക്ഷേ, എന്തായിട്ടും ഇന്ത്യയുടെ കച്ചവടങ്ങൾക്കും വ്യവസായങ്ങൾക്കും ഹാനി തട്ടുന്നുണ്ടോ എന്നല്ല വിനിമയത്തോതു വിഘ്നംകൂടാതെ വാഴുന്നുണ്ടോ എന്നു മാത്രമാണു് ഗവൎമ്മേണ്ടു ശ്രദ്ധിച്ചതു്.

സ്വൎണ്ണവിനിമയമാററം

ഉറുപ്പികയുടെ വിനിമയനിരക്കു പതിനാറു പെൻസാക്കി നിലനിൎത്തണമെങ്കിൽ ഉറുപ്പികനാണ്യങ്ങൾ ഇ

നിയും പ്രചാരത്തിൽനിന്നു പിൻവലിച്ച് ഉരുക്കി വി ല്ക്കേണ്ടതാണെന്നു ഗവമ്മേണ്ട് അഭിപ്രായപ്പെട്ടു. ഉറു പ്പികകളു പിൻബലമായി ഒരു സ്വണ്ണനിധിഃയപ്പെടുത്ത ണമെന്നും സാധിക്കുമെങ്കിൽ സ്വണ്ണമാനത്തെ അടി സ്ഥാനപ്പെടുത്തിയ വല്ല കറൻസിയും നടപ്പിൽ വരു ത്തണമെന്നും അവക്കഭിപ്രായമുണ്ടായിരുന്നു. ഈ അഭി പ്രായങ്ങളെപ്പററി പ്രത്യേകമായും ഇന്ത്യയുടെ നാണ്യന യത്തെപ്പററി പൊതുവിലും അന്വേഷണം നടത്താൻ വേണ്ടി 1898-ൽ സർ ഹെൻറി ഫൌളറുടെ അദ്ധ്യക്ഷത യിൽ ഒരു കമ്മിററി നിയമിക്കപ്പെട്ടു. ഇന്ത്യയുടെ പരി തഃസ്ഥിതികൾക്കനുയോജ്യമായ ഒരു കറൻസിവ്യവസ്ഥ കണ്ടുപിടിക്കുകയെന്നതായിരുന്നു കമ്മിററിയുടെ പ്രധാ നമായ പ്രവൃത്തി. കമ്മിററിയുടെ മുമ്പാകെ തെളിവു കൊടുത്തവരിൽ ഇന്ത്യക്കാരായി രണ്ടു പേർ—പ്രസിദ്ധ സാമ്പത്തികശാസ്ത്രജ്ഞനായ രമേശ് ചന്ദ്രദത്തും (പി ന്നീടു കോൺഗ്രസ്സ് പ്രസിഡണ്ട്) മേർവാൻജി റംസ്റ്റംജി എന്ന ഒരു പാർസിവ്യാപാരിയും—മാത്രമാണുണ്ടായിരു ന്നതു്. രണ്ടു പേരും ഗവമ്മേണ്ടിൻെറ നാണ്യനയത്തെ കഠിനമായി വിമശിക്കുകയുണ്ടായി. രമേശ് ചന്ദ്രദത്തു് പറഞ്ഞു:—"മുദ്രണശാലകൾ പൂട്ടിയതിനെത്തുടന്നു് ഇ ന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും—പഞ്ചാബ്, ഐ ക്യസംസ്ഥാനം, ബങ്കാൾ, ബോംബെ, മദ്രാസ്സ്, ആസ്സാം, മദ്ധ്യസംസ്ഥാനം എന്നീ സംസ്ഥാനങ്ങളിലെല്ലാം—ധാ ന്യങ്ങളുടെ വിലയിടിയാൻ തുടങ്ങി......മുദ്രണശാലകൾ പൂട്ടിയതിന്നുശേഷം ഉറുപ്പിക കൂടുതൽ വിലപിടിച്ചതാ

യിത്തീന്നതാണു് ഇതിന്നു കാരണം എന്നു ഞാൻ വിചാരിക്കുന്നു. 1892, 1894, 1895, എന്നീ വഷങ്ങളിൽ ഞാൻ ബങ്കാളിലുണ്ടായിരുന്നു. (1893-ൽ ഞാൻ രാജ്യത്തുണ്ടായിരുന്നില്ല.) സ്വന്തം അനുഭവത്തിൽനിന്നു് എനിക്കു പറയാൻ കഴിയും, 1894—95ലെ വിലയിടിവിന്നു മററു യാതൊരു കാരണവുമുണ്ടാവാൻ തരമില്ലെന്നു്. ആ സമയത്തു് ഐക്യസംസ്ഥാനത്തിൽ ക്ഷാമം പിടിപെട്ടിട്ടുണ്ടായിരുന്നു. അതിനാൽ ധാന്യങ്ങളുടെ വില വദ്ധിക്കുകയാണു് ചെയ്യേണ്ടിയിരുന്നതു്. പക്ഷേ എല്ലായിടത്തും വില ഇടിയുകയാണുണ്ടായതെന്നു നിങ്ങൾക്കു കാണ്മാൻ സാധിക്കും.”

1898-ൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ സമ്മേളനം കറൻസിപ്രശ്നത്തെ സംബന്ധിച്ച പാസ്സാക്കിയ ഒരു പ്രമേയത്തിൽ ഇങ്ങനെ പറയുന്നു:—“വിനിമയനിരക്കു താണുപോകുന്നതുകൊണ്ടുണ്ടാകുന്ന ഹാനിയുടെ അടിസ്ഥാനകാരണം ഇന്ത്യാഗവമ്മേണ്ടു് ഇംഗ്ലണ്ടിൽ ചെയ്തുകൊണ്ടിരിക്കുന്ന വദ്ധിച്ച ചെലവുകളാണു്.... ഈ നഷ്ടം പരിഹരിക്കാൻവേണ്ടി കൃത്രിമമാഗ്ഗങ്ങളവലംബിച്ചു് എക്സ്ചേയ്ഞ്ജ് ഉയത്തുകയോ കറൻസിയുടെ പ്രചാരത്തെ കുറയ്ക്കുകയോ ചെയ്താൽ ഇന്ത്യയുടെ സാമ്പത്തികവിഷമതകൾ വദ്ധിക്കുകയും ഇന്ത്യയുടെ വ്യാപാരത്തിനു നാശം തട്ടുകയും ചെയ്യുമെന്നതിന്നു യാതൊരു സംശയവുമില്ല.”

നാട്ടുകാരുടെ ഇത്തരത്തിലുള്ള ആക്ഷേപങ്ങൾക്കും വിമശനങ്ങൾക്കുമിടയിൽ കമ്മിററിയുടെ റിപ്പോർട്ടു പു

റത്തു വന്നു. ഉറുപ്പികയോടൊപ്പം ബ്രിട്ടീഷുകറൻസിയായ സോവറിനും ഇന്ത്യയിൽ ലീഗൽടെൻഡറാക്കണമെന്നും (അതായതു വരവു ചെലവുകൾക്കും കൊള്ളക്കൊടുക്കകൾക്കും നികുതി മുതലായവ അടയ്ക്കുന്നതിന്നും എത്ര സോവറിൻ വേണമെങ്കിലും ഉപയോഗിക്കാവുന്നതാണെന്നും) ഉറുപ്പികയുടെ വിനിമയനിരക്ക 16 പെൻസാക്കി സ്ഥിരപ്പെടുത്തണമെന്നും സ്വർണ്ണത്തിന്നു പകരം ഉറുപ്പിക കൊടുക്കുന്ന സമ്പ്രദായം തുടരണമെന്നും. പക്ഷേ, സ്വർണ്ണനാണ്യങ്ങൾ തൃപ്തികരമായ തോതിൽ പ്രചരിക്കാൻ തുടങ്ങുന്നതുവരെ പുതുതായി ഉറുപ്പിക അടിച്ചിറക്കരുതെന്നും ഉറുപ്പിക അടിക്കുന്നതിൽനിന്നുള്ള ലാഭം ഗവമ്മേണ്ടു ഖജാനയിൽ കൂട്ടിച്ചേക്കാതെ പ്രത്യേകമായ ഒരു സ്വർണ്ണറിസേർവിൽ നിക്ഷേപിക്കണമെന്നും ഈ റിസേർവിൻെറ സഹായത്തോടുകൂടി ക്രമത്തിൽ ക്രമത്തിൽ ഉറുപ്പികനാണ്യങ്ങൾ പിൻവലിച്ചു സ്വർണ്ണമാനം നടപ്പിൽ വരുത്താൻ ശ്രമിക്കണമെന്നും മററുമായിരുന്നു റിപ്പോർട്ടിലടങ്ങിയ പ്രധാനശുപാശ്കൾ. കൊള്ളക്കൊടുക്കകൾക്ക സോവറിൻ ഉപയോഗിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണമെന്നും ആസ്ത്രേലിയയിൽ ചെയ്യുന്നതുപോലെ ഇന്ത്യയിലും ചില പ്രത്യേകനിബന്ധനകളിന്മേൽ സോവറിൻ നാണ്യങ്ങൾ അടിച്ചിറക്കണമെന്നും കമ്മററി അഭിപ്രായപ്പെടുകയുണ്ടായി. പക്ഷേ, ഇതൊന്നും നടപ്പിൽ വരികയുണ്ടായില്ല. വാസ്തവത്തിൽ ഫൌളർകമ്മററിയുടെ ശുപാശ്കളെ അടിസ്ഥാനപ്പെടുത്തി

യ നിയമനിർമ്മാണമല്ലാ ഗവമ്മേണ്ട് അപ്പപ്പോൾ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും, കാർഡിനാൻസുകളുമാണ് ഇന്ത്യയിൽ നാണ്യനയത്തെ രൂപവൽക്കരിച്ചത്.

## അദ്ധ്യായം ൪

## സ്വർണ്ണവിനിമയമാനം

1898 മുതൽ 1913വരെ ഇന്ത്യയുടെ കറൻസിയിലുണ്ടായ മാററങ്ങളെ ചുവടെ കാണിച്ചവിധം സംക്ഷേപിക്കാവുന്നതാണ്:—

1898—ഫൌളർകമ്മിററിയുടെ നിയമനം. ഉറുപ്പികയുടെ വിനിമയനിരക്ക 16 പെൻസിന്നാക്കിത്തീർത്തി.

1899—1899-ലെ ഇന്ത്യാആക്റ്റ് നമ്പർ XXII ആക്റ്റ്പ്രകാരം ബ്രിട്ടീഷ്സോവറിൻ ഇന്ത്യയിൽ ലീഗൽടെൻഡറായിത്തീൎന്നു. വിനിമയനിരക്ക് 16 പെൻസിന് ഒരുറുപ്പിക എന്നു നിജപ്പെടുത്തി.

1900— നാണ്യമുദ്രണത്തിൽനിന്നുള്ള ലാഭംകൊണ്ടു ലണ്ടനിൽ ഒരു സ്വർണ്ണനിധി (ഗോൾഡ്റിസർവ്വ്) സ്ഥാപിച്ചു.

1903—ഇന്ത്യയിൽ സോവറിൻ നാണ്യങ്ങളടിക്കുന്നതിനെസ്സംബന്ധിച്ച 1899 മുതൽക്ക തുടൎന്നുവന്ന ആലോചനകൾ അവസാനമായി തള്ളിക്കളഞ്ഞു. ഇന്ത്യയിൽ സോവറിൻ അടിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

1904—ഉറുപ്പികയ്ക്കു 1 ഷി. $4\frac{1}{8}$ പെൻസ് എന്ന തോതിൽ ഇന്ത്യയുടെ പേരിൽ കൌൺസിൽ ബില്ലുകൾ എത്ര വേണമെങ്കിലും കൊടുക്കാൻ തയ്യാറാണെന്ന് ഇന്ത്യാസെക്രട്ടറി പ്രസ്താവിച്ചു. (കൌൺസിൽബിൽ എന്താണെന്നു ചുവടെ വിവരിക്കുന്നതാണ്.)

കറൻസിനോട്ടുകളുടെ ഉറപ്പിന്നുവേണ്ടിയുള്ള കറൻസി റിസൎവ്വിൽ ഒരു ഭാഗം സ്വൎണ്ണമായി ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിക്കുമെന്ന നിയമം പാസ്സായി. കറൻസി റിസൎവ്വിൻെറ ഒരു ഭാഗം സ്റ്റെർലിങ്ങ് സെക്യൂരിററികളായിരിക്കണമെന്നും വ്യവസ്ഥ ചെയ്യപ്പെട്ടു.

1906—സ്വൎണ്ണത്തിന്നു പകരം ഉറുപ്പിക കൊടുക്കുമെന്ന ഗവമ്മേണ്ടുപ്രഖ്യാപനം പിൻവലിക്കപ്പെട്ടു. സ്വൎണ്ണംകൊണ്ടുള്ള ബ്രിട്ടീഷു നാണ്യങ്ങൾക്കു പകരമായി മാത്രമേ ഉറുപ്പിക കൊടുക്കുകയുള്ളു എന്നു തീരുമാനിക്കപ്പെട്ടു.

1907—ഗോൾഡ് സ്റ്റാൻഡേർഡ് റിസൎവ്വിൻെറ (സ്വൎണ്ണമാനനിധിയുടെ) ഒരു ശാഖ ഇന്ത്യയിൽ തുറക്കുകയും അതിൽ ഉറുപ്പികകൾ നിക്ഷേപിക്കണമെന്ന വ്യവസ്ഥയേൎപ്പെടുത്തുകയും ചെയ്തു.

1908—ഉറുപ്പികയ്ക്കു ഒരു ഷി. $3\frac{29}{32}$ പെൻസ് എന്ന നിരക്കിൽ സ്റ്റർലിങ്ങുഡ്രാഫ്റ്റുകൾ വില്ക്കുകയും അതു ലണ്ടനിലെ ഗോൾഡ് സ്റ്റാൻഡേർഡ് റിസൎവ്വിൽനിന്നു കാഷു ചെയ്തുകൊടുക്കുകയും ചെയ്യണമെന്ന തീരുമാനം നടപ്പിൽ വന്നു.

1910_11—പത്തുറുപ്പികയുടേയും അമ്പതുറുപ്പികയുടേയും കറൻസിനോട്ടുകൾ സാവ്വത്രികമായ ലീഗൽടെൻഡറാക്കുവാനുള്ള നിയമം പാസ്സായി. ഈ നിയമമനുസരിച്ച 1911-ൽ നൂറുറുപ്പികനോട്ടുകളും ലീഗൽടെൻഡറാക്കിക്കൊണ്ടുള്ള ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

1913—ഇന്ത്യയുടെ കറൻസിവ്യവസ്ഥയുടെ നാനാവശങ്ങളേയും പരിശോധിച്ച റിപ്പോർട്ടുചെയ്യാൻവേണ്ടി പുതിയൊരു റോയൽകമ്മീഷൻ നിയമിക്കപ്പെട്ടു.

ഇങ്ങനെ അപ്പപ്പോൾ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനുകളും പ്രഖ്യാപനങ്ങളും വഴിയായി അസ്ഥിരങ്ങളായ അനേകം ഘട്ടങ്ങളെ തരണംചെയ്തുകൊണ്ട് ഇന്ത്യയിൽ രൂപവൽക്കരിക്കപ്പെട്ട കറൻസിവ്യവസ്ഥയാണ് സ്വണ്ണവിനിമയമാനം (ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡ്) എന്ന പേരിൽ അറിയപ്പെടുന്നത്. 1913 ലെ കറൻസികമ്മീഷനിലെ ഒരംഗമായിരുന്ന ജെ. എം. (പിന്നീടു ലോർഡ്) കെയിൻസ് വിനിമയമാനത്തിൻെറ സ്വഭാവത്തെ ഇങ്ങനെ നിവ്വചിക്കുന്നു:—

"ഏതെങ്കിലും ഒരു രാജ്യത്തിൽ ഗണ്യമായ തോതിൽ സ്വണ്ണനാണ്യങ്ങൾ പ്രചരിക്കാതിരിക്കുക, പ്രചരണത്തിലുള്ള നാണ്യങ്ങൾക്കു പകരം സ്വണ്ണം കൊടുത്തേ കഴിയൂ എന്ന നിബ്ബന്ധമില്ലാതിരിക്കുക, അതേസമയത്തു വിദേശങ്ങളിലുള്ള അടവുകൾക്ക് ഒരു നിശ്ചിതമായ തോതിൽ സ്വണ്ണംകൊടുക്കുവാൻ ഗവമ്മേണ്ടോ സെൻട്രൽബാങ്കോ ഏപ്പാടു ചെയ്തിരിക്കുക, ഈ അടവു

കൾക്കാവശ്യമായ സ്വൎണ്ണത്തിൻെറ ഒരു ഗണ്യമായ ഭാഗം വിദേശങ്ങളിൽ നിക്ഷേപിക്കുക—ഇത്രയെല്ലാമായാൽ ആ രാജ്യത്തിൽ സ്വൎണ്ണവിനിമയമാനമാണു് നിലവിലുള്ളതെന്നു പറയാം. *

ഈ നിൎവ്വചനമനുസരിച്ച് ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡിൻെറ സവിശേഷതകൾ താഴെപറയുന്നവയാണെന്നു മനസ്സിലാക്കാം.

1. ഇന്ത്യയ്ക്കു സ്വതന്ത്രമായ ഒരു നാണ്യവ്യവസ്ഥ—വെള്ളിമാനമായാലും ശരി, സ്വൎണ്ണമാനമായാലും ശരി—ഉണ്ടായിരിക്കുകയില്ല. ഉറുപ്പികയും അരയുറുപ്പികയും എല്ലാം ലീഗൽ ടെൻഡറാണെങ്കിലും വെറും ടോക്കൻ നാണ്യങ്ങൾ മാത്രമായിരിക്കും.

2. ഉറുപ്പികയ്ക്കു പകരം അഭ്യന്തരാവശ്യങ്ങൾക്കു വേണ്ടിവരുന്ന സ്വൎണ്ണം കൊടുക്കുവാൻ ഗവൎമ്മേണ്ടിന്നു ബാദ്ധ്യതയില്ല. വിദേശങ്ങളിലെ അടവുകൾക്കു മാത്രമേ ഉറുപ്പികയ്ക്കു പകരം നിശ്ചിതമായ തോതിൽ (ഉറുപ്പികയ്ക്കു 1ഷി 4പെൻസെന്നതോതിൽ) സ്വൎണ്ണം കൊടുക്കേണ്ടതുള്ളു.

3. വിദേശങ്ങളിലെ അടവുകൾക്കു വിഘ്നമുണ്ടാക്കാതിരിക്കാൻ വിദേശത്തു് (എന്നുവെച്ചാൽ ലണ്ടനിൽ) സ്വൎണ്ണവും ഫണ്ടുകളും നിക്ഷേപിക്കണം. ഇന്ത്യ ലണ്ടനിൽ നിക്ഷേപിക്കുന്ന ഈ ഫണ്ടുകൾക്കു സ്വൎണ്ണമാ

---

* J. M. Keynes: Indian Currency and Finance. പേജ്: 30—31

നനിധി (ഗോാൾഡ്സ്റ്റാൻഡേർഡ് റിസവ്വ്) എന്നുപറയുന്നു.

## ഗോാൾഡ് സ്റ്റാൻഡേർഡ് റിസർവ്വ്

ഈ റിസവ്വിന്നാവശ്യമായ തുകകൾ പ്രധാനമായും ഉറുപ്പികയടിക്കുന്നതിൽനിന്നു ലഭിച്ച ലാഭംകൊണ്ടാണു് രൂപവല്ക്കരിക്കപ്പെട്ടതു്. ഉറുപ്പികയുടെ വിനിമയവില 16 പെൻസാക്കി നിജപ്പെടുത്തുകയുണ്ടായല്ലോ. എന്നാൽ അതിന്റെ വെള്ളിവില (180 ഗ്രേൻ സ്റ്റാൻഡേർഡുവെള്ളി; $\frac{11}{12}$ ഭാഗം അല്ലെങ്കിൽ 165 ഗ്രേൻ പരിശുദ്ധവെള്ളിയടങ്ങിയതു്) പതിനാറു പെൻസിനേക്കാൾ എത്രയോ കുറവായിരുന്നു. വെള്ളിയുടെ വില ലണ്ടൻമാക്കററിൽ 24 പെൻസായിരുന്നപ്പോൾ ഒരുറുപ്പികയടിക്കാൻ ഒട്ടാകെയാവശ്യമായിരുന്ന ചെലവു് 9.181 പെൻസ് മാത്രമായിരുന്നു. വെള്ളിയുടെവില 32 പെൻസായപ്പോൾ ഉറുപ്പികയിലടങ്ങിയ വെള്ളിയുടെ വില 12.241 പെൻസായി. ഉറുപ്പികയുടെ നാണ്യവിലയും വെള്ളിവിലയും തമ്മിലുള്ള ഈ വ്യത്യാസം ഗവമ്മേണ്ടിന്റെ ലാഭമാണു്. ഉറുപ്പികയടിക്കുന്നതിൽനിന്നുള്ള ലാഭം ഗവമ്മേണ്ടിന്റെ സാധാരണഖജാനയിൽ കൂട്ടിച്ചേക്കരുതെന്നും അതുപയോഗിച്ചു് ഇന്ത്യയിൽ ഒരു സ്വണ്ണനിധി സ്ഥാപിക്കണമെന്നും ഈ സ്വണ്ണനിധി പേപ്പർ കറൻസിറിസവ്വിൽനിന്നു വ്യത്യസ്തമായിരിക്കണമെന്നും ഫൌളർകമ്മിററി ശിപാശി ചെയ്തിരുന്നു. ഇത്തരമൊരു സ്വണ്ണനിധി ക്രമത്തിൽ സ്വണ്ണമാനവ്യവസ്ഥ

നടപ്പിൽ വരുത്താൻ സഹായിക്കുമെന്നാണ് കമ്മിററി ആശിച്ചിരുന്നത്. പക്ഷേ ഇന്ത്യയുടെ ഭരണാധികാരികളുടെ ആവശ്യം മറെറാന്നായിരുന്നു. ഇന്ത്യയുടെ താൽപര്യങ്ങളേക്കാളധികം സാമ്രാജ്യാധിപത്യത്തിൻെറ താൽപര്യങ്ങളെയാണവർ പ്രതിനിധീകരിച്ചിരുന്നത്. അതുകൊണ്ടു സ്വർണ്ണനിധി ലണ്ടനിലാണ് സ്ഥാപിക്കപ്പെട്ടത്. സ്വർണ്ണത്തിന്നുപുറമെ സ്റ്റർലിങ്ങ്സെക്യൂരിററികൾ കൂടി അതിലുൾപ്പെടുത്തുകയും ചെയ്തു. ബ്രിട്ടീഷ്മുതലാളികളുടെ വൈയവസായികവും വിനിമയപരവുമായ അന്തസ്സ് വൎദ്ധിപ്പിക്കാൻ ഈ സ്വർണ്ണനിധി പ്രയോജനപ്പെട്ടു.

1907-ൽ സ്വർണ്ണറിസൎവ്വിൻെറ ഒരു ശാഖ ഇന്ത്യയിലും സ്ഥാപിക്കുകയുണ്ടായി. നിശ്ചിതനിരക്കിൽ 16 പെൻസിന്ന് ഒരുറുപ്പികയെന്ന തോതിൽ സ്വർണ്ണത്തിന്നു പകരം ഉറുപ്പിക കൊടുക്കാൻ സൌകൎയ്യമുണ്ടാക്കുകയെന്നതായിരുന്നു ഈ ശാഖയുടെ ഉദ്ദേശ്യം. 1908—1909ൽ സ്വർണ്ണമാനറിസൎവ്വിൻെറ ഘടന താഴെ കൊടുത്തപ്രകാരമായിരുന്നു.

| | | |
|---|---|---|
| സ്റ്റർലിങ്ങ് സെക്യൂരിററികളുടെ വില | £ | 13,186,521 |
| സിക്രട്ടറി ഓഫ് സ്റ്റേററിൻെറ ബാലൻസുകൾ (ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിച്ചത്) | £ | 1,131,223 |
| ട്രെഷറി ബാലൻസിൽനിന്ന് കൊടുത്ത കടങ്ങൾ | £ | 310 |

| | | |
|---|---|---|
| ഇന്ത്യയിൽ നിക്ഷേപിച്ച ഉറുപ്പിക (6 കോടി ക. 16 പെൻസ് നിരക്കിൽ) | £ | 4,000,000 |
| ആകെ | £ | 18,318,054 |

1913 മാച്ച് 31-ാനുയാകുമ്പോഴേയ്ക്കു ഗോൾഡ് സ്റ്റാൻഡേർഡ് റിസവ്വ് താഴെ കൊടുത്ത പ്രകാരമായി വദ്ധിച്ചു:

| | | |
|---|---|---|
| സ്റ്റെർലിങ്ങു സെക്യൂരിററികളുടെ വില | £ | 15,945,669 |
| ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ നിക്ഷേപിച്ച സ്വണ്ണം | £ | 1,620,000 |
| അല്പകാലത്തേയ്ക്കായി കടം കൊടുത്ത സംഖ്യ | £ | 1,005,664 |
| ഇന്ത്യയിൽ 6 കോടി ക. 16 പെൻസ് നിരക്കിൽ | £ | 4,000,000 |
| ആകെ | £ | 22,571,333 |

പ്രതിവഷം വദ്ധിച്ചുകൊണ്ടുവന്ന ഈ തുകകളുടെ ഉദ്ദേശ്യം ഉറുപ്പികയുടെ ഉറപ്പു നിലനിത്തലാണെന്നു പറയപ്പെട്ടു. പക്ഷേ, വാസ്തവത്തിൽ ഇന്ത്യയുടെ സാമ്പത്തികവും വൈയവസായികവുമായ താൽപര്യങ്ങളെ രക്ഷിക്കാനുതകുന്ന ഒരു സ്വതന്ത്രമായ കറൻസിവ്യവസ്ഥയില്ലാതാക്കുകയും ഇന്ത്യയുടെ വിഭവങ്ങളെ ചൂഷണം ചെയ്യാൻ ബ്രിട്ടീഷു മുതലാളികൾക്കു സൌകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുകയായിരുന്നു, അധികൃതന്മാരുടെ യഥാത്ഥമായ ഉദ്ദേശ്യം. ഈ ഉദ്ദേശ്യം പാലിക്കാനുള്ള ഒരു ഉപകരണമെന്ന നിലയ്ക്കാണു ഗോൾഡ് സ്റ്റാൻഡേർഡ്

റിസർവ്വ് ഉപയോഗിക്കപ്പെട്ടതു്. ഇതു വ്യക്തമായി മനസ്സിലാവണമെങ്കിൽ ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി, സാമ്രാജ്യാധിപത്യത്തിൻെറ കാലഘട്ടം ആവിർഭവിച്ചുവെന്നോർമ്മിക്കേണ്ടതാവശ്യമാണു്. സാമ്രാജ്യാധിപത്യത്തിൻെറ സവിശേഷസ്വഭാവങ്ങളിലൊന്നു മറുനാട്ടിൽ മൂലധനം നിക്ഷേപിക്കുകയെന്നതാണു്. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടിയാണു് ഇന്ത്യയിൽ ബ്രിട്ടീഷു മൂലധനം ഗണ്യമായ തോതിൽ വർദ്ധിക്കാൻ തുടങ്ങിയതെന്നു പറയേണ്ടതില്ലല്ലോ. ബ്രിട്ടീഷുമൂലധനനിക്ഷേപത്തെ സഹായിക്കുക എന്നതായിരുന്നു ഇന്ത്യയുടെ കറൻസി വ്യവസ്ഥയുടേയും അതിൻെറ സവിശേഷഘടകമായ സ്വർണ്ണമാനനിധിയുടേയും പ്രധാനോദ്ദേശ്യങ്ങളിലൊന്നു്. 1907-ൽ ഗോൾഡ് റിസർവ്വിൽനിന്നു 1½ കോടി ഉറുപ്പിക റെയിൽവെയിൽ നിക്ഷേപിക്കുകയുണ്ടായി. റിസർവ്വിൽനിന്നു കൊല്ലംതോറും ഗണ്യമായ ഒരു സംഖ്യ റെയിൽവേയിലിറക്കുന്നതാണെന്നു തീരുമാനിക്കുകയും ചെയ്തു. ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയുടെ കറൻസി ബ്രിട്ടീഷു കുത്തകമുതലാളികളുടെ ഒരുപകരണം മാത്രമായി മാറി. ഗോൾഡ് എക്സ്ചേഞ്ച് സ്റ്റാൻഡേർഡിൻെറ പ്രവർത്തനക്രമത്തെ പരിശോധിച്ചുനോക്കിയാൽ ഈ പരമാർത്ഥം കൂടുതൽ വ്യക്തമാവുന്നതാണു്.

**കൌൺസിൽ ബില്ലും**

**റിവേർസ് കൌൺസിൽ ബില്ലും**

സ്വർണ്ണവിനിമയമാനത്തിൻെറ പ്രായോഗികപ്രവർത്തനത്തിന്നാവശ്യമായ രണ്ടു പ്രധാനോപകരണങ്ങ

4

ളാണു് കൌൺസിൽ ബില്ലുകളും റിവേർസ് കൌൺസിൽ ബില്ലുകളും. ഇന്ത്യാ സെക്രട്ടറി ഇന്ത്യാഗവമ്മേണ്ടിൻെറ പേരിൽ പുറപ്പെടുവിക്കുന്ന ഹുണ്ടിയ്ക്കാണു് (ഒരു തരം പേ ഓർഡറിന്നാണു്) കൌൺസിൽ ഡ്രാഫ്ട് എന്നു പറയുന്നതു്. സിക്രട്ടറി ഓഫ് സ്റ്റേയ്റ്റ് ഇൻ കൌൺസിൽ—ചുരുക്കത്തിൽ ഇന്ത്യാ കൌൺസിൽ—പുറപ്പെടുവിക്കുന്ന ബില്ലായതുകൊണ്ടത്രെ ഇതിന്നു കൌൺസിൽബിൽ എന്ന പേർ ലഭിച്ചതു്.

പലിശ, പെൻഷൻ, യുദ്ധആഫീസിലേയ്ക്കും ഗവമ്മേണ്ടു സ്റ്റോറിലേയ്ക്കുമുള്ള അടവുകൾ ഇങ്ങനെ പലവകയായും ഇന്ത്യാഗവമ്മേണ്ടു് ഇംഗ്ലണ്ടിലേയ്ക്കു കൊല്ലംതോറും പണമടയ്ക്കേണ്ടതുണ്ടു്. ഈ അടവുകൾക്കു 'ഹോം ചാർജ്ജുകൾ' എന്നു പറയുന്നു. 1893 വരെയും ഹോം ചാർജ്ജുകൾക്കാവശ്യമായത്ര കൌൺസിൽ ബില്ലുകളാണു് വില്ക്കപ്പെട്ടിരുന്നതു്. ഇന്ത്യൻ ചരക്കുകൾ വാങ്ങുന്ന ബ്രിട്ടീഷിറക്കുമതിക്കാർ ഇന്ത്യയിലേയ്ക്കും ഇന്ത്യയിൽനിന്നു ഹോം ചാർജ്ജുകൾ വകയ്ക്കു് ഇംഗ്ലണ്ടിലേയ്ക്കും സ്വർണ്ണം കയററി അയയ്ക്കുകയാണെങ്കിൽ അതു തീരെ സൌകര്യമില്ലാത്ത ഒരേർപ്പാടായിരിക്കും. അതുകൊണ്ടു് ഇംഗ്ലീഷ് ഇറക്കുമതിക്കാർ ഇന്ത്യാസെക്രട്ടറിക്കു സോവറിൻ നല്കുകയും അത്രയും സംഖ്യയ്ക്കുള്ള ഉരുപ്പിക ഇന്ത്യൻ കയററുമതിക്കാൎക്കു നല്കുകയുമാണു് ചെയ്തിരുന്നതു്. ഇതെളുപ്പമായിരുന്നു. കയററുമതി ഇറക്കുമതിയേക്കാളധികമായതുകൊണ്ടു വിദേശങ്ങളിൽനിന്നു് ഇന്ത്യയ്ക്കു പണം കിട്ടേണ്ടതുണ്ടു്. പണമടയ്ക്കാൻ കടപ്പെട്ട വിദേശീയർ സിക്രട്ട

റി ഓഫ് സ്റ്റേയ്റ്റ് വില്ക്കുന്ന ബില്ലുകൾ വാങ്ങുന്നു. ആ ബില്ലുകൾ ഇന്ത്യയിലേയ്ക്കയച്ച് ഇന്ത്യാഗവൎമ്മേണ്ടിന്റെ ട്രെഷറിയിൽനിന്ന് അവയെ പണമാക്കി മാററാവുന്നതാണ്. ഇംഗ്ലണ്ടിൽ ബില്ലുകൾ വിററു കിട്ടുന്ന ബ്രിട്ടീഷു കറൻസികൾ ഹോം ചാൎജ്ജുകളുടെ അടവിന്നുവേണ്ടി വിനിയോഗിക്കയും ചെയ്യാം. 1893ന്നു ശേഷം കൌൺസിൽ ഡ്രാഫ്ടുകളുടെ വില്പന സെക്രട്ടറി ഓഫ് സ്റ്റേററിന്റെ ആവശ്യങ്ങൾക്കു മാത്രമായിരിക്കണമെന്ന നിബന്ധന നീക്കം ചെയ്യപ്പെട്ടു. ഒടുവിൽ 1904-ൽ അതിൎത്തിയൊന്നും വെയ്ക്കാതെ, എത്ര വേണമെങ്കിലും ഉറുപ്പികയ്ക്കു 1ഷി. 4$\frac{1}{8}$ പെൻസ് എന്ന തോതിൽ കൌൺസിൽ ഡ്രാഫ്ടുകൾ വില്ക്കാൻ താൻ തയ്യാറാണെന്ന് ഇന്ത്യാസെക്രട്ടറി പ്രഖ്യാപിച്ചു. ഇങ്ങനെ ഹോം ചാൎജ്ജുകൾ വസൂലാക്കുന്നതിന്നുവേണ്ടി മാത്രമല്ല, ഉറുപ്പിക ആവശ്യമുള്ള എല്ലാ ബ്രിട്ടീഷുമുതലാളികളുടേയും സൌകൎയ്യത്തിന്നുവേണ്ടിയും കൌൺസിൽ ബില്ലുകൾ വില്ക്കപ്പെടാൻ തുടങ്ങി. ഇന്ത്യയിൽ മൂലധനമിറക്കാനാഗ്രഹിക്കുന്ന ബ്രിട്ടിഷുമുതലാളിമാൎക്ക് ഉറുപ്പികവിനിമയം അത്യാവശ്യമായിത്തീൎന്ന ഒരു കാലമായിരുന്നു അത്. ഇന്ത്യയിലേയ്ക്കു സ്വൎണ്ണം കൊണ്ടുവരാതെതന്നെ ഇവിടെ മൂലധനം നിക്ഷേപിക്കാൻ അവൎക്കു സാധിക്കുമെന്നായി. ഉറുപ്പികയാവശ്യമുള്ളവർ ഇംഗ്ലണ്ടിൽ ഇന്ത്യാ സെക്രട്ടറിയുടെ പക്കൽ സ്വൎണ്ണമോ സ്റ്റർലിങ്ങാ അടച്ചു പകരം ഇന്ത്യാഗവൎമ്മേണ്ടിന്റെ പേരിലുള്ള ഹുണ്ടികൾ വാ

ങ്ങുകയും ആ ഹുണ്ഡികൾ മാററി ഉറുപ്പികയാക്കുകയുമാണ് ചെയ്തുവന്നത്.

എത്ര സംഖ്യയ്ക്കുള്ള ബില്ലുകളാണ് വില്പയ്ക്കുള്ളതെന്നു കാണിച്ചുകൊണ്ട് ഇന്ത്യാസെക്രട്ടറി ആദ്യമായി ഒരറിയിപ്പു പ്രസിദ്ധം ചെയ്യുന്നു. ഉറുപ്പികവിനിമയം ആവശ്യമുള്ളവർ നിശ്ചിതദിവസം ബാങ്ക് ഓഫ് ഇംഗ്ലണ്ടിൽ ടെൻഡർ കൊടുക്കണമെന്നാണ് വ്യവസ്ഥ. അതായതു്, ഏതു തോതിൽ എത്ര ഉറുപ്പിക വാങ്ങാൻ തയ്യാറുണ്ടെന്നു് അവരിലോരോരുത്തരും സെക്രട്ടറിയെ അറിയിക്കണം. പിന്നീടു് ആരുടെ ടെൻഡറാണു് സ്വീകരിച്ചതെന്നും ആൎക്കു് ഏതു നിരക്കിൽ ഹുണ്ഡി കൊടുക്കുമെന്നും ഇന്ത്യാ സെക്രട്ടറി പ്രഖ്യാപിക്കും.

സാധാരണ പരിതഃസ്ഥിതിയിൽ ബില്ലുകൾ ഇന്ത്യാ സെക്രട്ടറിയിൽനിന്നു വാങ്ങിയതിന്നുശേഷം അവയെ ഉറുപ്പികയാക്കി മാററാൻ സമയം പിടിക്കും. ഇംഗ്ലണ്ടിൽനിന്നു് ഇന്ത്യയിലേയ്ക്കു തപ്പാലെത്താൻ രണ്ടാഴ്ച വേണ്ടിവരുമെന്നു വിചാരിക്കുക. എന്നാൽ ഇത്രയും കാലത്തേയ്ക്കുള്ള പലിശ നഷ്ടമാവും. അതുകൊണ്ടു കമ്പി വഴിക്കുള്ള ഹുണ്ഡി വാങ്ങി അതു് ഉടനടി കൽക്കത്തയിൽ ഉറുപ്പികയാക്കി മാററാനാണു് ആളുകൾ പലപ്പോഴും ഇഷ്ടപ്പെടാറുള്ളതു്. ഇതിന്നു കമ്പി ഹുണ്ഡികൾ അല്ലെങ്കിൽ ടെലിഗ്രാഫിക് ട്രാൻസ്ഫർ (Telegraphic Transfer) എന്നു പറയുന്നു. ടെലിഗ്രാഫിക് ട്രാൻസ്ഫറിന്നു സാധാരണനിരക്കിനേക്കാൾ കുറച്ചധികം കിട്ടണമെന്നു് ഇന്ത്യാ സെക്രട്ടറി ആവശ്യപ്പെടുമെന്നു തീൎച്ച

യാണ്. (ഉദാഹരണത്തിന്ന് ഉറുപ്പികക്കു സാധാരണ നിരക്കിനേക്കാൾ $\frac{1}{32}$ പെൻസ് അധികം കൊടുക്കേണ്ടി വരും.)

ഇന്ത്യയിൽ ഉറുപ്പികയാവശ്യമുള്ള ബ്രിട്ടീഷുകാരുടെ മുമ്പിൽ രണ്ടു മാൎഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ ഇന്ത്യയിലേക്കു സ്വൎണ്ണം കയററി അയച്ച് അതു നിലവിലുള്ള നിരക്കിൽ ഉറുപ്പികയാക്കി മാററാം; അല്ലെങ്കിൽ ഇന്ത്യാ സെക്രട്ടറിയിൽനിന്നു കൌൺസിൽ ബിൽ വാങ്ങി ഉറുപ്പികയാക്കാം. കൌൺസിൽ ബിൽ വാങ്ങുകയാണ് കൂടുതൽ ആദായകരമെന്നു കണ്ടാൽ ഇന്ത്യയിലേക്കു സ്വൎണ്ണം കയററി അയക്കുവാൻ ആരും മിനക്കെടുകയില്ലെന്നു പറയേണ്ടതില്ലല്ലോ.

ഇംഗ്ലണ്ടിൽനിന്നോ മററു രാജ്യങ്ങളിൽനിന്നോ ഇന്ത്യയിലേക്കു സ്വൎണ്ണംകൊണ്ടുവരാൻ ചെലവു വേണ്ടിവരുമെന്നു തീൎച്ചയാണ്. സാധാരണകാലങ്ങളിൽ 16 പെൻസ് (അത്ര സ്വൎണ്ണം)കൊണ്ടുവരാൻ $\frac{1}{8}$ പെനി ചെലവു വരും. അപ്പോൾ ഉറുപ്പികക്കുവേണ്ടി സ്വൎണ്ണം കൊണ്ടുവരുന്നവനെസ്സംബന്ധിച്ചേടത്തോളം ഒരുറുപ്പികയുടെ വില $16\frac{1}{8}$ പെൻസാവും. ഈ സ്ഥിതിയിൽ ഉറുപ്പികക്കു $16\frac{1}{8}$ പെൻസിനേക്കാൾ കവിഞ്ഞ നിരക്കിൽ കൌൺസിൽ ബിൽ വാങ്ങാൻ ആളുകൾ തെയ്യാറാവുകയില്ല. എന്നാൽ നേരേമറിച്ച് ഒരുറുപ്പികയുടെ ബിൽ $16\frac{1}{8}$ പെൻസിനേക്കാൾ താണനിരക്കിന്ന് (ഉദാഹരണത്തിന്നു $16\frac{1}{16}$ പെൻസിന്നു) കിട്ടുകയാണെങ്കിൽ അയാളൊരി

ക്കലും സ്വർണ്ണം വാങ്ങാനോ കൊണ്ടുവരാനോ ഇഷ്ടപ്പെടുക യില്ല. ഇന്ത്യയിലേക്കു കഴിയുന്നതും സ്വർണ്ണം വരാതാക്കാ നുള്ള ഒരു നയമാണ് ഇന്ത്യാ സെക്രട്ടറി കൈക്കൊണ്ട ത്. സ്വർണ്ണമയക്കുന്നതിന്നു പകരം കൌൺസിൽ ബിൽ വാങ്ങാൻ ആളുകളെ പ്രേരിപ്പിക്കത്തക്കവണ്ണം അത്ര കുറ ഞ്ഞ നിരക്കിലാണ് എല്ലായ്പോഴും ബില്ലുകൾ വില്ക്കപ്പെ ട്ടത്.

അപൂർവ്വം ചില സന്ദർഭങ്ങളിൽ കയററുമതിയേക്കാൾ ഇറക്കുമതി കൂടുതലായതിനാലോ അതുപോലെയുള്ള മററു കാരണങ്ങളാലോ ഇംഗ്ലണ്ടിലേയ്ക്കുടക്കേണ്ട സ്റ്റർലി ങ്ങിൻെറ തുക ഉറുപ്പികയുടെ ഡിമാണ്ടിനേക്കാൾ വർദ്ധി ച്ചുവെന്നു വരാം. അപ്പോൾ ഉറുപ്പികക്കു പകരം സ്റ്റർലി ങ്ങു കൊടുക്കേണ്ടിവരും. അതിന്നായി ഇന്ത്യാഗവമ്മേ ണ്ടു് ഇന്ത്യാസെക്രട്ടറിയുടെ പേരിൽ റിവേർസ് കൌൺ സിൽ ഡ്രാഫ്ടുകൾ പുറപ്പെടുവിക്കുന്നു. ഉറുപ്പികക്കു പ കരം സ്റ്റർലിങ്ങു കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇന്ത്യാഗവമ്മേണ്ടു് ഇന്ത്യാസെക്രട്ടറിയുടെ പേരിൽ പുറ പ്പെടുവിക്കുന്ന ഓർഡറുകൾക്കാണ് 'റിവേർസുകൌൺ സിൽ ഡ്രാഫ്ടുകൾ' അല്ലെങ്കിൽ സ്റ്റർലിങ്ങു ഡ്രാഫ്ടു കൾ എന്നു പറയുന്നത്. സ്റ്റർലിങ്ങാവശ്യമുള്ളവർ ഇ ന്ത്യാഗവമ്മേണ്ടിൻെറ പക്കൽ ഉറുപ്പികയടക്കുകയും അ തിന്നു പകരമായി ലണ്ടനിൽ സ്റ്റർലിങ്ങു് കൊടുക്കുകയും ചെയ്യുന്നു. സാധാരണയായി റിവേഴ്സുകൌൺസിലുകൾ

ഉറുപ്പികക്കു 1ഷി $3\frac{29}{32}$ പെൻസ് എന്ന തോതിനേക്കാൾ കുറച്ചു വില്ലുവാൻ ഇന്ത്യാസെക്രട്ടറി തെയ്യാറാവുകയില്ല.

ഇങ്ങനെ കൌൺസിലുകളുടേയും റിവേർസ് കൌൺസിലുകളുടേയും വില്പനവഴിക്കാണു് ഉറുപ്പികയുടെ വിനിമയനിരക്കു 16 പെൻസാക്കി നിലനിൎത്താൻ സാധിച്ചതു്. ഉറുപ്പികയുടെ വില നിൎദ്ദിഷ്ടനിരക്കിനേക്കാൾ കുറയാൻ തുടങ്ങുമ്പോൾ റിവേർസുകൌൺസിലുകളുടെ വില്പനവഴിക്കു മാൎക്കററിൽനിന്നു് ഉറുപ്പിക പിൻവലിക്കുകയും അങ്ങനെ നാണ്യസങ്കോചനത്തിലൂടെ (Contraction of Currency=നിലവിലുള്ള നാണ്യങ്ങളുടെ അളവു ചുരുക്കൽ) ഉറുപ്പികയുടെ വിനിമയനിരക്കു വൎദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണു്. നേരേമറിച്ചു് ഉറുപ്പികയുടെ നിരക്കു വൎദ്ധിക്കുകയാണു് ചെയ്യുന്നതെങ്കിൽ ഇന്ത്യാസെക്രട്ടറി കൌൺസിൽബില്ലുകൾ വില്ക്കാൻ തുടങ്ങുകയും അങ്ങനെ ഇന്ത്യൻട്രെഷറിയിൽനിന്നു് ഉറുപ്പിക പുറപ്പെടുവിച്ചു വിലവൎദ്ധനവിനെ തടയുകയും ചെയ്യുന്നതാണു്. (നാണ്യവൎദ്ധനവിലൂടെ=Expansion of Currency) ഇത്തരം കൃത്രിമോപായങ്ങളുടെ സഹായത്തോടുകൂടിയാണു് വിനിമയനിരക്കു സംരക്ഷിക്കപ്പെട്ടുപോന്നതു്. ഉറുപ്പികയുടെ നിരക്കു് 1 ഷി. $3\frac{29}{32}$ പെൻസിന്റേയും 1ഷി. $4\frac{1}{8}$ പെൻസിന്റേയും അതിൎത്തിക്കുള്ളിൽത്തന്നെ നില്ക്കാനാവശ്യമായ തരത്തിൽ കൌൺസിൽബില്ലുകളു


ടേയും റിവേർസുകൌൺസിൽബില്ലുകളുടേയും വില്പന കൾ ക്രമീകരിക്കപ്പെട്ടുപോന്നു.

ഇന്ത്യാസെക്രട്ടറിയുടെ ബാലൻസുകൾ ലണ്ടനിൽ സ്വർണ്ണമായി നിക്ഷേപിച്ചിട്ടുള്ള പേപ്പർകറൻസി റിസർവ്വ് [ഇന്ത്യയിൽ പ്രചരിക്കപ്പെടുന്ന കറൻസിനോട്ടുകളുടെ ഉറപ്പിന്നുവേണ്ടിയുള്ള ഈ റിസർവ്വിന്റെ ഒരു ഭാഗം ഇന്ത്യയിലും മറേറഭാഗം ഇംഗ്ലണ്ടിലുമാണ്.] ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വ് എന്നീ നിധികളിലാണ് കൌൺസിൽബില്ലുകൾ വിററുകിട്ടുന്ന പണം വരവു് ചേർക്കുന്നതു്. അത്രയും സംഖ്യയ്ക്കുള്ള ഉറുപ്പിക വിനിമയം ഇന്ത്യാഗവർമ്മേണ്ടിന്റെ ബാലൻസുകളിൽനിന്നോ പേപ്പർ കറൻസി റിസർവ്വിന്റെ ഇന്ത്യൻവിഭാഗത്തിൽനിന്നോ ഗോൾഡ് സ്റ്റാൻഡേർഡ്റിസർവ്വിന്റെ ഉറുപ്പികാശാഖയിൽനിന്നോ അടച്ചുതീർക്കുകയും ചെയ്യുന്നു. നേരേമറിച്ചു റിവേർസ് കൌൺസിൽ വിററുകിട്ടുന്ന തുകകൾ ഇന്ത്യാഗവർമ്മേണ്ടു വരവു പിടിക്കുകയും അത്രയും സംഖ്യയ്ക്കുള്ള സ്റ്റർലിങ്ങ് സിക്രട്ടറി ഓഫ് സ്റ്റേററു് അടച്ചുതീർക്കുകയുംചെയ്യുന്നു. ബില്ലുകൾവില്ക്കുന്ന സമ്പ്രദായം എളുപ്പത്തിൽ മനസ്സിലാക്കാൻ ഡി. കെ. മൽഹോത്ര തന്റെ History and Problems of Indian Currency എന്ന പുസ്തകത്തിൽ കൊടുത്ത പട്ടിക സഹായിക്കും:—

(പട്ടിക 57-ം 58-ം പേജുകളിൽ)


## കൌൺസിൽ ഡ്രാഫ്ട് വില്പന: £ 1,000 (=15000ക.)

### സിക്രട്ടറി ഓഫ് സ്റ്റേററിന്റെ ഫണ്ടുകൾ.



റിസവ്വ്കൌൺസിൽ ഡ്രാഫ്റ്റ് വില്പന: 15,000ക. (=£ 1,000)

ഇന്ത്യാഗവമ്മേണ്ടിന്റെ ഫണ്ടുകൾ.



# അദ്ധ്യായം ৪

## കറൻസിനോട്ടുകൾ

ഈ അദ്ധ്യായം അവസാനിക്കുന്നതിന്നു മുമ്പായി ഇന്ത്യയിലെ കറൻസി നോട്ടുകളെപ്പററിയും അല്പമൊന്നു മനസ്സിലാക്കിവെയ്ക്കുന്നതു നന്നായിരിക്കും. ഏതൊരു രാജ്യത്തും വൈയവസായികവും വ്യാപാരപരവുമായ അഭിവൃദ്ധിയോടൊപ്പം നോട്ടുകളുടെ ആവശ്യവും പ്രചാരവും വദ്ധിക്കുന്നുണ്ടെന്നു കാണാം. താത്വികമായി നോക്കുമ്പോൾ സ്വണ്ണനാണ്യങ്ങളെ നിണ്ണയിക്കുന്ന നിയമങ്ങൾതന്നെയാണ് കറൻസിനോട്ടുകളേയും നിണ്ണയിക്കുന്നതു്. കാരണം, ടോക്കൻ നാണ്യങ്ങളെപ്പോലെതന്നെ കറൻസിനോട്ടുകളും സ്വണ്ണനാണ്യങ്ങളെ പ്രതിനിധീകരിക്കുകമാത്രമാണ് ചെയ്യുന്നതു്. ജെ. എം. കെയിൻസ് എഴുതുന്നു:—

"ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു ടോക്കൻനാണ്യമായ ഉറുപ്പിക വെള്ളിലോഹത്തിന്മേലടിച്ച ഒരു നോട്ടു മാത്രമാണ്. ചെറിയ തുകകളുടെ കൊള്ളക്കൊടുക്കകൾക്ക് ഉപകരിക്കുന്നതുകൊണ്ടു് അതു പ്രചരിക്കുന്നു. ജനങ്ങൾക്ക് അതുപയോഗിക്കുവാൻ വലിയ സൌകയ്യവുമുണ്ടു്. പക്ഷേ അതുപയോഗിക്കുവാൻ വലിയചെലവു നേരിടുന്നതാണ്. ഉറുപ്പികകൾ അടിച്ചിറക്കുമ്പോൾ അവയുടെ മുഖവില മുഴുവനും റിസവ്വായി സൂക്ഷിക്കുവാൻ ഗവമ്മേണ്ടിന്നു സാദ്ധ്യമല്ല. നാണ്യങ്ങളുടെ മുഖവില

യും വെള്ളിവിലയും തമ്മിലുള്ള വ്യത്യാസം മാത്രമേ സൂക്ഷിക്കാൻ കഴിയു. അതുകൊണ്ടു വലിയ തുകകളുടെ കൊള്ളക്കൊടുക്കകൾക്ക നോട്ടുകളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്." *

1861-നുമുമ്പു ചില സ്വകാൎയ്യബാങ്കുകൾ മാത്രമാണ് നോട്ടുകൾ പുറപ്പെടുവിച്ചിരുന്നതു്. 1839-നും 1843 നും ഇടയിൽ പാസ്സാക്കിയ നിയമങ്ങളനുസരിച്ചു ബെങ്കാൾ ബോംബെ മദ്രാസ്സ് എന്നീ നഗരങ്ങളിലെ പ്രസിഡൻസി ബാങ്കുകൾക്ക നോട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം ലഭിച്ചു. ഓരോ ബാങ്കിന്നും കവിഞ്ഞതു് എത്ര നോട്ടടിപ്പാനധികാരമുണ്ടെന്നും (ഉദാഹരണത്തിന്നു ബാങ്ക് ഓഫ് ബങ്കാളിന്നു് 2 കോടി ഉറുപ്പികയുടെ നോട്ടു പുറപ്പെടുവിക്കാം) ഓരോ ബാങ്കും നോട്ടിൻെറ മുഖവിലയുടെ ഏതൊരു ഭാഗമാണ് സ്വൎണ്ണമായി റിസർവ്വിൽ വെയ്ക്കേണ്ടതെന്നും (ഉം: 25 ശതമാനം) വ്യവസ്ഥ ചെയ്തിരുന്നു. ഈ നോട്ടുകൾ ലീഗൽ ടെൻഡറായിരുന്നില്ല. മാത്രമല്ല അവയുടെ പ്രചാരം പരിമിതമായിരുന്നു. ബങ്കാൾ, ബോംബെ, മദ്രാസ്സ് എന്നീ നഗരങ്ങളിൽ മാത്രമാണ് പ്രധാനമായും നോട്ടുകൾ പ്രചരിച്ചിരുന്നതു്.

1861-ൽ നോട്ടടിക്കാനുള്ള അവകാശം ഗവമ്മേണ്ടുതന്നെ ഏറെറടുത്തു. അക്കൊല്ലത്തിലെ XIX-ാം നമ്പ്ര് ആക്ട്പ്രകാരം പ്രസിഡൻസി ബാങ്കുകളുടെ അവ

* J. M. Keynes: Indian Currency and Finance. പേജ് 37—38.

കാശം റദ്ദാക്കുകയും ഗവമ്മേണ്ടിൻെറ പരിപൂൎണ്ണനിയന്ത്രണത്തിൽ പലതരത്തിലുള്ള നോട്ടുകൾ പുറപ്പെടുവിക്കാൻ തീരുമാനിക്കുകയും അതിന്നായി 'പേപ്പർ കറൻസിഡിപ്പാർട്ടുമെണ്ടു' എന്ന ഒരു പ്രത്യേകഡിപ്പാർട്ടുമെണ്ടു സ്ഥാപിക്കുകയും ചെയ്തു.

എന്നാൽ അപ്പോഴും ഇന്ത്യയിലെല്ലായിടത്തും ഒരുപോലെ പ്രചരിപ്പിക്കാവുന്ന നോട്ടുകളല്ല വിതരണം ചെയ്യപ്പെട്ടതു്. രാജ്യത്തെ മുഴുവൻ കൽക്കത്ത, ബോംബെ, മദ്രാസ്സ് എന്നിങ്ങനെ ചില സൎക്കിളുകളായി വിഭജിക്കുകയും ഓരോ സൎക്കിളിലും അച്ചടിച്ചിറക്കുന്ന നോട്ടുകൾ അവിടെ മാത്രമേ പ്രചരിക്കുകയുള്ളു എന്നു വ്യവസ്ഥയേൎപ്പെടുത്തുകയും ചെയ്തിരുന്നു. നോട്ടുകൾക്കു കൂടുതൽ വിപുലമായ പ്രചാരം ആവശ്യമായിത്തീൎന്നപ്പോൾ മാത്രമാണു് ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുകയും അങ്ങനെ ഇന്ത്യയിലൊട്ടുക്കും പ്രചരിക്കുന്ന നോട്ടുകൾ അടിച്ചിറക്കപ്പെടുകയും ചെയ്തതു്.

ആദ്യം 10ക, 20ക, 50ക, 100ക, 500ക, 1,000ക, 10,000 എന്നിവയുടെ നോട്ടുകളാണു് പുറപ്പെടുവിക്കപ്പെട്ടതു്. 20 ക. യുടെ നോട്ടിന്നു വേണ്ടത്ര പ്രചാരമില്ലാതിരുന്നതുകൊണ്ടു പിന്നീടു് (1910_ൽ) അതു പിൻവലിക്കപ്പെട്ടു. 1891_ൽ ചെറിയ അടവുകൾക്കുപകരിക്കാൻവേണ്ടി 5ക. നോട്ടും പ്രചരിക്കപ്പെടാൻ തുടങ്ങി.

1861_ലെ ആക്ടിൽ നോട്ടിൻെറ ഉറപ്പിന്നുവേണ്ടി ഒരു നിശ്ചിതസംഖ്യ റിസൎവ്വായി വെയ്ക്കണമെന്നുവ്യ

വസ്ഥചെയ്തിട്ടുണ്ടായിരുന്നു. നാലുകോടി ഉറുപ്പികവരെ വിലയുള്ള നോട്ടുകൾക്കു പിൻബലമായി സെക്യൂരിററികൾ (പ്രധാനമായി ഇന്ത്യാഗവമ്മേണ്ടിൻെറ ഉറുപ്പിക സെക്യൂരിററികൾ) ഉണ്ടായാൽ മതി. നാലുകോടിയിലധികമായാൽ അധികമുള്ള നോട്ടിൻെറ മുഴുവൻവിലയും വെള്ളിനാണ്യമായോ ലോഹമായോ റിസവ്വിൽ വെയ്ക്കണം. കൂടുതൽ നോട്ടടിക്കാതിരിക്കാനുള്ള ഒരു മുൻകരുതലെന്ന നിലയ്ക്കു് ഇതു പ്രയോജനപ്പെട്ടേയ്ക്കാം. എന്നാൽ നാട്ടുകാരുടെ ആവശ്യങ്ങൾക്കൊത്ത തരത്തിൽ നോട്ടുകൾ വിതരണം ചെയ്യാൻ ഈ വ്യവസ്ഥയ്ക്കു സാദ്ധ്യമല്ല. ചബലാനി എന്ന ധനശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, "നോട്ടുകളടിക്കുന്നതുകൊണ്ടു ഗവമ്മേണ്ടിനു യാതൊരു ലാഭവുമുണ്ടായില്ല; കാരണം, നോട്ടുകളുടെ വിലക്കു തുല്യമായ നാണ്യങ്ങളോ ലോഹമോ റിസവ്വിൽ വെയ്ക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ടു നോട്ടടിക്കൽ ഉറുപ്പിക അടിച്ചിറക്കലിനേക്കാൾ ഒട്ടും തന്നെ ചെലവു കുറഞ്ഞതായിരുന്നില്ല"*

1893_ൽ മുദ്രണശാലകൾ പൂട്ടിയതോടുകൂടി ഈ സ്ഥിതിക്കു കുറച്ചൊരു മാററമുണ്ടായി. ഉറുപ്പിക പൂണ്ണവിലയില്ലാത്ത ടോക്കൻ നാണ്യമായി മാറിയതുകൊണ്ടു് നോട്ടിൻെറ പിൻബലമായ റിസവ്വിൽ മുമ്പേത്തേക്കാൾ കുറഞ്ഞ വെള്ളി വെച്ചാൽ മതിയെന്നായി. വേറെയും

* Chablani: Indian Currency, Banking and Exchange പേജ് 21.

ചില മാററങ്ങൾ വരുത്തപ്പെട്ടു. ഫിഡ്യൂഷ്യറിഭാഗം—അതായതു വെള്ളിയുടെ പിൻബലമില്ലാതെ അടിക്കാവുന്ന നോട്ടുകളുടെ തുക—1861-ൽ 4 കോടി ക.യായിരുന്നതു് 1913 ആകുമ്പോഴേയ്ക്കും 14 കോടി ക.യായി വദ്ധിച്ചു. ഇതിൻെറ അത്ഥം നോട്ടുകളുടെ തുക 14 കോടി ക.യിൽ കവിഞ്ഞാൽ മാത്രമേ കൂടുതലായ നോട്ടുകളുടെ മുഴവൻ വിലയും വെള്ളിയായി വെയ്ക്കേണ്ടതുള്ളുവെന്നാണു്. ഈ 14 കോടി ക.യിൽ (£ 9,333,000) 4 കോടി ക.(£2,666,000) ഇംഗ്ലീഷുസെക്യൂരിററികളായി വെയ്ക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഈ തുകകളിൽ നിന്നു കിട്ടുന്ന പലിശയിൽ പേപ്പർ കറൻസി ഡിപ്പാർട്ടുമെണ്ടിൻെറ ചെലവുകഴിച്ചു ബാക്കിയുള്ളതു 'നോട്ടു പ്രചരണലാഭം' എന്ന പേരോടുകൂടി ഗവമ്മേണ്ടിൻെറ പൊതുവരുമാനങ്ങളിൽ കൂട്ടിച്ചേക്കപ്പെട്ടുവന്നു.

1898 വരെയും ഫിഡ്യൂഷ്യറിവിഭാഗം കഴിച്ചു് ബാക്കിയുള്ളതു മുഴവനും 'പേപ്പർ കറൻസി റിസവ്വ്' എന്ന പേരിൽ വെള്ളിനാണ്യങ്ങളായി ഇന്ത്യയിൽത്തന്നെയാണു് വെച്ചിരുന്നതു്. 1898-ലെ ഗോൾഡു്ആക്ടു്പ്രകാരം ഈ പേപ്പർ കറൻസിറിസവ്വിൻെറ ഒരു ഭാഗം സ്വണ്ണമായി വെയ്ക്കാവുന്നതാണെന്നു തീരുമാനിക്കപ്പെട്ടു. ഇന്ത്യയിൽ പ്രചരിക്കുന്ന നോട്ടുകളുടെ ഉറപ്പിന്നു വേണ്ടിയുള്ള ഈ സ്വണ്ണം ലണ്ടനിൽ നിക്ഷേപിച്ചാൽ മതിയെന്നും നിശ്ചയിക്കപ്പെട്ടു! റിസവ്വിലെ ലോഹങ്ങൾ എത്രകണ്ടു സ്വണ്ണമായും എത്രകണ്ടു വെള്ളിയായും വെയ്ക്കണമെ

നും അതിലെത്രകണ്ടു ലണ്ടനിൽ വെയ്ക്കണമെന്നും തീരു മാനിക്കുവാൻ 1905_ലെ ആക്ട് ഗവമ്മേണ്ടിന്നധികാരം നല്കി. ഉറുപ്പികനാണ്യങ്ങൾ എന്തായാലും ഇന്ത്യയിൽ വെയ്ക്കണമെന്നു മാത്രമേ നിർബ്ബന്ധമുണ്ടായിരുന്നുള്ളു.

നോട്ടുകൾ നാണ്യങ്ങളാക്കി മാററാൻ ബുദ്ധിമുട്ടുണ്ടാകാതിരിക്കത്തക്കവണ്ണം കറൻസിവ്യവസ്ഥയ്ക്കു പിൻബലം നല്കുവാൻ വേണ്ടിയാണ് പേപ്പർ കറൻസി സ്ഥാപിക്കപ്പെട്ടതു്. എന്നാൽ 1905 മുതല്ക്കു ലണ്ടനിൽ നിക്ഷേപിച്ച സ്വർണ്ണവും സ്റ്റർലിങ്ങ് സെക്യൂരിററികളും വിനിമയവ്യവസ്ഥയുടെ പിൻബലമായും ഉപയോഗിക്കപ്പെടാൻ തുടങ്ങി. അതായതു് ഇന്ത്യയിൽ ഇഷ്യൂ ചെയ്യുന്ന റിവേർസു കൌൺസിൽബില്ലുകൾ വകയ്ക്കു ലണ്ടനിലടയ്ക്കേണ്ട സംഖ്യകൾ ഗോൾഡ് സ്റ്റാൻഡേഡ് റിസർവ്വിൽനിന്നു മാത്രമല്ല, പേപ്പർ കറൻസി റിസർവ്വിൽനിന്നും അടച്ചുതീക്കാൻ തുടങ്ങി.

ഇത്രയും വിവരിച്ചതിൽനിന്നു് 1899 മുതൽ 1914 വരെ നിലനിന്നുപോന്ന കറൻസിവ്യവസ്ഥയുടെ—സ്വർണ്ണവിനിമയമാനത്തിൻെറ—പ്രധാനസ്വഭാവങ്ങളെ ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്:—

1. കറൻസിവ്യവസ്ഥയിൽ രണ്ടു തരത്തിലുള്ള നാണ്യങ്ങളുണ്ടു്: ഉറുപ്പികയും—സോവറിനും. സോവറിൻ (പൌണ്ടു് സ്റ്റർലിങ്ങ്) സാധാരണയായി മറുനാടുകളിലെ അടവുകൾക്കു് ഉപയോഗിക്കപ്പെടുന്നു.

2. സോവറിൻെറ വില 15 ക.യായിരിക്കും. അതായതു് 1ഷി 4പെ=1 ഉറുപ്പിക. 1ഷി 4പെൻസിൻെറ

പ്രതിനിധിമാത്രമായ ഉറുപ്പിക വെറുമൊരു ടൊക്കൻ നാണ്യമായിരിക്കും.

3. സോവറിന്നുപകരം നിശ്ചിതനിരക്കനുസരിച്ച് എത്ര ഉറുപ്പികവേണമെങ്കിലും ഗവമ്മേണ്ടിൽനിന്നാവശ്യപ്പെടാവുന്നതാണ്.

4. നേരെമറിച്ച് ഉറുപ്പികക്കു പകരം സ്വൎണ്ണനാണ്യം കിട്ടണമെന്നാവശ്യപ്പെടാൻ ജനങ്ങൾക്കു നിവൃത്തിയില്ല. എങ്കിലും സാധാരണയായി മറുനാട്ടിലെ ഉപയോഗങ്ങൾക്കും മററു വിനിമയാവശ്യങ്ങൾക്കും സോവറിൻ നല്കപ്പെടുന്നതാണ്.

5. കൌൺസിൽ ബില്ലുകളുടേയും റിവേർസ് കൌൺസിൽ ബില്ലുകളുടേയും സഹായത്തോടുകൂടി ഉറുപ്പികയുടെ വിനിമയനിരക്ക് 1 ഷി. 4 പെൻസാക്കി നിലനിത്തുന്നതാണ്.

6. ഈയാവശ്യത്തിന്നുവേണ്ടി ലണ്ടനിലും ഇന്ത്യയിലും ഓരോ റിസവ്വുണ്ടായിരിക്കും.

# അദ്ധ്യായം ൯

## ഉറുപ്പികയും ഒന്നാം ലോകമഹായുദ്ധവും

സ്വൎണ്ണവിനിമയമാനം കൃത്രിമവും അസ്വാഭാവികവുമായ ഒരു കറൻസിവ്യവസ്ഥയാണ്. കാരണം, ഈ വ്യവസ്ഥയിൽ വിനിമയനിരക്കു വെള്ളിനാണ്യത്തിലട

ങ്ങിയ ലോഹത്തിന്റെ വിലയെ ആശ്രയിച്ചിരിക്കുകയി ല്ല. വെള്ളിയുറുപ്പിക വെറുമൊരു ടോക്കൻ നാണ്യമാണ്. 1893ന്നു മുമ്പ്, വെള്ളിയുറുപ്പിക പൂർണ്ണവിലയുള്ള നാണ്യമായിരുന്ന കാലത്ത്, വെള്ളിയുടെ വിലയിടിവ് ഏതുവിധമാണ് ഉറുപ്പികയുടെ വിനിമയനിരക്കിനെ ബാധിച്ചതെന്നു നമ്മൾ കാണുകയുണ്ടായി. എന്നാൽ 1899 മുതൽ ലോകമഹായുദ്ധം വരെയും (ശരിക്കു പറകയാണെങ്കിൽ 1899 മുതൽ 1916 വരെ) വെള്ളിയുടെ വിലയിലുണ്ടായ കയററമിറക്കങ്ങൾ ഉറുപ്പികയുടെ വിനിമയനിരക്കിനെ ബാധിക്കുകയുണ്ടായില്ല. വിനിമയനിരക്കു ലോഹവിലയെയല്ല വിദേശബില്ലുകളുടെ സപ്ലൈയേയും ഡിമാണ്ടിനേയുമാണാശ്രയിച്ചിരുന്നത്. അതുകൊണ്ട് കൌൺസിൽ ബില്ലുകളുടേയും റിവേഴ്സ് കൌൺസിൽ ബില്ലുകളുടേയും വില്പനവഴിയ്ക്കു വിനിമയനിരക്കു 16 പെൻസാക്കി നിലനിത്താൻ അധികൃതന്മാക്കു സാധിച്ചു.

മററു പരിഷ്കൃതരാജ്യങ്ങളിലെങ്ങും കാണാൻ കഴിയാത്ത ഈ വിചിത്രമായ കറൻസിവ്യവസ്ഥ ഇന്ത്യയുടെ പരിതഃസ്ഥിതികൾക്ക് ഏററവും പററിയതാണെന്നു പറഞ്ഞുകൊണ്ടു ധനശാസ്ത്രജ്ഞന്മാർ നീണ്ടനീണ്ട ലേഖനങ്ങളും പുസ്തകങ്ങളും എഴുതി വിടുകയുണ്ടായി. പക്ഷേ, ലോകമഹായുദ്ധം അവരുടെ വ്യാമോഹങ്ങളെയെല്ലാം തകത്തുകളഞ്ഞു. ബ്രിട്ടീഷു മുതലാളിയുടെ നിയമങ്ങളെക്കാളധികം ധനശാസ്ത്രതത്വങ്ങൾക്കാണ് ശക്തികൂടുകയെന്നു ലോകത്തിന്നു ബോധപ്പെടാൻ തുടങ്ങി.

ഇന്ത്യയിൽ പ്രചരിക്കുന്ന ഉറുപ്പിക പൂർണ്ണമല്ലാത്ത ടോക്കൻ നാണ്യമായിരിക്കുക; പക്ഷേ, അതേസമയത്തു നിശ്ചിതനിരക്കിൽ 16 പെൻസിന്നു 1ക. എന്ന തോതിൽ ഉറുപ്പിക കൊടുത്താൽ വിദേശവിനിമയം കിട്ടാനുള്ള ഏർപ്പാടുണ്ടായിരിക്കുക; ഇതാണല്ലോ വിനിമയമാന വ്യവസ്ഥയുടെ പ്രധാനമായ സ്വഭാവം. വെള്ളിയുടെ വിലവർദ്ധനവിന്റെ ഫലമായ ഉറുപ്പിക ടോക്കൻ നാണ്യമല്ലാതായിത്തീർന്നാൽ, അതായതു ഉറുപ്പികയുടെ വെള്ളിവില അതിന്റെ മുഖവിലയേക്കാൾ വർദ്ധിച്ചാൽ സ്വർണ്ണവിനിമയമാനം തനിയെ തകർന്നുപോകും. ഇതാണു ലോകമഹായുദ്ധകാലത്തു സംഭവിച്ചതു്.

1914 ജൂലായിമാസത്തിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ട ഉടനെ മററു പലതിലുമെന്നപോലെ നാണയകാര്യത്തിലും ബുദ്ധിമുട്ടുകൾ നേരിട്ടു. ആദ്യത്തെ ചില മാസങ്ങളിൽ നാട്ടിലൊട്ടുക്കും അമ്പരപ്പും അസ്ഥിരതയും കാണപ്പെട്ടു. ബേങ്കിൽ നിക്ഷേപിച്ചിരുന്ന പണം ആളുകൾ തിരിച്ചുവാങ്ങാൻ തുടങ്ങി. സേവിങ്സ് ബാങ്കിലും കറൻസിനോട്ടിലുമുള്ള വിശ്വാസം കുറഞ്ഞു. ഈ താല്ക്കാലികക്കുഴപ്പങ്ങളിൽനിന്നു രക്ഷനേടുവാൻ ഗവമ്മേണ്ടിന്നു വലിയ പ്രയാസമൊന്നുമുണ്ടായില്ല. എന്നാൽ ക്രമത്തിൽ സ്ഥിതിഗതികൾ മോശമായിക്കൊണ്ടുവന്നു. യുദ്ധത്തിന്റെ ആഘാതങ്ങൾ കറൻസിവ്യവസ്ഥയെ താറുമാറാക്കാൻ തുടങ്ങി. അതിലിടയ്ക്കാണു ഇംഗ്ലണ്ടു സ്വർണ്ണമാനം ഉപേക്ഷിച്ചതു്. ഇതു് ഇംഗ്ലീഷുകറൻസിയുമായി ബന്ധിക്കപ്പെട്ട ഉറുപ്പികയേയും ബാധിച്ചുവെന്നു പ

റയേണ്ടതില്ലല്ലോ. ഇന്ത്യയുടെ പേരിൽ ഇംഗ്ലണ്ടിൽ നിക്ഷേപിക്കപ്പെട്ട പണമെല്ലാം അതുവരെയും സ്വർണ്ണത്തിൻെറ അടിസ്ഥാനത്തിലായിരുന്നു. സ്വർണ്ണമാനം തകൎന്നതോടെ ഒരു ഞൊടിയിടകൊണ്ടു നമ്മുടെ സ്വർണ്ണനിക്ഷേപങ്ങളെല്ലാം സ്റ്റർലിങ്ങ് കടലാസ്സുകളായി മാറി!

1916 ആകുമ്പോഴേയ്ക്കും യുദ്ധത്തിൻെറ ആഘാതങ്ങൾ ഇന്ത്യയുടെ കറൻസി വ്യവസ്ഥയിൽ തികച്ചും പ്രതിഫലിക്കാൻ തുടങ്ങി. നമ്മുടെ അനുകൂലവാണിജ്യം (മിച്ചക്കയററുമതി) മുമ്പത്തേക്കാൾ എത്രയോ അധികമായിത്തീൎന്നു. 1914_15ൽ കയററുമതി ഇറക്കുമതിയേക്കാൾ 29,108,500 പൌണ്ടായിരുന്നു. 1916_17_ൽ മിച്ചക്കയററുമതി 60,843,200 പൌണ്ടും 1917-18-ൽ 61,420,000 പൌണ്ടും 1918-19-ൽ 56,540,000 പൌണ്ടുമായിരുന്നു. അസംസ്കൃതസാധനങ്ങൾ, ഭക്ഷണസാമഗ്രികൾ, യുദ്ധാവശ്യത്തിന്നുതകുന്ന മററു ചരക്കുകൾ മുതലായവയുടെ കയററുമതി വൎദ്ധിക്കുകയും അതേ സമയത്തു പ്രധാനപ്പെട്ട പലചരക്കുകളുടേയും (?) കുറയുകയും ചെയ്തതാണ് ഇതിന്നു കാരണം. അനുകൂലവാണിജ്യം ഉറുപ്പികയുടെ ഡിമാണ്ടു വൎദ്ധിപ്പിക്കുകയും വിനിമയനിരക്കു മെല്ലെ മെല്ലെ ഉയൎത്താൻ തുടങ്ങുകയും ചെയ്തു.

ഉറുപ്പികയുടെ ഡിമാണ്ടു വൎദ്ധിക്കാൻ മററു കാരണങ്ങളുമുണ്ടായി. ഇറാക്ക്, ഇറാൻ, കിഴക്കെ ആഫ്രിക്ക മുതലായ രാജ്യങ്ങളിലെ യുദ്ധച്ചെലവുകൾക്കു ഉറുപ്പികയാവശ്യമായിവന്നു. ഇന്ത്യയിൽത്തന്നെ പട്ടാളക്കാരുടെ ശമ്പളത്തിന്നും യുദ്ധസാമഗ്രികൾ ശേഖരിക്കുന്നതിന്നും മ

ററു യുദ്ധച്ചെലവുകൾക്കും ഉറുപ്പിക ധാരാളമായി ചെല വിടേണ്ടി വന്നു. ഈ ചെലവുകൾക്കു പകരമായി ഇന്ത്യ യുടെ പേരിൽ സ്റ്റർലിങ്ങ് വരവു പിടിച്ചിരുന്നുവെന്ന തു വാസ്തവംതന്നെ. പക്ഷേ ബാങ്ക് ഓഫ് ഇംഗ്ലണ്ടിലെ കണക്കുപുസ്തകങ്ങളിലെ ചില വരികൾക്ക് ഇന്ത്യയി ലെ നാണ്യക്കുഴപ്പം പരിഹരിക്കാൻ കഴിയില്ല. 1914 മു തൽ 1919 വരെയുള്ള യുദ്ധവർഷങ്ങളിൽ ഈ ചെലവു കൾ ആകെ 240,000,000 (ഇരുപത്തിനാലുകോടി) പൌണ്ടു് സ്റ്റർലിങ്ങ് (360 കോടി ഉറുപ്പിക) ആയിരു ന്നു. പോരെങ്കിൽ അമേരിക്കയും ബ്രിട്ടനും ഇന്ത്യൻ ക മ്പോളങ്ങളിൽനിന്നു വാങ്ങിയിരുന്ന മററു ചരക്കുകളുടെ വിലകളും സ്റ്റർലിങ്ങ് കണക്കിൽ വരവുപിടിക്കുക മാത്ര മാണ് ചെയ്തിരുന്നതു്. അന്നത്തെ ധനകാര്യമെമ്പറായ സർവില്യംമേയർ സമ്മതിക്കുകയുണ്ടായി: "യുദ്ധച്ചെലവു കൾ വഹിക്കുന്ന കാര്യത്തിൽ സാമ്രാജ്യത്തിന്നു് ഇന്ത്യ ചെയ്തിട്ടുള്ള സഹായം ഗണ്യമായതാണ്." ചരക്കുകൾ ക്കുപകരമായി സ്വർണ്ണമോ വെള്ളിയോ ഇന്ത്യയിലേയ്ക്കിറ ക്കുമതി ചെയ്യുന്നതിനെ നിയമം വിലക്കിയിരുന്നു. ഒരു ഭാഗത്തു് ഉറുപ്പികയുടെ ഡിമാണ്ട് വർദ്ധിച്ചുകൊണ്ടുവരി ക, മറുഭാഗത്തു് വെള്ളിയുടെ സപ്ലൈ കുറഞ്ഞുകൊണ്ടു വരിക—ഇതായിരുന്നു സ്ഥിതി. യുദ്ധത്തിന്നു മുമ്പുള്ള അ ഞ്ചു കൊല്ലങ്ങളിൽ ആകെ 54 കോടി ക. യ്ക്കുള്ള സ്വർണ്ണ വും വെള്ളിയും മാത്രമാണ് വന്നതു്. നമ്മൾ അടിമക ളായതുകൊണ്ടു ചരക്കുകൾക്കു പകരം ചരക്കോ ലോഹ മോ കിട്ടണമെന്നാവശ്യപ്പെടാൻ നമുക്കധികാരമില്ല.

ഈ സ്ഥിതിയുടെ ഫലമായി ഇന്ത്യക്കു നേരിട്ട വിഷമതകൾക്ക "യുദ്ധസംബന്ധമായ ത്യാഗങ്ങൾ" എന്നാണു് അന്നത്തെ ധനകാര്യമെമ്പർ പേരിട്ടതു്.

ഈ കാരണങ്ങളുടെയെല്ലാം ഫലമായി ഇന്ത്യയിൽ കറൻസിയുടെ ഡിമാണ്ടു വർദ്ധിച്ചുകൊണ്ടേവന്നു. 1904-നും 1909-നും ഇടയിൽ(കറൻസിക്കു് നല്ല ഡിമാണ്ടുണ്ടായിരുന്നകാലമായിരുന്നു അതു്)ആകെ180,000,000 സ്റ്റാൻഡേഡ് ഔൺസ് വെള്ളിയാണു് ഉറുപ്പികയടിക്കാനുപയോഗിച്ചിരുന്നതു്. എന്നാൽ 1916 ഏപ്രിലിനും 1919മാർച്ചിന്നുമിടയിൽ ആകെ 500,000,000സ്റ്റാൻഡേഡ് വെള്ളി ഉറുപ്പികയാക്കപ്പെട്ടു. നോട്ടിൻെറ വർദ്ധനവു് ഇതിലുമധികം ഗൌരവാവഹമാണു്. 1914 മാർച്ചിൽ സുമാർ66 കോടി ക.യുടെ നോട്ടാണു് പ്രചാരത്തിലുണ്ടായിരുന്നതു്. 1919 ഡിസമ്പറിൽ ഈ സംഖ്യ 183 കോടി ക. യായിത്തീൻ്നു. നോട്ടിൻെറ ഉറപ്പിന്നുവേണ്ടി വെച്ചുന്ന റിസർവ്വിൻെറ തോതും കുറയ്ക്കപ്പെട്ടു. യുദ്ധാരംഭത്തിൽ "എഡ്യൂസ്യറി ഇസ്യൂ" അതായതു ലോഹത്തിൻെറ ഉറപ്പുകൂടാതെ പുറപ്പെടുവിക്കുന്ന നോട്ടുകളുടെ അതിർത്തി, 14 കോടി ക. യായിരുന്നു. എന്നാൽ 1919 ൻെറ അവസാനമായപ്പോഴേയ്ക്കും ഇതു 120 കോടി ക. യായി വദ്ധിച്ചു. സർ വില്യം മേയർ ചൂണ്ടിക്കാണിച്ചു: "ഈ പ്രവൃത്തനങ്ങൾകൊണ്ടു നമുക്ക ഗവമ്മേണ്ടിനെ എത്രത്തോളം സഹായിക്കാൻ സാധിച്ചിട്ടുണ്ടെന്നു് അധികം പേർ മനസ്സിലാക്കിയിട്ടില്ല.

ഈ പരിതഃസ്ഥിതിയിൽ വെള്ളിയുടെ നിലയെന്തായിരുന്നു? മിക്ക രാജ്യങ്ങളിലും വെള്ളിയുടെ ഡിമാണ്ട് പൂർവ്വാധികം വർദ്ധിച്ചുകൊണ്ടാണ് വന്നത്. ഡിമാണ്ടനുസരിച്ചു സപ്ലൈ വർദ്ധിക്കുകയുണ്ടായില്ല. എന്നല്ലാ, ഉല്പാദനം കുറഞ്ഞതിനാലും വെള്ളി ധാരാളമായി ഉല്പാദിപ്പിച്ചിരുന്ന മെക്സിക്കൊ മുതലായ രാജ്യങ്ങളിൽ രാഷ്ട്രീയാസ്വാസ്ഥ്യങ്ങൾ പൊട്ടിപ്പുറപ്പെട്ടതിനാലും നിയമസംബന്ധിയായ ചില പ്രതിബന്ധങ്ങളാലും അതുപോലെയുള്ള മററുകാരണങ്ങളാലും വെള്ളിയുടെ സപ്ലൈ ക്രമത്തിൽ കുറയാൻ തുടങ്ങുകയും ചെയ്തു. ഇതിൻെറയെല്ലാം ഫലമായി വെള്ളിയുടെ വില കയറാൻ തുടങ്ങി. 1915-ൽ വെള്ളിയുടെ വില ഔൺസിന്നു് $27\frac{1}{4}$ പെൻസ് മാത്രമായിരുന്നു. 1918 ഏപ്രിൽ മാസത്തിൽ അതു് $35\frac{1}{8}$ പെൻസായും 1916 ഡിസമ്പറിൽ 37 പെൻസായും 1917 ആഗസ്റ്റിൽ 43 പെൻസായും വർദ്ധിച്ചു.

വെള്ളിക്കു് 24 പെൻസ് വിലയുണ്ടായിരുന്ന കാലത്തു് ഒരുറുപ്പികയിലടങ്ങിയ അതേ വെള്ളിയുടെ വില സുമാർ 9 പെൻസായിരുന്നു. വെള്ളി വില 43 പെൻസായപ്പോൾ ഉറുപ്പികയിലടങ്ങിയ അതേ വെള്ളിയുടെ വില 16 പെൻസായി ഉയൎന്നു. ഉറുപ്പികയുടെ മുഖവിലയും വെള്ളിവിലയും ഒന്നായിത്തീൎന്നുവെന്നത്ഥം. മറെറാരു വിധത്തിൽ പറഞ്ഞാൽ 1917 ആഗസ്റ്റായപ്പോഴേയ്ക്കും ഉറുപ്പിക ടൊക്കൻനാണ്യമല്ലാതായിത്തീൎന്നു.

വെള്ളിയുടെ വില 43 പെൻസായി ഉറച്ചു നില്ക്കാതെ പിന്നെയും വർദ്ധിക്കുകയാണെന്നങ്കിലോ? നിലവിലുള്ള

വിനിമയനിരക്ക് 16 പെൻസായിരിക്കെ, ഉറുപ്പികയിലടങ്ങിയ വെള്ളിയുടെ വില 16 പെൻസിൽ കവിഞ്ഞാൽ ഉറുപ്പികയുരുക്കി വില്ക്കുന്നതു കൂടുതൽ ആദായകരമായിരിക്കും. കാരണം ഉറുപ്പികവില 16 പെൻസായിരിക്കണമെന്നു് നിയമം എത്ര ശാസിച്ചാലും ശരി അതിലടങ്ങിയ വെള്ളി ഉരുക്കി വിററാൽ 16 പേൻസിലധികം കിട്ടും. ഈ പരിതഃസ്ഥിതിയിൽ വിനിമയനിരക്ക് 16 പെൻസാക്കി നിലനിർത്താൻ എത്ര വലിയ സാമ്രാജ്യശക്തിക്കും സാധിക്കുകയില്ല. ധനശാസ്ത്രതത്വങ്ങൾ എല്ലായ്പോഴും സാമ്രാജ്യാധിപത്യങ്ങളേക്കാൾ ശക്തി കൂടിയവയത്രെ.

ഇതാണു് സംഭവിച്ചതു്: വെള്ളിയുടെ വില പിന്നേയും വർദ്ധിച്ചുകൊണ്ടേ വന്നു. താഴെ കൊടുത്ത പട്ടിക നോക്കുക:—

| കൊല്ലം | ഒരു സ്റ്റാൻഡേർഡ് ഔൺസ് വെള്ളിയുടെ വില. | |
|---|---|---|
| 1915 | $27\frac{1}{4}$ | പെൻസ് |
| 1916 ഏപ്രിൽ | $35\frac{1}{8}$ | ,, |
| 1917 ആഗസ്റ്റ് | 43 | ,, |
| 1917 സപ്റ്റെമ്പർ | 55 | ,, |
| 1919 മേയ് | 58 | ,, |
| 1919 ഡിസമ്പർ | 78 | ,, |

ഇങ്ങനെ വർദ്ധിച്ചു വർദ്ധിച്ചു് 1920-ൽ വെള്ളിയുടെ വില 89 പെൻസായിത്തീൎന്നു.

വെള്ളിയുടെ സ്വകാര്യ ഇറക്കുമതി നിരോധിക്കുക അമേരിക്കയിൽനിന്ന് നാണയാവശ്യങ്ങൾക്കു വെള്ളി വാങ്ങുക, (1918-ൽ ഇങ്ങനെ അമേരിക്കയിൽനിന്ന് 20 കോടി ഔൺസ് വെള്ളി വാങ്ങുകയുണ്ടായി. ഔൺസിന്ന് 80 പെൻസെന്ന നിരക്കിൽ വാങ്ങിയ ഈ വെള്ളിയാണ് പിന്നീട സാമ്പത്തികക്കുഴപ്പക്കാലത്ത് ഔൺസിന്ന് ഏതാണ്ട് 20 പെൻസെന്ന നിരക്കിൽ വിററഴിച്ചത്!) വിനിമയം (കൌൺസിൽ ബില്ലുകളുടെ വില്പന) നിയന്ത്രിക്കുക മുതലായ പല മാർഗ്ഗങ്ങളും അധികൃതന്മാർ അവലംബിച്ചുനോക്കി. എങ്കിലും പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. ഒടുവിൽ ഈ നാണ്യക്കുഴപ്പത്തിൽനിന്നു രക്ഷ നേടുവാൻ വേണ്ടി, ഗവൎമ്മേണ്ട് ഉറുപ്പികയുടെ വിനിമയനിരക്കു വൎദ്ധിപ്പിക്കാനൊരുങ്ങി. 1917 ആഗസ്റ്റ് 28-ാംനു- ടി. ടി. (ടെലഗ്രാഫിക്ക് ട്രാൻസ്ഫറിൻെറ)യുടെ വില 16⅛ പെൻസിൽനിന്ന് 17 പെൻസാക്കി ഉയൎത്തി. ഉറുപ്പികയുടെ വിനിമയനിരക്കു മേലിൽ വെള്ളിയുടെ വിലയെ അടിസ്ഥാനമാക്കി നിജപ്പെടുത്തുന്നതായിരിക്കുമെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. അങ്ങനെ കൌൺസിൽ ഡ്രാഫ്ടുകളുടെ വില്പനയെ ആശ്രയിച്ചു പോന്നതും സാമ്രാജ്യാധിപത്യത്തിൻെറ എച്ചിൽനക്കികളായ അനേകം ധനശാസ്ത്രജ്ഞന്മാരുടെ പ്രശംസക്കു പാത്രമായിത്തീൎന്നതുമായ സ്വൎണ്ണവിനിമയമാനം തകൎന്നു പാളീസായി.

വെള്ളിവില വൎദ്ധിച്ചതിൻെറ ഫലമായി, ഉറുപ്പി

കയുടെ വിനിമയനിരക്കു കൂടിക്കൂടി വന്നതെങ്ങനെ യെന്നു നോക്കുക.

| തിയ്യതി. | ഉറുപ്പികയുടെ ടെലഗ്രാഫിക് ട്രാൻസ്ഫർനിരക്ക്. |
|---|---|
| 1917 ജനുവരി 3-ാംനു- | 1ഷി. $4\frac{1}{4}$പെ. |
| 1917 ആഗസ്റ്റ് 28-ാംനു- | 1ഷി. 5പെ. |
| 1918 ഏപ്രിൽ 12-ാംനു- | 1ഷി. 6പെ. |
| 1919 മേയ് 13-ാംനു- | 1ഷി. 8പെ. |
| 1919 ഏഗസ്റ്റ് 12-ാംനു- | 1ഷി. 10പെ. |
| 1919 സപ്റ്റെമ്പർ 18-ാംനു- | 2ഷി. 0പെ. |
| 1919 നവമ്പർ 22-ാംനു- | 2ഷി. 2പെ. |
| 1919 ഡിസമ്പർ 12-ാംനു- | 2ഷി. 4പെ. |

## അദ്ധ്യായം ൭

## ബേബിങ്ങ്ടൺ സ്മിത്ത് കമ്മിററി

1919 മെയ്മാസത്തിൽ, ഇന്ത്യയുടെ കറൻസിപ്രശ്നത്തെപ്പററിയാലോചിപ്പാൻവേണ്ടി സർ ഹെൻറി ബേബിങ്ങ്ടൻ സ്മിത്തിൻെറ അദ്ധ്യക്ഷതയിൽ ഒരു കറൻസികമ്മിററി നിയമിക്കപ്പെട്ടു. (വിനിമയനിരക്ക് ആ സമയത്തു 20 പെൻസായിരുന്നു.) യുദ്ധത്തിൻെറ ഫലമായി ഇന്ത്യയുടെ കറൻസിവ്യവസ്ഥയിലുണ്ടായ മാററങ്ങളെന്തെല്ലാമെന്നു പരിശോധിക്കുകയും സ്വർണ്ണവിനിമയമാ

നം സ്ഥിരമാക്കിനിത്താനാവശ്യമായ നടപടികളെന്തൊക്കെയായിരിക്കണമെന്നു് ശിപാശ്ചെയ്യുകയുമായിരുന്നു കമ്മിററിയുടെ പ്രവൃത്തി. എന്നാൽ എക്സ്ചേംജ് സ്റ്റാൻഡേഡിന്നു പകരം ഇന്ത്യയുടെ അഭിവൃദ്ധിക്കുതകുന്ന മറെറാരു സ്റ്റാൻഡേർഡ് ശിപാശ്ചെയ്യുവാൻ കമ്മിററിക്കധികാരമുണ്ടായിരുന്നില്ല.

കമ്മിററിയുടെ ശിപാശികളിൽ ഏററവും പ്രധാനമായതു് പത്തുറുപ്പികക്കു 1 സോവറിൻ (ഒരുറുപ്പികക്കു 2ഷില്ലിങ്ങ്) എന്ന നിരക്ക നടപ്പിൽ വരുത്തണമെന്നായിരുന്നു. (ഈ നിരക്കപ്രകാരം ഒരുറുപ്പിക 11,30016 ഗ്രേൻ പരിശുദ്ധസ്വണ്ണത്തിന്നു് സമമായിരിക്കും) ഉറുപ്പികയെ എന്നെന്നും ഒരു നാണ്യമാക്കിവെക്കുവാൻ ഇത്ര ഉയൎന്ന വിനിമയനിരക്കാവശ്യമാണെന്നു കമ്മിററി വിചാരിച്ചു. ഇന്ത്യയിൽ വിദേശസാമഗ്രികളുടെ ഇറക്കുമതി വദ്ധിപ്പിക്കാനും ഉയൎന്ന നിരക്ക് ആവശ്യമാണെന്നു കമ്മിററി മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണു് കൌൺസിൽബിൽ റിവേർസ് കൌൺസിൽബിൽ മുതലായ പഴയ മാൎഗ്ഗങ്ങളുടെ സഹായത്തോടുകൂടി ഉറുപ്പികയെ 2 ഷില്ലിങ്ങിന്നു സമമാക്കി നിത്തണമെന്നു കമ്മിററി അഭിപ്രായപ്പെട്ടതു്. കമ്മിററിയുടെ അഭിപ്രായത്തിൽ ഉയൎന്ന വിനിമയനിരക്ക് ഇന്ത്യക്കു പററിയതാണ്. അവർ പറയുന്നു:—

"ഉയൎന്ന വിനിമയനിരക്ക്, അതു് ഇന്ത്യയിലെ വിലക്കയററത്തെ തടയുകയും മന്ദീഭവിപ്പിക്കുകയും ചെയ്യു

ന്നോടടുത്തോളം കാലം, രാജ്യത്തിന്നു പൊതുവിൽ ഗുണപ്രദമാണ്, വിനിമയനിരക്കിനെ ഉയൎന്ന തോതിൽ ഉറപ്പിക്കുന്നതുകൊണ്ടു്, ഇന്ത്യൻ വ്യാപാരത്തിന്നു സ്ഥിരമായ യാതൊരു കോട്ടവും തട്ടാനില്ല.''

ഈ അഭിപ്രായം വാസ്തവത്തിൽനിന്നു് എത്രയോ അകലെയാണെന്ന കാൎയ്യത്തിൽ സംശയമില്ല.

വിനിമയനിരക്കു 2ഷി. ആണെങ്കിൽ (10 ക.=1 സോവറിൻ) ഒരു സോവറിൻ വിലയുള്ള ഇറക്കുമതിച്ചരക്കിന്നു 10ക. കൊടുത്താൽ മതി. വിനിമയനിരക്ക് അതിലും കുറവാണെങ്കിൽ—ഉദാഹരണത്തിന്നു് 1ഷി. 4പെ. ആണെങ്കിൽ—അതേ ചരക്കിന്നു കൂടുതൽ വില കൊടുക്കേണ്ടിവരും. വസ്ത്രം മുതലായ ഉപഭോഗസാമഗ്രികൾ കുറഞ്ഞ വിലയ്ക്കു് ഇറക്കുമതി ചെയ്യുകയാണെങ്കിൽ, അവയോടു മത്സരിച്ചുകൊണ്ടു് ഇന്ത്യൻവ്യവസായങ്ങൾക്കു വളരാൻ കഴികയില്ല. മി. എയിൻസ്കഫ് ഇക്കാൎയ്യം തുറന്നു സമ്മതിക്കുന്നുണ്ടു്:—

"ഉയൎന്ന വിനിമയനിരക്കു ബ്രിട്ടീഷ് ഉല്പാദകന്നു് അയാളുടെ ഇന്ത്യൻ എതിരാളിയെ അപേക്ഷിച്ചു കൂടുതൽ അനുകൂലമാണ്. അതുകൊണ്ടു്, പൊതുവിൽ അതാതു പരിതഃസ്ഥിതിക്കനുസരിച്ചു വിനിമയനിരക്കിനെ കഴിയുന്നത്ര ഉയൎന്ന തോതിൽ ഉറപ്പിക്കുന്നതു് അയാളുടെ സാമ്പത്തികതാൽപൎയ്യങ്ങൾക്കു് ഏററവും യോജിച്ചതായിത്തോന്നും''. (ഇന്ത്യയിലെ യുദ്ധാനന്തരമുള്ള ബ്രിട്ടീഷു വ്യാപാരത്തിൻെറ സ്ഥിതിയേയും ഭാവിയേയുംപ

ററി മി: എയിൻസ്കഫിൻെറ റിപ്പോർട്ട് — ബ്രിജ്നാരായണൻെറ 'Indian Economic Problems, Part I എന്ന പുസ്തകത്തിൽ ഉദ്ധരിച്ചതു്.)

ബ്രിട്ടീഷ് മുതലാളികളും അവരുടെ പത്രങ്ങളും വലിയ ഉത്സാഹത്തോടുകൂടിയാണു് കമ്മററിയുടെ റിപ്പോർട്ടിനെ സ്വാഗതം ചെയ്തതു്. റിപ്പോട്ടിലെ ശുപാശികൾ നടപ്പിൽ വരികയാണെങ്കിൽ തങ്ങളുടെ വ്യവസായങ്ങൾക്കു നല്ല രക്ഷ കിട്ടുമെന്നു് അവക്കു് അറിയാമായിരുന്നു. 1920 ഫെബ്രുവരി 7-ാനു-ത്തെ ടൈംസ്ട്രെയിഡ് സപ്ലിമെണ്ടു് പ്രസിദ്ധീകരിച്ചിരുന്ന "Trade and the New Rupee Basis" എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു: —

"സാമ്പ്രദേശീയനടപടിയുടെ സാദ്ധ്യതകൾക്കു പുറമെ സ്റ്റരലിങ്ങിൻെറ ഇടിവിനെ തടയാനുള്ള കഴിവു യുണൈറഡ്ക്കിങ്ഡമിലെ ഉല്പാദനം വദ്ധിപ്പിക്കുന്നതിനേയും തൽഫലമായുണ്ടാകുന്ന വിദേശങ്ങളിലേയ്ക്കുള്ള അധികമായ കയററുമതിയേയും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു് ഒരു ഹുണ്ടികരാജ്യമെന്ന നമ്മുടെ മുൻസ്ഥിതി അവസാനമായി വീണ്ടെടുക്കാം. ഉറുപ്പിക വിനിമയത്തിൻെറ പുതിയ സ്റ്റർലിങ്ങ്നിരക്കിൻെറ അടിയന്തരഫലം ഇന്ത്യയിലേയ്ക്കുള്ള നമ്മുടെ കയററുമതിയെ ഉത്തേജിപ്പിക്കലും അവിടെനിന്നുള്ള ഇറക്കുമതിയെ നിയന്ത്രിക്കലുമായിരിക്കണം. കമ്മിററിയുടെ റിപ്പോർട്ടു് സ്വാഭാവികമായി ഈ കാൎയ്യത്തിന്നു വലിയ പ്രാധാന്യം കല്പിക്കാതെ കഴിച്ചിട്ടുണ്ടു്. പക്ഷേ, വ്യവസായാഭിവൃദ്ധിയുള്ള

വടക്കൻ രാജ്യങ്ങളിൽ ഇതിലുള്ള ശുപാശികഠംക്ക് കിട്ടിയ സ്വാഗതത്തിൽനിന്നു്, ഇതു നമ്മുടെ ഉല്പാദകന്മാരെ സാരമായി സ്പശിക്കുന്നതാണെന്നതു വ്യക്തമാണു്.''*

റിപ്പോട്ടിൻെറ പ്രസിദ്ധീകരണകാലത്തു വിനിമയനിരക്കു് 2ഷി. 4പെ. സ്റ്റർലിങ്ങ് ആയിരുന്നു. പക്ഷേ, ഉറുപ്പിക 2ഷി. സ്വണ്ണത്തിന്നു തുല്യമാക്കണമെന്ന റിപ്പോർട്ടിലെ ശുപാശികാരണമായി വിനിമയനിരക്കു് 2ഷി. 10പെ. സ്റ്റർലിങ്ങ് വരെ കയറി. ഇതു് 2ഷി. സ്വണ്ണത്തിന്നു സമമായിരുന്നു. ജി. ഡി. ബിർള പറഞ്ഞ പോലെ, "വെള്ളിയിൽനിന്നു സ്വണ്ണത്തിലേക്കും സ്വണ്ണത്തിൽനിന്നു സ്വണ്ണവിനിമയത്തിലേക്കും, സ്വണ്ണവിനിമയത്തിൽനിന്നു വീണ്ടും വെള്ളിയിലേക്കും, വെള്ളിയിൽനിന്നു വീണ്ടും സ്വണ്ണത്തിലേക്കും—ഇങ്ങനെ, വിദേശങ്ങളുമായുള്ള നമ്മുടെ ഇടപാടുകഠം വൈററു് ഹാളിൻെറ ആഗ്രഹങ്ങഠംക്കും നിദ്ദേശങ്ങഠംക്കും അനുസരിച്ചായിരുന്നു. ഇതു രാജ്യത്തിൻെറ താൽപയ്യങ്ങഠംക്കു കായ്യമായ ഉടവു തട്ടിച്ചിട്ടുണ്ടു്."

കമ്മിററിയിലെ ഒരംഗമായ (ഏകഇന്ത്യൻ മെമ്പറായ) ഡി. എം. ദലാൽ ഉയന്ന വിനിമയനിരക്കിനെ എതിക്കുകയും ഉറുപ്പിക 1 ഷി 4 പെൻസിന്നു സമമായിരിക്കണമെന്നഭിപ്രായപ്പെടുകയും ചെയ്തുകൊണ്ടു് ഒരു മൈനോറിററി റിപ്പോർട്ടു സമപ്പിക്കയുണ്ടായി. "ഇന്ത്യയിലിന്നു നിലവിലുള്ള സ്വണ്ണവിനിമയമാനം ഒരു കറൻ

---

* ബ്രിജ് നാരായണൻെറ Indian Economic Problems Part I ൽ ഉദ്ധരിച്ചതു്.

സി വ്യവസ്ഥയെന്ന നിലയ്ക്കു് ഇന്ത്യയുടെ സ്ഥിതിഗതികൾക്കു തീരെ ഉതകാത്തതാണു്" എന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ സ്റ്റർലിങ്ങ്റിസർവ്വിന്നും നോട്ടിൻെറ ഉറപ്പിന്നുവേണ്ടി നിക്ഷേപിച്ച സ്വർണ്ണറിസർവ്വിന്നും പുതിയ വിനിമയനിരക്കുപ്രകാരം വില കണക്കാക്കിയാൽ ഇന്ത്യയ്ക്കു വന്പിച്ച നഷ്ടം പിണയുമെന്നു് മി. ദലാൽ താക്കീതു നല്കുകയും ചെയ്തു. മി. ദലാൽ പറഞ്ഞു:— ഉറുപ്പികയുടെ ഉയൎന്ന സ്റ്റർലിങ്ങ് വിലയോടുകൂടി, ഇന്ത്യൻ ഉല്പന്നങ്ങൾക്കുള്ള കച്ചവടാവശ്യം കുറഞ്ഞുപോകുവാനും, അതോടൊപ്പം ഇന്ത്യയിൽനിന്നു് ഉറുപ്പികയായിട്ടുള്ള അടവുകൾ ആദായകരമായതുകൊണ്ടു്, ഇറക്കുമതികൾക്കു പ്രോത്സാഹനം ലഭിക്കുവാനും വഴിയുണ്ടു്. ഈ സംഭാവ്യതകൾ ഫലപ്പെടുകയാണെങ്കിൽ, ഇന്ത്യയുടെ ട്രെയ്ഡ് ബാലൻസുകൾകൊണ്ടു് ഇന്ത്യയ്ക്കുള്ള ആനുകൂല്യം കുറയും. അല്ലെങ്കിൽ അവ ഇന്ത്യയ്ക്കു പ്രതികൂലമായി എന്നുകൂടി വരാം.

പക്ഷേ ഈ അഭിപ്രായങ്ങളൊന്നും ചെവിക്കൊള്ളാതെ ഗവമ്മേണ്ടു് മെജോറിററി റിപ്പോർട്ടു സ്വീകരിക്കുകയും അതിലടങ്ങിയ ശുപാശികൾ നടപ്പിൽ വരുത്താനൊരുങ്ങുകയുമാണു് ചെയ്തതു്.

കമ്മിററിയുടെ മററു ശുപാശികളിൽ പ്രധാനമായവയാണു്:— 1. സ്വർണ്ണത്തിൻേറയും വെള്ളിയുടേയും ഇറക്കുമതി തടയാതിരിക്കുക. 2. വിനിമയത്തിന്നു് ക്ഷീണം ബാധിക്കുമ്പോൾ റിവേർഡ് കൌൺസിലുകൾ തു

റക്കുക. 3. ബോംബെയിൽ റോയൽമിൻറു വീണ്ടും തുറക്കുകയും സോവറിൻ അടിക്കാനുള്ള ഏപ്പ്ാടുണ്ടാക്കുകയും ചെയ്യുക. ഉറുപ്പികക്കു് 11.30016 ഗ്രേൻ സ്വർണ്ണം എന്ന തോതിൽ സോവറിൻ കൊടുക്കാൻ തയ്യാറാവുക. 4. കയററുമതിക്കുള്ള പ്രതിബന്ധങ്ങൾ കുറച്ചുകാലത്തേക്കു കൂടി നിലനിർത്തുക. 5. പ്രചാരത്തിലുള്ള നോട്ടുകളുടെ 40 ശതമാനം വിലക്കുള്ള ലോഹങ്ങൾ പേപ്പർ കറൻസി റിസർവ്വിൽ വെക്കണമെന്നു തീരുമാനിക്കുക. 6. പേപ്പർ കറൻസി റിസർവ്വിലുള്ള സ്വർണ്ണവും വെള്ളിയും ഇന്ത്യയിൽത്തന്നെ നിക്ഷേപിക്കാനുള്ള ഏപ്പ്ാടുകൾ ചെയ്യുക. 7. നോട്ടുകൾക്കു പകരം ആവശ്യക്കാക്കു സ്വർണ്ണമോ വെള്ളിയോ കൊടുക്കുന്നതാണെന്നു പ്രഖ്യാപിക്കുക. 8. കറൻസി റിസർവ്വിലുള്ള സ്വർണ്ണത്തിന്നും സ്റ്റാർലിങ്ങിന്നും (രണ്ടും വ്യത്യാസമില്ലാത്തവയാണെന്നു കമ്മിററി വിചാരിച്ചു) പുതിയ നിരക്കുപ്രകാരം വില കണക്കാക്കുക. അതിൻെറ ഫലമായി റിസർവ്വിലുണ്ടാകുന്ന 38.4 കോടിയുടെ കുറവു കഴിയുന്നവേഗത്തിൽ നികത്താൻ ശ്രമിക്കുക. 9. ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിലെ സ്വർണ്ണത്തിൻെറ ഒരു ഗണ്യമായ ഭാഗം ഇന്ത്യയിൽത്തന്നെ വെക്കുക. പക്ഷേ ഈ സ്വർണ്ണം പുറരാജ്യങ്ങളിലേക്കുള്ള അടവുകളുടെ ആവശ്യത്തിന്നുവേണ്ടി മാത്രമേ കൊടുക്കുകയുള്ളു വെന്നു തീരുമാനിക്കുക.

കമ്മിററിയുടെ പ്രധാനശുപാശികളെ ഇന്ത്യാ സെക്രട്ടറി സ്വീകരിക്കുകയും 1920-ലെ ഇന്ത്യൻകോയ്നേജ് (അമെൻറുമെൻറ്) ആക്ട് പ്രകാരം സോവറിൻ

പത്തുറുപ്പിക നിരക്കിന്നു ലീഗൽടെൻഡറാക്കുകയും ചെയ്തു.

പത്തുറുപ്പികക്കു് ഒരു സോവറിൻ—അതായതു് ഒരു റുപ്പികക്കു് രണ്ടുഷില്ലിങ്ങ്—എന്ന നിരക്കു നടപ്പിൽ വന്നതിന്റെ ഫലമായി ഇന്ത്യക്കു വമ്പിച്ച നഷ്ടങ്ങളും സഹിക്കേണ്ടിവന്നു. ഉറുപ്പികയുടെ നിരക്കു 16 പെൻസിൽനിന്നു് 24 പെൻസാക്കി ഉയർത്തുക എന്നു വെച്ചാൽ ഇംഗ്ലണ്ടിലടക്കേണ്ട ഓരോ ഉറുപ്പികക്കും കൂടുതൽ സ്വർണ്ണം കൊടുക്കേണ്ടിവരിക എന്നർത്ഥമാണു്. 16 പെൻസ് നിരക്കിൽ ഉറുപ്പിക 7.53344 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിന്നു സമമായിരുന്നു. 24 പെൻസു നിരക്കനുസരിച്ചാകട്ടെ ഒരുറുപ്പിക 11.30016 ഗ്രേൻ പരിശുദ്ധ സ്വർണ്ണത്തിന്നു സമമായിരിക്കും.

ഇന്ത്യയിൽ വിററഴിച്ചിരുന്ന റിവേർസ് കൌൺസിലുകൾ അടച്ചു തീർത്തിരുന്നതു ലണ്ടനിലെ ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വിൽനിന്നും പേപ്പർ കറൻസി റിസർവ്വിൽനിന്നുമാണെന്നു മുമ്പു പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. ഈ റിസർവ്വുകളിലെ സ്വർണ്ണം കമ്പനികടലാസ്സുകളിലും ട്രെഷറിബില്ലുകളിലും മററു സെക്യൂറിററികളിലും ഇറക്കിയിരുന്നു. ഉറുപ്പികയുടെ നിരക്കു വർദ്ധിക്കുന്നതിന്നു മുമ്പാണു് ഈ സെക്യൂരിററികളത്രയും വാങ്ങിയതു്. ഇപ്പോഴാകട്ടെ, റിവേർസ് കൌൺസിലുകൾ 2 ഷില്ലിങ്ങിന്നു വില്പാൻ തുടങ്ങിയപ്പോൾ ഇന്ത്യാസെക്രട്ടറി ഓരോ ഉറുപ്പികക്കും അരഷില്ലിങ്ങു കണ്ടു കൂടുതൽ കൊടുക്കാൻ തയ്യാറാവേണ്ടിവന്നു. പൌണ്ടിന്നു 15ക. എ

ന്ന തോതിൽ വാങ്ങിയ സെക്യൂറിററികളും ടെഷെറിബില്ലു കളും പൌണ്ടിന്നു 10ക. എന്ന തോതിൽ വിററഴിക്കേണ്ടി വന്നു. ഇങ്ങനെ വിനിമയനിരക്കിലുണ്ടായ മാററം കാര ണമായി നാല്പതുകോടിയോളം ഉറുപ്പിക ഇന്ത്യക്കു നഷ്ടം നേരിട്ടു!

ഉറുപ്പികയുടെ വില താരതമ്യേന വദ്ധിക്കുകയും സ്റ്റർലിങ്ങിന്റേതു കുറയുകയും ചെയ്തതിനാൽ സ്റ്റെർലി ങ്ങിന്റെ ഡിമാണ്ടു വദ്ധിക്കാൻ തുടങ്ങി. ഉറുപ്പികക്കു കൂടു തൽ ഷില്ലിങ്ങു കിട്ടുമെന്നു കണ്ടപ്പോൾ നാനാഭാഗത്തു നിന്നും ഇംഗ്ലണ്ടിലേക്കു പണമയക്കുവാനുള്ള ഉത്സാഹം പെട്ടെന്നു വദ്ധിച്ചു. വിനിമയനിരക്കു വദ്ധിച്ചു. വിനിമ യനിരക്കു കൂട്ടിയതുകൊണ്ടു ബ്രിട്ടീഷുചരക്കുകൾ കുറ ഞ്ഞ വിലക്കു് ഇന്ത്യയിൽ വിററഴിക്കാൻ കഴിഞ്ഞു. നേ രെമറിച്ചു നമ്മുടെ ചരക്കുകൾക്കാകട്ടെ വിദേശക്കമ്പോ ളങ്ങളിൽ വില വദ്ധിക്കുകയും ചെയ്തു. ഈ സ്ഥിതിയിൽ കയററുമതിയേക്കാൾ ഇറക്കുമതി വദ്ധിക്കുകയെന്നതു് അനിവാൎയ്യമായിരുന്നു. കയററുമതിയേക്കാൾ ഇറക്കുമതി വദ്ധിച്ചതുകൊണ്ടു പുറരാജ്യങ്ങളിൽ പണമയക്കേണ്ടിവ ന്നു. ഇന്ത്യയിൽ മുതലിറക്കി ലാഭമുണ്ടാക്കുന്ന ബ്രിട്ടീഷുമു തലാളികൾ യുദ്ധകാലത്തുണ്ടായ തങ്ങളുടെ കുന്നുകൂടിയ ലാഭം ലണ്ടനിലേക്കു കയററാൻ ഇതുതന്നെയാണവസരം എന്നു മനസ്സിലാക്കി. കാരണം പുതിയ നിരക്കനുസരിച്ചു് ഓരോ ഉറുപ്പികക്കും 2ഷില്ലിങ്ങുവീതം കിട്ടുമെന്നവക്കറ ല്ലുണ്ടായിരുന്നു. കൃത്രിമമായി ഉയത്തപ്പെട്ട ഈ വിനിമ യനിരക്കിന്റെ സഹായത്തോടുകൂടി പിടിപ്പതു ലാഭമടി

ക്കാനുള്ള സന്ദർഭം വെറുതെ കളഞ്ഞുകൂടെന്നു ഭാഗ്യാന്വേഷികളായ സ്പെക്യൂലേററർമാരും തീച്ച്പ്പെടുത്തി. പിന്നീടു നിരക്കു താഴുമ്പോൾ വീണ്ടും ഉറുപ്പികയാക്കി മാററാമെന്ന ഉദ്ദേശത്തോടെ അവർ ധാരാളം റിവേർസു കൌൺസിലുകൾ വാങ്ങാൻ തുടങ്ങി. ചുരുക്കത്തിൽ ഉറുപ്പികയുടെ കമ്പോളം ചൂതാട്ടക്കാരുടെ കേളീരംഗമായി മാറി! സ്റ്റർലിങ്ങ് മാത്രമല്ല സ്വർണ്ണംപോലും മാക്കററുനിലവാരത്തേക്കാൾ കുറഞ്ഞ വിലക്കു വില്ക്കാൻ അധികൃതന്മാർ മുതിരുകയുണ്ടായി. ഇങ്ങനെ ഇന്ത്യയുടെ സ്റ്റർലിങ്ങും സ്വർണ്ണവും ധാരാളമായി കൊള്ളയടിക്കപ്പെട്ടു. 'ഈ കൊള്ളക്കുത്തരവാദിയാരാണ്? വൈററുഹോളോ ഡെൽഹിയോ?' എന്ന ചോദ്യത്തിന്നുത്തരമായി അപ്പോഴത്തെ ധനകാര്യമെമ്പറായ സർ മാൽകം ഹെയ്ലി പറഞ്ഞു: "ഇത്തരം ചോദ്യങ്ങൾക്കു സമാധാനം പറയാൻ ഗവമ്മേണ്ടിന്നു സാദ്ധ്യമല്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു."

ബ്രിട്ടീഷു കറൻസിയായ സ്റ്റർലിങ്ങിൻെറ വില അതിവേഗം ഇടിഞ്ഞുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്. യുദ്ധകാലത്തു് ഇംഗ്ലണ്ടു് സ്വർണ്ണമാനം ഉപേക്ഷിച്ചുവെന്നു മുമ്പൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അമേരിക്കൻ കറൻസിയായ ഡോളർ മാത്രമാണ് സ്വർണ്ണമാനത്തിലുണ്ടായിരുന്നതു്. സ്റ്റർലിങ്ങിൻെറ വിലയിടിയുമ്പോൾ ഓരോ ഡോളറിന്നും കൂടുതൽ സ്റ്റർലിങ്ങു കൊടുക്കേണ്ടിവരും. അപ്പോൾ ഇതേ തോതനുസരിച്ചുതന്നെ ഉറുപ്പികയുടെ സ്റ്റർലിങ്ങ് വിലയും വദ്ധിക്കുമെന്നു

തീച്ചയാണ്. ബേബിങ്ങ്ടൺ സ്മിത്ത് കമ്മിററിയുടെ ശുപാശ്ശികളനുസരിച്ചുള്ള നിയമപ്രകാരം ഒരുറുപ്പിക 2 ഷില്ലിങ്ങിലടങ്ങിയ സ്വൎണ്ണത്തിന്നു സമമാണ്. പൌണ്ടു സ്റ്റർലിങ്ങിൻെറ വിലയിടിയുകയാണെങ്കിൽ ഉറുപ്പികയുടെ സ്റ്റർലിങ്ങു നിരക്ക് 2ഷില്ലിങ്ങിനേക്കാരം അധികമാവും. ഒരുദാഹരണംകൊണ്ടു് ഇതു വ്യക്തമാക്കാൻ ശ്രമിക്കാം.

ഒരു നിശ്ചിതഅളവിലുള്ള സ്വൎണ്ണം=4.8 ഡോളർ= ഒരു പൌണ്ടു സ്റ്റർലിങ്ങ് സോവറിൻ=10 ഉറുപ്പിക.

സ്റ്റർലിങ്ങിൻെറ വില 50 ശതമാനം ഇടിഞ്ഞുവെന്നു വിചാരിക്കുക. അപ്പോരം അതേ അളവിലുള്ള സ്വൎണ്ണം=4.8ഡോളർ=1.5പൌണ്ടു സ്റ്റർലിങ്ങ്=1 സോവറിൻ=10ക.

സ്റ്റർലിങ്ങിൻെറ വിലയിടിയുമ്പോരം ഓരോ ഉറുപ്പികയ്ക്കും നിശ്ചിതമായ (2ഷി സ്വൎണ്ണം എന്ന) നിരക്കനുസരിച്ചുതന്നെ കൂടുതൽ സ്റ്റർലിങ്ങു കൊടുക്കേണ്ടി വരുമെന്നാണ് മുകളിൽ ചേൎത്ത ഉദാഹരണം കാണിക്കുന്നതു്. ആദ്യം പത്തുറുപ്പിക ഒരു പൌണ്ടു് സ്റ്റർലിങ്ങായിരുന്നു. ഇപ്പോളതു് ഒന്നരപൌണ്ടു് സ്റ്റർലിങ്ങായി വൎദ്ധിച്ചു. 2ഷി. സ്വൎണ്ണം എന്നു വെച്ചാൽ സ്റ്റർലിങ്ങ് രൂപത്തിൽ നിലവിലുള്ള കറൻസി 2ഷി. 10പെൻസിലധികമായിരിക്കും. ഇങ്ങനെ സ്റ്റർലിങ്ങിൻെറ വിലയിടിവനുസരിച്ചു റിസേർവ്സു കൌൺസിലിൻെറ ഉടമസ്ഥന്മാൎക്കു കൂടുതൽ പണം കിട്ടും. അതുകൊണ്ടത്രെ ലാഭക്കൊതിയന്മാരായ ബ്രിട്ടീഷുമുതലാളികളും ചൂതാട്ടക്കാരായ സ്പെക്യൂലേററർ

മാരും തങ്ങളുടെ ഉറുപ്പിക സ്റ്റർലിങ്ങാക്കി മാററാൻ വെമ്പൽകൊണ്ടതു്.

റിവേർസ് കൌൺസിലിൻെറ വില്പനവഴിക്കു് ഇന്ത്യ കൊള്ളയടിക്കപ്പെടുകയാണു് ചെയ്യുന്നതെന്നു് ഇന്ത്യയിലെ ധനശാസ്ത്രജ്ഞന്മാരും പൊതുപ്രവത്തകന്മാരും ആക്ഷേപിക്കുകയുണ്ടായി. ഇതിലത്ഭുതപ്പെടാനില്ല. ലണ്ടനിലുള്ള ഇന്ത്യയുടെ പണം 16 പെൻസ് നിരക്കിലാണു് നിക്ഷേപിച്ചിരുന്നതു്. അതായതു ലണ്ടനിൽ ഒരു പൌണ്ടു് സ്റ്റർലിങ്ങ് നിക്ഷേപിക്കുവാൻ നമ്മൾ 15ക വിലക്കുള്ള ചരക്കുകളാണു് വില്ക്കേണ്ടിവന്നിരുന്നതു്. എന്നാൽ വിനിമയനിരക്കു് 24 പെൻസ് (സ്വർണ്ണം) ആവുകയും ആ നിരക്കു സ്ഥിരമാക്കി നിത്താൻവേണ്ടി റിവേർസ് കൌൺസിൽ ബില്ലുകൾ വില്ക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ ഒരു പൌണ്ടു് സ്റ്റർലിങ്ങു് സുമാർ 7ക.ക്കു കിട്ടാൻ തുടങ്ങി. 15ക. നിരക്കിൽ ലണ്ടനിൽ ശേഖരിച്ചുവെച്ച സ്വത്തുക്കൾ 7ക. നിരക്കിൽ വില്ക്കുന്നതു കൊള്ളയല്ലെങ്കിൽ പിന്നെ മറെറന്താണു്?

ഇന്ത്യക്കു് ഇതുമൂലമുണ്ടാകുന്ന വമ്പിച്ച നഷ്ടങ്ങൾ പരിഹരിക്കാൻ ഇന്ത്യാഗവമ്മേണ്ടു വല്ല നടപടിയുമെടുത്തുവോ? ഇല്ല. നേരെ മറിച്ചു റിവേർസ് കൌൺസിലുകളുടെ വില്പനവഴിക്കു വിനിമയനിരക്കിനെ ശാശ്വതമാക്കാനാണവർ ശ്രമിച്ചതു്. സ്റ്റർലിങ്ങ് സെക്യൂരിററി പേപ്പർ കറൻസി റിസവ്വിലെ ട്രെഷറി ബില്ലുകളും മററും വില കുറച്ചു വിററിട്ടെങ്കിലും കൃത്രിമമായ ഒരു വിനിമയനിരക്കിൻെറ മാനം കാക്കണമെന്നായിരുന്നു അ

വർ ആഗ്രഹിച്ചതു്. 1920-ൻെറ ആരംഭം മുതൽ സെപ്റ്റമ്പർ മാസം അവസാനമാകുമ്പോഴേയ്ക്കും പേപ്പർ കറൻസി റിസർവ്വിൽനിന്നു് £ 554 മില്യൺസ് ഇങ്ങനെ കൊടുത്തുകഴിഞ്ഞു. പകരമായി കിട്ടിയ ഉറുപ്പികയുടെ സ്റ്റർലിങ്ങു വിലയാകട്ടെ £ 25 മില്യൻ മാത്രമായിരുന്നു. പക്ഷേ എന്തായിട്ടും, ഉറുപ്പികയുടെ വിനിമയനിരക്ക സ്ഥിരമാക്കി നിർത്തുകയെന്ന കാര്യം അത്ര എളുപ്പമുള്ളതായിരുന്നില്ല. പത്തുറുപ്പികയ്ക്കു് ഒരു സോവറിൻ എന്നതോതിൽ സോവറിൻ വാങ്ങാൻ ഗവമ്മേണ്ടു തയ്യാറായെന്നതു ശരിതന്നെ. എന്നാൽ അതേ നിരക്കിൽ ഉറുപ്പികയ്ക്കു പകരം സ്റ്റർലിങ്ങുകൊടുക്കാൻ ഗവമ്മേണ്ടിന്നിഷ്ടമുണ്ടായിരുന്നില്ല. കാരണം, സോവറിൻെറ മാക്കററു വില 10ക.യേക്കാളധികമായിരുന്നു. ഉദാഹരണത്തിന്നു്, 1921 ആഗസ്റ്റ് 1-ാം൹ ഉറുപ്പികയുടെ വിനിമയനിരക്കു് സ്റ്റർലിങ്ങു് കണക്കിൽ 15$\frac{13}{32}$ പെൻസും (ഔദ്യോഗികനിരക്കല്ല, മാക്കററു നിരക്കു്—നിയമപ്രകാരം 24 പെൻസുതന്നെ) അതേ സമയത്തു സ്വർണ്ണക്കണക്കിൽ 11$\frac{1}{23}$ പെൻസുമായിരുന്നു. പുതിയ നിരക്കനുസരിച്ച സ്വർണ്ണത്തിൻെറ വില തോലയ്ക്കു 15ക. 14ണ. 0പ. ആകേണ്ടതായിരുന്നു. പക്ഷേ അതുണ്ടായില്ല. മാക്കററിൽ 22$\frac{1}{4}$ക.യായിരുന്നു സ്വർണ്ണത്തിൻെറ വില. ഈ സ്ഥിതിയിൽ ഉറുപ്പികയ്ക്കു 2ഷില്ലിങ്ങു് സ്വർണ്ണം എന്ന നിരക്ക നിലനില്ക്കുകയെന്നുവെച്ചാൽ മാക്കററുനിലവാരത്തേക്കാൾ കുറഞ്ഞ വിലയ്ക്കു സ്വർണ്ണം കൊടുക്കുവാൻ ഗവമ്മേണ്ടു തയ്യാറാകേണ്ടിവരിക എന്നത്ഥമാണു്.

ഒരു സോവറിന്നു മാക്കററിൽ പത്തുറുപ്പികയേക്കാ ളധികം വിലയുള്ളേടത്തോളം കാലം ഉറുപ്പികയുടെ വി നിമയനിരക്ക് 2ഷില്ലിങ്ങായി അധികകാലം നിലനി ല്ക്കുകയില്ലെന്നു ഗവമ്മേണ്ടു മനസ്സിലാക്കി. എന്നാൽ വിനിമയനിരക്കു താഴ്ത്തുവാൻ അവർ തയ്യാറായോ? ഇല്ല. നേരേ മറിച്ച് ഉറുപ്പികയുടെ പ്രചാരം കൃത്രിമമായി കുറ യ്ക്കുവാനും അങ്ങനെ അതിൻെറ വില വദ്ധിപ്പിക്കാനും ശ്രമിക്കുകയാണവർ ചെയ്തത്. പുതിയ കറൻസിയുടെ നിമ്മാണം മിക്കവാറും നിത്തൽ ചെയ്യപ്പെട്ടു. നിലവിലു ള്ള പണംതന്നെയും പിൻവലിക്കപ്പെടാൻ തുടങ്ങി. സാധാരണമായി പ്രചാരത്തിലുള്ള ഉറുപ്പിക വദ്ധിക്കു മ്പോൾ പണപ്പെരുപ്പവും പ്രചാരത്തിൽനിന്ന് ഉറുപ്പി ക പിൻവലിയുമ്പോൾ പണസങ്കോചനവും ഉണ്ടാകു മെന്നു പറയാം. മുമ്പൊരദ്ധ്യായത്തിൽ വിവരിച്ചപോ ലെ ഇന്ത്യാസെക്രട്ടറി ഗവമ്മേണ്ടിൻെറ പേരിൽ ഹുണ്ടി വില്ക്കുകയും ആ ഹുണ്ടി മാററാൻവേണ്ടി ഇന്ത്യാഗവമ്മേ ണ്ട് ഉറുപ്പിക കൊടുക്കുകയും ചെയ്യുമ്പോൾ കറൻസിക്കു പെരുപ്പമുണ്ടാകുന്നു. നേരേ മറിച്ച്, ഇന്ത്യാഗവമ്മേണ്ടു ജനങ്ങളിൽനിന്ന് ഉറുപ്പിക വാങ്ങി റിവേർസു കൊൺ സിൽ വില്ക്കുമ്പോൾ പണത്തിന് സങ്കോചനമുണ്ടാകു ന്നു. അതുകൊണ്ടത്രേ റിവേർസു കൌൺസിലുകൾ ധാ രാളമായി വില്ക്കുവാൻ ഗവമ്മേണ്ടു തയ്യാറായത്. 1920 ജനുവരി 1-ാംനം മുതൽ 1924 ആഗസ്റ്റ് വരെ ഇപ്രകാ രം $45\frac{3}{4}$ കോടി ഉറുപ്പിക പ്രചാരത്തിൽനിന്ന് പിൻവ ലിയുകയുണ്ടായി. മാക്കററിൽ ഉറുപ്പികയ്ക്കുള്ള ക്ഷാമം വ

ഷിച്ചു. ബാങ്ക്റൈററ് 5 ശതമാനമായിരുന്നതു് 1923-ൽ 9 ശതമാനമായി വദ്ധിച്ചു. ഈ സ്ഥിതി വ്യവസായങ്ങളുടെ വളച്ചയെ കുറച്ചൊന്നുമല്ല തടസ്ഥപ്പെടുത്തിയതു്. ബങ്കാൾ ചേംബറിൻെറ കമ്മിററി 1924-ൽ ഗവമ്മേണ്ടിനു സമപ്പിച്ച ഒരു മെമ്മോറാണ്ടത്തിൽ ഇങ്ങനെ പറയുന്നു:

"അഭിവൃദ്ധിയുള്ള ഏതു രാജ്യത്തിന്നും കൊല്ലംതോറും കറൻസിയുടെ വദ്ധനവാവശ്യമാണു്. ഇന്ത്യയിലെ ഇന്നത്തെ പരിതഃസ്ഥിതിയിൽ കറൻസിയുടെ വദ്ധനവു സാദ്ധ്യമല്ല അതുകൊണ്ടാണു് ഉറുപ്പികക്കു ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നതു്. വിനിമയനിരക്കു 24 പെൻസായതുകൊണ്ടു ഗവമ്മേണ്ടിൻെറ പക്കൽ സോവറിൻ കൊടുത്തു പകരം നോട്ടു വാങ്ങാൻ ആരും ഇഷ്ടപ്പെടുകയില്ല. ഇന്ത്യാസെക്രട്ടറി കൌൺസിൽബിൽ വില്ക്കുന്നതുകൊണ്ടുണ്ടാകാറുള്ള കറൻസിവദ്ധനവും അടുത്തകാലത്തായി നിന്നുപോയിരിക്കുന്നു. ഈ ഹുണ്ടികൾ മാററി ഉറുപ്പികയാക്കുന്നതു കറൻസിറിസവ്വിൽനിന്നാണെങ്കിൽ കറൻസി വദ്ധിക്കുമായിരുന്നു. പക്ഷേ ഇമ്പീരിയൽ ബാങ്കിൽ ഒരു കണക്കുബുക്കിൽ വരവു പിടിക്കുകയും മറെറാരു കണക്കുബുക്കിൽ ചെലവു ചേക്കുകയുമാണു് ഇപ്പോൾ ചെയ്യുന്നതു്. ഒരു തരത്തിലും കറൻസിയുടെ തുക വദ്ധിക്കുന്നില്ല."

എന്നാൽ ഈ ആക്ഷേപങ്ങളൊന്നും അധികൃതന്മാർ ചെവിക്കൊള്ളുകയുണ്ടായില്ല. ഗവമ്മേണ്ടിൻെറ

ഈ ആപൽക്കരമായ നയത്തെപ്പററി സർ. സ്റ്റാൻലിറീഡ് ഇങ്ങനെ എഴുതുകയുണ്ടായി:

"വിനിമയവ്യവസ്ഥ ഉറപ്പിക്കുവാൻ വേണ്ടി ആവിഷ്കരിച്ച ഈ നയം വാസ്തവത്തിൽ വിനിമയനിരക്കുകളെ താറുമാറാക്കുകയാണ് ചെയ്തത്. ഈ നയത്തിൻെറ ഫലമായി ഗവമ്മേണ്ടിന്നു വമ്പിച്ച നഷ്ടം നേരിട്ടു. കച്ചവടത്തിൽ കുഴപ്പമുണ്ടായി. നൂററുക്കണക്കിലുള്ള വലിയ വ്യാപാരികൾ പാപ്പരത്തത്തിൻെറ വക്കത്തെത്തി."

റിവേർസ് കൌൺസിലുകളുടെ വില്പന തുടങ്ങിയതു 1920 ഫെബ്രുവരിയിലാണ്. ആ സമയത്തു വെള്ളിയുടെ വില 82പെൻസിന്നും 89½പെൻസിന്നുമിടയിലായിരുന്നു. എന്നാൽ ഫെബ്രുവരിക്കു ശേഷം വെള്ളിയുടെ വില ക്രമത്തിൽ കുറയാൻ തുടങ്ങി. ചൈന മുതലായ രാജ്യങ്ങളിൽ വെള്ളിക്കുള്ള ഡിമാണ്ട് കുറഞ്ഞതും യൂറോപ്യൻ മിൻറുകൾ വെള്ളി വാങ്ങുന്നതു നിത്തിയതും ഫ്രാൻസു തുടങ്ങിയ ചിലരാജ്യങ്ങൾ തങ്ങളുടെ വെള്ളികറൻസി മുഴുവനും ഉരുക്കിവിററതും ലോകമൊട്ടുക്കു പടന്നുപിടിച്ച പൊതുവിലയിടിവും മററും മററും വെള്ളിയുടെ വിലയിടിയാനുള്ള കാരണങ്ങളത്രേ. വെള്ളിയുടെ വിലയോടോപ്പം ഉറുപ്പികയുടെ വിലയും ഇടിയാൻ തുടങ്ങി.

എന്തായിട്ടും റിവേർസുകൌൺസിലുകൾക്കാകട്ടെ മററു സൂത്രപ്പണികൾക്കാകട്ടെ വിനിമയനിരക്കിൻെറ സ്ഥിതിയെ കാത്തുരക്ഷിക്കാൻ കഴിഞ്ഞില്ല. ഉറുപ്പികക്കു 2ഷി. സ്വർണ്ണം എന്ന വിനിമയനിരക്കു നിലനിത്താൻ

സാധിക്കില്ലെന്നു തീച്ചപ്പെട്ടപ്പോൾ ഗവൎമ്മെണ്ടു് ഉറുപ്പികക്കു 2ഷി. സ്റ്റർലിങ്ങ് എന്ന തോതു നിലനിൎത്താൻ ശ്രമിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ല. ധനശാസ്ത്രസിദ്ധാന്തങ്ങളുടെ പ്രവൎത്തനത്തെ റിവേർസ കൌൺസിലുകളുടെ വില്പനകൊണ്ടു തടയാൻ ഗവൎമ്മെണ്ടിന്നു സാദ്ധ്യമായില്ല. ഉറുപ്പികയുടെ വെള്ളിവില ഇടിഞ്ഞുകൊണ്ടേവന്നു. ഒടുവിൽ വമ്പിച്ച നഷ്ടങ്ങൾ സഹിച്ചതിന്നു ശേഷം 1920 സപ്തെമ്പർ അവസാനത്തിൽ റിവേർസ് കൌൺസിലുകളുടെ വില്പന തല്ക്കാലം നിൎത്തിവെയ്ക്കുകതന്നെ ചെയ്യേണ്ടിവന്നു. ഉറുപ്പികയുടെ കൃത്രിമമായ നിരക്ക നിലനിൎത്താനുള്ള ഉദ്യമത്തിൽനിന്നു് അവർ തല്ക്കാലം വിരമിച്ചു. അതിന്നുശേഷം 1926 വരെയും വിനിമയനിരക്കിനെ പരിപൂൎണ്ണമായും മാൎക്കറ്റുശക്തികളുടെ പ്രവൎത്തനത്തിന്നു വിട്ടുകൊടുക്കുകയാണ് ഗവൎമ്മെണ്ടു ചെയ്തതു്. ഉറുപ്പികയുടെ സ്റ്റർലിങ്ങ് നിലവാരവും സ്വൎണ്ണനിലവാരവും ഏതു തരത്തിലാണു മാറിക്കൊണ്ടു വന്നതെന്നു നോക്കുക:

| | സ്റ്റർലിങ്ങ് | സ്വൎണ്ണം. |
|---|---|---|
| 1921 ജനുവരി 1-ാംനു- | $17\frac{1}{4}$ പെൻസ്. | $12\frac{15}{32}$ പെ. |
| 1922 ” | $15\frac{15}{16}$ ” | $13\frac{25}{32}$ ” |
| 1923 ” | $16\frac{1}{32}$ ” | $15\frac{3}{32}$ ” |
| 1924 ” | $17\frac{5}{32}$ ” | $15\frac{1}{32}$ ” |
| 1925 ” | $18\frac{1}{16}$ ” | $17\frac{21}{32}$ ” |

ഇങ്ങനെ 1925 ഏപ്രിൽ ആകുമ്പോഴേയ്ക്കും 18 പെൻസ് സ്റ്റർലിങ്ങും 18 പെൻസ് സ്വൎണ്ണവും സമമായിത്തീ

ന്നു. ഈയവസരത്തിലാണ് ഇംഗ്ലണ്ടു സ്വർണ്ണമാനവ്യവസ്ഥയിലേയ്ക്കു മടങ്ങിയത്.

ഇന്ത്യയിലും ഉറുപ്പികയുടെ വിനിമയനിരക്കു 8 പെൻസാക്കി നിലനിൎത്തുവാൻ ഗവൎമ്മേണ്ടു പരിശ്രമിച്ചു. വിനിമയനിരക്കു കൂടുതൽ ഉയരുന്നതിനെ തടയാൻവേണ്ടി ഇന്ത്യയിൽ സ്റ്റർലിങ്ങു വാങ്ങുക എന്നൊരു നയം അവർ സ്വീകരിച്ചു. ഇന്ത്യയിൽ സ്റ്റർലിങ്ങു വാങ്ങലും ലണ്ടനിൽ കൌൺസിൽ ഡ്രാഫ്ടുകൾ വില്ക്കലും ഒരേ ഫലമാണുളവാക്കുക. സ്റ്റർലിങ്ങു വാങ്ങുകയെന്ന നയം എക്സ്ചേഞ്ച് മാർക്കററിലെ കയററമിറക്കങ്ങൾ നിയന്ത്രിക്കാൻ ഗവൎമ്മേണ്ടിനെ സഹായിച്ചു. 1924 മുതൽക്കു കൌൺസിൽഡ്രാഫ്ടുകൾ വില്ക്കുക എന്ന സമ്പ്രദായം ക്രമത്തിൽ നാമാവശേഷമാവുകയും അതിന്റെ സ്ഥാനത്തു സ്റ്റർലിങ്ങു വാങ്ങൽ വഴിവിനിമയമാർക്കററു നിയന്ത്രിക്കുകയെന്ന നയം നടപ്പിൽ വരുകയും ചെയ്തു.

## അദ്ധ്യായം ൨

## ഹിൽട്ടൺയങ്ങ് കമ്മീഷൻ

1921-ന്റെ അവസാനമാകുമ്പോഴേയ്ക്കും ഉറുപ്പികയുടെ വിനിമയനിരക്കു 1 ഷി 4 പെ. ആയിക്കഴിഞ്ഞിരുന്നു. നിരക്കു 1 ഷി 4 പെൻസായി സ്ഥിരപ്പെടുത്തണമെന്നു ഈയവസരത്തിൽ ഇന്ത്യൻവൎത്തകന്മാർപലരും

ങ്ങൾ ആവശ്യപ്പെടുകയുണ്ടായി. പക്ഷേ എന്തായിട്ടും അധികൃതന്മാർ കുലുങ്ങിയില്ല. സംകോചനപദ്ധതികൾ വഴിക്ക് ഉറുപ്പികയുടെ നിരക്ക വദ്ധിപ്പിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. 1925 ആകുമ്പോഴേക്കും നിരക്ക 1 ഷി. 6 പെൻസിന്നടുത്തെത്തി. ഉറുപ്പികയുടെ നിരക്ക് ഇനിയുമധികം വദ്ധിക്കുന്നതു് ആപൽക്കരമാണെന്നു് ഇന്ത്യാഗവമ്മേണ്ടിന്നുപോലും ബോധപ്പെട്ടു. 1924 ഒക്ടോബർ 8-ാംനു- ഇന്ത്യാഗവമ്മേണ്ടു് ഇന്ത്യാസെക്രട്ടറിക്കയച്ച ഒരു കേബിളിൽ ഇങ്ങനെ പറയുന്നു:

"ഉറുപ്പികയുടെ നിരക്ക 18 പെൻസിനേക്കാളധികമാക്കാനുള്ള എല്ലാ ശ്രമങ്ങളേയും തടയേണ്ടതാണെന്നു ഞങ്ങൾക്ക ബോധ്യംവന്നിരിക്കുന്നു. കാൻസിക്ക സംകോചനമുണ്ടാക്കാൻ ഗവമ്മേണ്ടെടുത്ത നയമാണു് മാക്കററിലെ ക്ഷാമത്തിനു കാരണം. ഈ നയത്തിന്നെതിരായ പ്രക്ഷോഭം വദ്ധിച്ചുകൊണ്ടു വരികയാണു്."

പക്ഷേ, ഈ താക്കീതുകളൊന്നും ഇന്ത്യാസിക്രട്ടറിയുടെ ചെവിയിൽ പെട്ടെന്നു കടക്കുകയുണ്ടായില്ല. ഇന്ത്യാഗവമ്മേണ്ടു വീണ്ടും വീണ്ടും നിബ്ബന്ധിച്ചപ്പോൾ മാത്രമാണു് പുതിയൊരു കമ്മീഷനെ നിയമിക്കുവാൻ അദ്ദേഹം ഒരുങ്ങിയതു്.

1925 ആഗസ്തിൽ എഡ്വേർഡ് ഹിൽട്ടൺ യങ്ങിന്റെ അദ്ധ്യക്ഷതയിൽ നിയമിക്കപ്പെട്ട ഈ പുതിയ കമ്മീഷന്റെ റിപ്പോട്ടു് 1926-ൽ പുറത്തുവന്നു. റിപ്പോർട്ടിൽ താഴെ കൊടുത്ത ശുപാശികളാണു് അടങ്ങിയിരുന്നതു്.

1. സോവറിന്നുള്ള ലീഗൽ ടെൻഡർപദവി എടുത്തു കളയണം. ഇന്ത്യയിലെ ആവശ്യങ്ങൾക്ക സ്വൎണ്ണനാണ്യങ്ങളല്ല കറൻസി നോട്ടുകളും വെള്ളിയുറുപ്പികയുമാണ് ഉപയോഗിക്കേണ്ടതു്. പക്ഷേ, നിശ്ചിതനിരക്കിൽ ഉറുപ്പികക്കു പകരം സ്വൎണ്ണവാളങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യാൻ കറൻസി അധികൃതന്മാർ ഏൎപ്പാടു ചെയ്യണം.

2. കറൻസിയുടെ നിയന്ത്രണവും ക്രമീകരണവും നടത്തുവാനുതകുന്ന ഒരു സെൻട്രൽബാങ്കു സ്ഥാപിക്കണം.

3. ഉറുപ്പികയുടെ വിനിമയനിരക്ക 1ഷി. 6പെൻസാക്കി ഉറപ്പിക്കണം.

4. ഒററയുറുപ്പിക നോട്ടുകൾ വീണ്ടും അടിച്ചിറക്കകയും അവയെ ലീഗൽ ടെൻഡറാക്കുകയും വേണം.

5. പേപ്പർ കറൻസി റിസർവ്വും ഗോൾഡ് സ്റ്റാൻഡേർഡ് റിസർവ്വും കൂട്ടിച്ചേൎക്കണം. ഒട്ടാകെയുള്ള റിസൎവ്വിൻെറ 40 ശതമാനമെങ്കിലും സ്വൎണ്ണമോ സ്വൎണ്ണനിക്ഷേപങ്ങളോ ആയിരിക്കണം.

## ഗോൾഡ് ബുള്ളിയൻ സ്റ്റാൻഡേഡ്

കമ്മീഷൻെറ അഭിപ്രായത്തിൽ ഇന്ത്യയുടെ കാലാവസ്ഥക്കു് ഏററവും പററിയതു സ്വൎണ്ണമാനമല്ല, ഗോൾഡ് ബുള്ളിയൻ സ്റ്റാൻഡേഡ് എന്ന ഒരു വിചിത്രമായ വ്യവസ്ഥയാണ്. റിപ്പോൎട്ടിലെ 54-ാം പേരയിൽ തങ്ങളുടെ ഈ വ്യവസ്ഥയെ അവർ വിവരിക്കുന്നു:—

"ഞങ്ങളുടെ നിർദ്ദേശത്തിൻെറ സത്തു് ഇതാണു്: കറൻസിനോട്ടുകളും വെള്ളിയുറുപ്പികയും ഇന്നത്തേപ്പോലെ തന്നെ ഇന്ത്യയിലെ വിനിമയമാർഗ്ഗമായി പ്രചരിക്കണം. ആവശ്യമാകുമ്പോൾ കറൻസിയെ നേരിട്ടു സ്വർണ്ണമായി മാററത്തക്ക നിലയിൽ നിർത്തുകയും അങ്ങനെ സ്വർണ്ണത്തെ ആസ്പദിച്ചുള്ള കറൻസിവ്യവസ്ഥയുടെ സ്ഥിരത പാലിക്കപ്പെടുകയും വേണം. എന്നാൽ സ്വർണ്ണം നാണയമായി പ്രചരിക്കാൻ പാടില്ല. അതു് ആദ്യം പ്രചരിക്കാൻ പാടില്ല; എന്നും പ്രചരിക്കേണ്ട ആവശ്യവുമില്ല."

കറൻസി സ്വർണ്ണമാക്കി മാററാൻ നാട്ടുകാർക്കവകാശമുണ്ടെന്നു കമ്മിററി പറയുന്നു. പക്ഷേ, ഇന്ത്യയിലെ ആവശ്യങ്ങൾക്കുവേണ്ടി സ്വർണ്ണം ചോദിക്കാൻ പാടില്ല. വിദേശങ്ങളിലെ അടവുകൾക്കു വേണമെങ്കിൽ കിട്ടുന്നതാണു്. അതുതന്നെയും 400 ഔൺസ് പരിശുദ്ധസ്വർണ്ണത്തിൽ കുറഞ്ഞു യാതൊരു സംഖ്യയും മാററുന്നതല്ല! 400 ഔൺസ് എന്നു വെച്ചാൽ 1066$\frac{2}{3}$ തോല. തോലയ്ക്കു് 21$\frac{3}{4}$ക. പ്രകാരം കണക്കാക്കുകയാണെങ്കിൽ 23,200ക. സ്വർണ്ണമാക്കി മാററാവുന്നതാണു്! ഇത്ര വലിയ സംഖ്യ സ്വർണ്ണമാക്കി മാററാൻ വല്ല ധനികനോ കച്ചവടക്കാരനോ ആഗ്രഹിക്കുന്നുണ്ടെങ്കിൽതന്നെ സ്വർണ്ണത്തിനുപകരം സ്വർണ്ണവിനിമയം (സ്റ്റർലിങ്ങ്) കൊടുക്കാൻ കറൻസി അധികൃതന്മാർക്കു് അധികാരമുണ്ടായിരിക്കും! ഇതാണു് സ്വർണ്ണവാളവ്യവസ്ഥ.

**വിനിമയനിരക്ക്**

കമ്മീഷനിലെ ഒരംഗമായ സർ പുരുഷോത്തംദാസ് തക്കുർദാസ് ഭൂരിപക്ഷത്തിന്നെതിരായി ഒരു 'ഭിന്നാഭിപ്രായക്കുറിപ്പ്' സമർപ്പിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ഏററവും വലിയ ആക്ഷേപം വിനിമയനിരക്കിനെപ്പററിയായിരുന്നു. ഭൂരിപക്ഷക്കാർ അഭിപ്രായപ്പെട്ടതു് ഉറുപ്പികയുടെ വിനിമയനിരക്കു 18 പെൻസാക്കണമെന്നാണ്. (ഈ നിരക്കനുസരിച്ചു് ഒരുറുപ്പിക 8.47 ഗ്രേൻ പരിശുദ്ധസ്വർണ്ണത്തിന്നു സമമായിരിക്കും.) ഇത്ര ഉയന്ന നിരക്ക് ഇന്ത്യയിലെ ഉല്പാദകന്മാക്കു ഹാനികരമാണെന്നും ഇന്ത്യയിലെ ബ്രിട്ടീഷുദ്യോഗസ്ഥന്മാക്കു മാത്രമേ അതുകൊണ്ടു ലാഭമുണ്ടാവുകയുള്ളുവെന്നും അതുകൊണ്ട് ഉറുപ്പികയുടെ നിരക്കു 16 പെൻസായിരിക്കണമെന്നും സർ പുരുഷോത്തംദാസ് വാദിച്ചു.

1927 മാർച്ച് 27-ഉം 28-ഉം തിയ്യതികളിൽ അസംബ്ലിയിൽവെച്ചു കറൻസിനയത്തെപ്പററിയുള്ള ഒരു വലിയ വാദപ്രതിവാദം നടന്നു. ഉറുപ്പികയുടെ നിരക്കു 18 പെൻസാക്കി സ്ഥിരപ്പെടുത്തണമെന്നു് ഒരു ബില്ലവതരിപ്പിക്കപ്പെട്ടു. 16 പെൻസാവുകയാണെങ്കിൽ ചരക്കുകളുടെ വില വല്ലാതെ വദ്ധിക്കുമെന്നും അതുകൊണ്ടു നാട്ടുകാക്കു വലിയ ബുദ്ധിമുട്ടുണ്ടാകുമെന്നും മററും ധനകാര്യമെമ്പർ സർ. ബേസിൻ ബ്ലാക്കററ് മുതലക്കണ്ണുനീരൊഴുക്കി.

അസംബ്ലിയിൽ ആ സമയത്തു നാട്ടുകാരെ പ്രതിനിധീകരിക്കുന്ന മൂന്നു പാട്ടികളാണുണ്ടായിരുന്നതു്—പ

ണ്ഡിത് മോത്തിലാൽ നെഹറുവിൻെറ നേതൃത്വത്തിലു ള്ള സ്വരാജ്യപാട്ടിയും പണ്ഡിത് മദനമോഹനമാളവ്യ യുടെ നേതൃത്വത്തിലുള്ള നേഷനലിസ്റ്റ് പാട്ടിയും ജിന്ന യുടെ നേതൃത്വത്തിലുള്ള സ്വതന്ത്രപാട്ടിയും. 18 പെൻ സു നിരക്കിനെ എല്ലാ കക്ഷിക്കാരും എതിത്തുവെന്നതു പ്രസ്താവ്യമാണ്. ധനകാര്യമെമ്പറുടെ വാദങ്ങളെ ഖ ണ്ഡിച്ചുകൊണ്ടു പണ്ഡിത് മാളവ്യ പറഞ്ഞു:—

"ധനകാര്യമെമ്പർ പറയുന്നു ഈ നിരക്ക രണ്ടു കൊല്ലമായി നിലനിന്നു വരുന്ന ഒന്നാണെന്ന്. ദൈവ ത്തെ വിചാരിച്ച് ഇനിയിതിൽ മാററമൊന്നും വരുത്ത രുതേ എന്നാണദ്ദേഹം പറയുന്നതു്! 1924-ൽത്തന്നെ വിനിമയനിരക്ക് ഉറപ്പിക്കാൻ ഞങ്ങളാവശ്യപ്പെടുകയു ണ്ടായി, എന്ന വാസ്തവം അദ്ദേഹം മറന്നുപോയപോലെ നടിക്കുന്നു. വിനിമയനിരക്ക 16 പെൻസാക്കണമെന്നു ഞങ്ങളപ്പോൾ അഭിപ്രായപ്പെട്ടു. അതെന്തുകൊണ്ടു സ്വീ കരിച്ചില്ല? ഈ വിഷയത്തെപ്പററിയാലോചിക്കാൻ ഒരു റോയൽക്കമ്മീഷനെ നിയമിക്കണമെന്ന അഭിപ്രാ യംപോലും അദ്ദേഹത്തിന്നു സ്വീകാര്യമായിരുന്നില്ല. പിന്നീട് ഈ അഭിപ്രായം സ്വീകരിച്ചു. പക്ഷേ പൊതു ജനാഭിപ്രായത്തെ അവഹേളിച്ചുകൊണ്ടു കമ്മീഷനി ലെ അംഗങ്ങളുടെ പേരുകൾ പ്രസിദ്ധംചെയ്തപ്പോൾ ത്തന്നെ ഞങ്ങൾക്ക മനസ്സിലായി, ഗവമ്മേണ്ടിന്നനുകൂല മായ ശുപാശികൾ മാത്രമേ പുറത്തു വരികയുള്ളുവെന്ന്. വിനിമയനിരക്ക 18 ഔൺസാക്കവാനാണഭിപ്രായപ്പെ

ടുക, എന്നു ഞങ്ങൾക്ക് അപ്പോൾത്തന്നെ ബോദ്ധ്യമായി."

നാട്ടുകാരുടെ പ്രതിനിധികളെല്ലാംതന്നെ 18 പെൻസുനിരക്കിനെ എതിർത്തു. എന്നിട്ടും ഗവർമ്മേണ്ടിൻെറ തീരുമാനം 3 വോട്ടുകൊണ്ടു പാസ്സായി. (അനുകൂലമായി 68-ഉം എതിരായി 65-ഉം വോട്ടുകൾ) അസംബ്ലിയുടെ ഘടന പരിശോധിച്ചാൽ ഇതിലത്ഭുതമില്ലെന്നു കാണാം. എന്തെന്നാൽ ഗവർമ്മേണ്ടിന്നു വോട്ടു കൊടുത്തവരിൽ മിക്കവരും നോമിനേററഡ് മെമ്പർമാരായിരുന്നു.

ഇന്ത്യയിലെ വ്യവസായനേതാക്കന്മാരും ദേശീയബോധമുള്ള ധനശാസ്ത്രജ്ഞന്മാരുമെല്ലാം 18 പെൻസ് നിരക്കിനെ കഠിനമായെതിർത്തു. അവരുടെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

ഉയൎന്ന വിനിമയനിരക്ക് ഒരു രാജ്യത്തിലെ അനുകൂലപരിതഃസ്ഥിതിയെ പ്രതികൂലമാക്കി മാററുകയും സ്വൎണ്ണമോ സെക്യൂരിററികളോ അഥവാ അവ രണ്ടുമോ പുറരാജ്യങ്ങളിലേയ്ക്കു കയററി അയയ്ക്കാനിടവരുത്തുകയും ചെയ്യും ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിക്കു കറൻസിയുടെ മൂല്യാപചയനം ആവശ്യമാണ്. കറൻസിയുടെ മൂല്യാപചയനം ഇറക്കുമതികളെ കുറയ്ക്കുകയും കയററുമതികൾക്കു പ്രചോദനം നല്കുകയും ചെയ്യും. സ്വന്തം ചരക്കുകളെ താരതമ്യേന കുറഞ്ഞ വിലയ്ക്കു വിററു വിദേശമാർക്കററിലെ മത്സരത്തിൽ വിജയം നേടാൻ അതു സഹായിക്കും. അതുകൊണ്ട് ഉറുപ്പികയുടെ വിനിമയനിരക്കു 16 പെൻസാക്കേണ്ടതാവശ്യമാണ്.

ഇന്ത്യൻവ്യവസായികളുടേയും ധനശാസ്ത്രപണ്ഡിതന്മാരുടേയും ഈ അഭിപ്രായങ്ങൾ ഏററവും മിതമായിരുന്നു. ഉയർന്ന വിനിമയനിരക്ക് ഇന്ത്യൻവ്യവസായങ്ങൾക്കു ഹാനികരമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, വിനിമയനിരക്ക് 18പെൻസോ അതോ 16പെൻസോ എന്നതല്ല, ഇന്ത്യയുടെ കറൻസിനയം രൂപവൽക്കരിക്കാനും നിയന്ത്രിക്കാനും ഇന്ത്യയ്ക്കു പരിപൂർണ്ണാധികാരമുണ്ടായിരിക്കണോ വേണ്ടയോ എന്നതാണ് രാജ്യത്തിൻെറ മുമ്പിലുള്ള പ്രധാനപ്രശ്നം. ഇന്ത്യയെ എന്നെന്നും ഒരു കോളനിയാക്കി വെയ്ക്കാനാഗ്രഹിക്കുന്ന ബ്രിട്ടീഷ്കുത്തകമുതലാളികൾ ഇന്ത്യയുടെ കറൻസിയെ നിയന്ത്രിക്കുന്നേടത്തോളം കാലം ഇന്ത്യയ്ക്കുഭിവൃദ്ധിയുണ്ടാവുകയില്ലെന്ന വാസ്തവം മനസ്സിലാക്കുന്നതിന്നുപകരം വിനിമയനിരക്കിൽ ചില്ലറ മാററങ്ങൾ വരുത്തണമെന്നു വാദിച്ചു തൃപ്തിപ്പെടാനാണ് അവരൊരുങ്ങിയതു്. ഉറുപ്പികയെ 'പൌണ്ട് സ്റ്റർലിങ്ങി'ൻെറ കൂട്ടുകെട്ടിൽനിന്നു മോചിപ്പിച്ച് ഒരു സ്വതന്ത്രകറൻസിയാക്കണമെന്നു വാദിയ്ക്കാൻപോലും അവർ തയ്യാറില്ല.

എന്നാൽ, അധികൃതന്മാരുടെ നിലയെന്തായിരുന്നു? ഇന്ത്യൻനേതാക്കന്മാരുടെ ഏററവും മിതമായ അഭിപ്രായങ്ങളെപ്പോലും അവഗണിച്ചുകൊണ്ടു ഹിൽട്ടൺയങ്ങ് കമ്മീഷൻെറ ശുപാർശികളെ ബലാല്ക്കാരമായി നടപ്പിൽ വരുത്താനാണവർ ഒരുങ്ങിയതു്. 1927-ലെ കറൻസി ആക്ട് പ്രകാരം ഉറുപ്പികയുടെ വിനിമയനിരക്കു 18പെൻസായി ഉറപ്പിക്കപ്പെട്ടു. ഈ നിരക്കു നിലനി

ത്താൻ വേണ്ടി തോലയ്ക്കു 21ക. 8ണ.പ്രകാരം സ്വൎണ്ണം വാങ്ങാനും ലണ്ടനിലെ അടവുകൾക്കു 1065 തോല(400 ഔൺസ്) യിൽ കുറയാത്ത തുകയ്ക്കുള്ള സ്വൎണ്ണമോ സ്റ്റർലിങ്ങോ വില്ക്കുവാനും ഗവൎമ്മെണ്ടു തയ്യാറായി. പക്ഷെ, വില്പനയുടെ കാൎയ്യത്തിൽ സ്വൎണ്ണമോ സ്റ്റർലിങ്ങോ ഏതാണാവശ്യമെന്നു തീരുമാനിക്കാൻ കറൻസിയുടെ കൺട്രോളൎക്കു പൂൎണ്ണാധികാരമുണ്ടായിരുന്നു. ക്രമത്തിൽ ഉറുപ്പികയ്ക്കു പകരം സ്റ്റർലിങ്ങേ കിട്ടുകയുള്ളുവെന്നായി. ഇങ്ങനെ പുതിയ രൂപത്തിൽ സ്റ്റർലിങ്ങ് എക്സ്ചേഞ്ജ് സ്റ്റാൻഡേർഡ് വീണ്ടും നടപ്പിൽ വന്നു.

## സ്ഥിരീകരണമാൎഗ്ഗങ്ങൾ

നിയമം പാസ്സാക്കാൻ എളുപ്പത്തിൽക്കഴിഞ്ഞു. പക്ഷെ, ആ നിയമപ്രകാരം ഉറുപ്പികയുടെ വിനിമയനിരക്ക 18 പെൻസാക്കി നിൎത്തുക എന്നതു് അത്ര എളുപ്പമായിരുന്നില്ല. കാരണം, നിയമപ്രകാരം ഉറുപ്പികയുടെ വില 18 പെൻസായിരിക്കെ അതിലടങ്ങിയ വെള്ളിയുടെ വില മാൎക്കററിൽ ഏതാണ്ടു് 16പെൻസ് മാത്രമായിരുന്നു. ഉറുപ്പികയുടെ നിരക്ക് 18 പെൻസാക്കി നിൎത്താൻ അധികൃതന്മാർ അവലംബിച്ച കൃത്രിമമാൎഗ്ഗങ്ങൾ ഇവയാണ്:—

1. അടിയന്തിരാവശ്യങ്ങൾക്കു് ഇമ്പീരിയൽ ബാങ്കിനു കടംകൊടുക്കുന്ന തുകയുടെ പലിശനിരക്ക വൎദ്ധിപ്പിക്കുക.

2. ട്രെഷറി ബില്ലുകൾ ധാരാളമായി പിറവു പണത്തിന്നു സങ്കോചനമുണ്ടാക്കുക.

3. സ്റ്റർലിങ്ങ് ബില്ലുകൾ വില്ക്കുകയും അതിന്നാവശ്യമായ ട്രാൻസ്ഫറുകൾക്കു ഗോൾഡ് സ്റ്റാൻഡേഡ് റിസർവ്വിനേയും പേപ്പർ കറൻസിറിസർവ്വിനേയും ആശ്രയിക്കുകയും ചെയ്തു.

ഈ കൃത്രിമമായ കറൻസിനയത്തിൻെറ ഫലങ്ങൾ ഭയങ്കരങ്ങളായിരുന്നു. നാട്ടിലെ വ്യവസായങ്ങൾക്കും കച്ചവടത്തിന്നും(?) നേരിട്ടു. വിദേശവ്യാപാരത്തിൽ വമ്പിച്ച നഷ്ടങ്ങളുണ്ടായി. നമ്മുടെ നിക്ഷേപങ്ങളെല്ലാം ഒഴുകിപ്പോകാൻ തുടങ്ങി. ഇന്ത്യയുടെ തലയിൽ വെച്ചുകെട്ടപ്പെട്ട കടഭാരം വർദ്ധിച്ചു. കോടിക്കണക്കിലുള്ള കൃഷിക്കാരുടെ നില ദയനീയമായിത്തീർന്നു. ഈയവസരത്തിലാണ് ലോകമൊട്ടുക്കും (സോവിയററു യൂനിയനൊഴിച്ച്) അതിഭയങ്കരമായ സാമ്പത്തികക്കുഴപ്പം പരന്നു പിടിച്ചത്.

## അദ്ധ്യായം ൯

## സാമ്പത്തികക്കുഴപ്പം

സാമ്പത്തികക്കുഴപ്പം എല്ലാ മുതലാളിത്തരാജ്യങ്ങളേയും ബാധിച്ചു. എന്നാൽ സ്വന്തം കറൻസിയേയും വിദേശവ്യാപാരത്തേയും നിയന്ത്രിക്കാനധികാരമില്ലാത്ത

ഇന്ത്യയെപ്പോലുള്ള അടിമരാജ്യങ്ങൾ കൂടുതൽ കഷ്ടപ്പാടനുഭവിക്കേണ്ടിവന്നു. സാമ്പത്തികക്കുഴപ്പംകൊണ്ടുള്ള വിലയിടിവു് ഇന്ത്യയിൽ അത്യന്തം ഭയങ്കരമായിത്തീരാനുള്ള പ്രധാനകാരണം കറൻസിയുടെ കൃത്രിമമായ സങ്കോചനമാണെന്നു തീൎത്തുപറയാവുന്നതാണു്. 1926-ലെ ഹിൽടൺയങ്ങ് കമ്മീഷന്റെ ന്യൂനപക്ഷറിപ്പോൎട്ടിൽ സർ. പുരുഷോത്തംദാസ് ഇങ്ങനെയൊരു താക്കീതു നല്കിയിരുന്നു:—

"സ്വൎണ്ണത്തിന്റെ വിലയിടിയുകയാണെങ്കിൽ—ഇന്ത്യൻ വിലകളും അതിനെത്തുടൎന്നു് ഇടിയുമല്ലോ—അതിലും വലിയതോതിലുള്ള ഒരിടിവിനെ, അതായതു്, 1ഷി. 6പെ. എന്ന നിരക്കിന്റെ പ്രവൎത്തനഫലത്തിന്റെയും, ലോകത്തിലാകെ വരുന്ന ഇടിവിന്റെയും ഇരട്ടഫലത്തെ ഇന്ത്യയ്ക്കു നേരിടേണ്ടിവരും."

താഴെകൊടുത്ത കണക്കുകളിൽനിന്നു് ഇന്ത്യയിലെയും ഇംഗ്ലണ്ടിലെയും വിലയിടിവുകൾ തമ്മിലുള്ള വ്യത്യാസം വ്യക്തമാകും:—

| | കൽക്കത്ത | ഇംഗ്ലണ്ടു് |
|---|---|---|
| | (1914 ജൂലായി=100) | (1913=100) |
| 1929 സപ്തെമ്പർ — | 143 | 135.8 |
| 1930 ,, | 111 | 115.5 |
| 1931 ,, | 91 | 99.2 |
| 1932 ,, | 91 | 102.1 |
| 1933 ,, | 88 | 103.0 |

1931-നു ശേഷം ഇംഗ്ലണ്ടിലെ വിലയിടിവു നിലയ്ക്കുകയും വിലകഠം മെല്ലെ മെല്ലെ ഉയരാൻ തുടങ്ങുകയും ചെയ്തു. എന്നാൽ നേരെമറിച്ച്, ഇന്ത്യയിൽ വിലയിടിവു പൂർവ്വാധികം ഉത്സാഹമായിത്തീരുകയാണുണ്ടായതു്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാനസംഗതി ഇറക്കുമതിച്ചരക്കുകളുടെ വിലയെക്കാളധികം കയറ്റുമതിച്ചരക്കുകളുടെ വില ഇടിഞ്ഞുകൊണ്ടിരുന്നുവെന്നതാണു്. നോക്കുക:—

കൽക്കത്ത (1914=100)

| | കയറ്റുമതിച്ചരക്കുകളുടെവില. | ഇറക്കുമതിച്ചരക്കുകളുടെവില. |
|---|---|---|
| 1929 സപ്തെമ്പർ | 133 | 150 |
| 1931 ഡിസമ്പർ | 81 | 124 |
| 1932 ,, | 69 | 115 |
| 1933 ,, | 73 | 112 |

ഇന്ത്യയിൽ നിർമ്മിക്കുന്ന ചരക്കുകളുടെ വിലയാണു് കൂടുതൽ ഇടിഞ്ഞതെന്നു് ഈ കണക്കുകഠം വിളിച്ചു പറയുന്നുണ്ടു്. എന്നാൽ ഇതുകൊണ്ടു മാത്രമായില്ല. ഇന്ത്യയിൽ നിർമ്മിക്കുന്ന എല്ലാ ചരക്കുകളുടേയും വിലകഠം ഒരുപോലെയല്ല ഇടിഞ്ഞതു് എന്നുകൂടി മനസ്സിലാക്കണം. സംഘടിതമായി പ്രവർത്തിക്കുന്നവയും വിദേശീയമുതലാളികളുടെ നിയന്ത്രണത്തിലുള്ളവയുമായ വ്യവസായങ്ങഠക്കു താരതമ്യേന കുറച്ചേ ഹാനി നേരിട്ടുള്ളു. ഉദാഹരണത്തിന്നു ചായയെടുക്കുക. (കോടിക്കണക്കിലുള്ള ഉരുപ്പിക വിലപിടിച്ച ചായ കൊല്ലംതോറും ഇന്ത്യയിൽ

നിന്നു കയററുമതി ചെയ്യുന്നുണ്ടു്.) ഇന്ത്യയുടെ ചായവ്യവസായത്തിന്റെ ഗണ്യമായ ഭാഗം വിദേശീയമുതലാളികളുടെ കീഴിലാണ്. കുഴപ്പക്കാലത്തു് അവർ ഇന്ത്യാഗവർമ്മേണ്ടിന്റെ സഹകരണത്തോടുകൂടി ചായയുടെ ഉല്പാദനം കുറയ്ക്കുകയും വിലയിടിവിൽനിന്നു രക്ഷനേടാനുതകുന്ന മററുവഴികൾ ആരായുകയും ചെയ്തു. 1914-ൽ 100 എന്ന സൂചകസംഖ്യയെ അടിസ്ഥാനമാക്കി നോക്കിയാൽ ചായയുടെ വില 1929 സപ്റ്റെമ്പറിൽ 129-ഉം 1933 മേയിൽ 74-ഉം 1934 മേയിൽ 147-ഉം ആയിരുന്നു എന്നു കാണാം. നേരെമറിച്ചായിരുന്നു നാട്ടുകാരുല്പാദിപ്പിക്കുന്ന ചരക്കുകളുടെ സ്ഥിതി. അരി, ഗോതമ്പ്, പരുത്തി എന്നിവയുടെ വിലയിടിവു് എത്ര ദയനീയമായിരുന്നുവെന്നു താഴെ ചേർത്ത സൂചകസംഖ്യകളിൽനിന്നു മനസ്സിലാക്കാം.

1914 ജുലായി = 100

| | 1929 സപ്റ്റെമ്പർ | 1933 മെയ് | 1934 മെയ് |
|---|---|---|---|
| അരി | 124 | 60 | 65 |
| ഗോതമ്പ് | 135 | 89 | 72 |
| പരുത്തി | 146 | 84 | 71 |

ചരക്കുകളുടെ വിലയിടിഞ്ഞുവെങ്കിലും നികുതി പാട്ടം മുതലായവയിൽ പറയത്തക്ക ഇളവൊന്നുമുണ്ടായില്ല. കൃഷിക്കാരുടെ കടഭാരം 1928—29-ൽ 900 കോടി ക.യായിരുന്നതു് 1933 ആകുമ്പോഴേയ്ക്കും 1200 കോടിയായി വർദ്ധിച്ചു. പട്ടണങ്ങളിലാണെങ്കിൽ, മുതലാളി

കാം വിലയിടിവിന്റെ ആഘാതങ്ങളിൽനിന്നു രക്ഷപ്പെടാൻവേണ്ടി തൊഴിലാളികളുടെ കൂലി വെട്ടിക്കുറയ്ക്കുവാനും അനേകം പേരെ ജോലിയിൽനിന്നു പിരിക്കുവാനും സങ്കോചപ്പെടുകയുണ്ടായില്ല. ചുരുക്കത്തിൽ, ഈ വിഷമംപിടിച്ച വിലയിടിവു കോടിക്കണക്കിലുള്ള കൃഷിക്കാരേയും തൊഴിലാളികളേയും നരകത്തിലാഴ്ത്തുകയും ലക്ഷക്കണക്കിലുള്ള ഇടത്തരക്കാരെ പാപ്പരാക്കി മാററുകയും ചെയ്തു 1934 ൽ സ്റ്റാലിൻ പറഞ്ഞ ഈ വാക്കുകാം എത്ര ശരിയാണെന്നു നോക്കൂ: —

“വ്യവസായത്തിന്റെ നില ഉയത്തുന്നതിൽ മുതലാളിത്തം കുറേയെല്ലാം വിജയിച്ചിട്ടുണ്ട്. ഒന്നാമതു്, തൊഴിലാളികളെ തോല്പിച്ചു് ഉല്പാദനത്തെ ത്വരിതപ്പെടുത്തിയിട്ടും, ചൂഷണത്തിന്നു ശക്തികൂട്ടിയിട്ടും; രണ്ടാമതു്, കൃഷിക്കാരെ തോല്പിച്ചു്, അവരുടെ അദ്ധ്വാനഫലമായുണ്ടാകുന്ന ഉല്പന്നങ്ങാംക്കു് — ഭക്ഷണസാധനങ്ങാംക്കും കുറെയെല്ലാം അസംസ്കൃതപദാർത്ഥങ്ങാംക്കും — ഏററവും താണ വില കൊടുക്കുന്ന നയംകൊണ്ടു്; മൂന്നാമതു്, കോളനികളിലേയും സാമ്പത്തികമായി പിന്നണിയിൽ നില്ക്കുന്ന രാജ്യങ്ങളിലേയും കൃഷിക്കാരെ തോല്പിച്ചു്, അവരുടെ ഉല്പന്നങ്ങാംക്കു് — പ്രധാനമായി അസംസ്കൃതപദാർത്ഥങ്ങാംക്കും കുറെയെല്ലാം ഭക്ഷണസാധനങ്ങാംക്കും — നിർബ്ബന്ധമായി കൂടുതൽ വില കുറച്ചിട്ടു്.”

## അദ്ധ്യായം ൧൦

# വീണ്ടും സ്റ്റർലിങ്ങ് വിനിമയമാനം

സാമ്പത്തികക്കുഴപ്പത്തിന്നിടയിലാണ് 1931 സപ്റ്റേമ്പറിൽ ഇംഗ്ലണ്ടു സ്വർണ്ണമാനവ്യവസ്ഥയുപേക്ഷിച്ചതു്. അതോടുകൂടി ബ്രി. കറൻസിയുടെ അടിമയായ ഇന്ത്യൻകറൻസിയിലും മാററങ്ങളാവശ്യമായിത്തീന്നു.

1927-ലെ ആക്ട്പ്രകാരം 18 പെൻസ് നിരക്കിൽ സ്വർണ്ണത്തിന്നുപകരം ഉറുപ്പികയും ഉറുപ്പികക്കു പകരം സ്റ്റർലിങ്ങും കൊടുക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. സ്റ്റർലിങ്ങു നോട്ടുകൾ നിശ്ചിതതൂക്കത്തിലുള്ള സ്വർണ്ണത്തെ പ്രതിനിധീകരിച്ചിരുന്നതുകൊണ്ട് ഉറുപ്പികക്കു പകരമായി കിട്ടുന്ന സ്റ്റർലിങ്ങുകൾ സ്വർണ്ണാവശ്യങ്ങൾക്കും ഉപയോഗിക്കാമായിരുന്നു. ഇംഗ്ലണ്ടു സ്വർണ്ണമാനമുപേക്ഷിച്ചപ്പോൾ ഈ സ്ഥിതി മാറി. സ്റ്റർലിങ്ങിന്നുപകരം സ്വർണ്ണം നല്കുന്നതല്ലെന്നു പ്രഖ്യാപിക്കപ്പെട്ടു. സ്റ്റർലിങ്ങിൻെറ വില അതിൻെറ സപ്ലൈയേയും ഡിമാണ്ടിനേയുമാണ് ആശ്രയിച്ചിരിക്കുക എന്നു വന്നു.

ഉറുപ്പികയുടെ സ്ഥിതിയോ? ഉറുപ്പികയെ ബ്രിട്ടീഷു കറൻസിയുടെ പിടുത്തത്തിൽനിന്നു മോചിപ്പിച്ചു സ്വതന്ത്രമാക്കുവാനോ ഉറുപ്പികയുടെ വിനിമയനിരക്കു സ്വർണ്ണത്തെ അടിസ്ഥാനമാക്കി നിശ്ചയിക്കാനോ അധികൃതന്മാർ ഇഷ്ടപ്പെട്ടില്ല. ഉറുപ്പികയെ സ്റ്റർലിങ്ങുമായി കൂട്ടിക്കെട്ടുകയാണവർ ചെയ്തതു്. ഉറുപ്പിക വിനിമയത്തി

ന്ന് (അതായത്ത് ഇന്ത്യയിലെ ചരക്കുകൾക്കു വിദേശരങ്ങളിൽ) എത്രതന്നെ ഡിമാണ്ടുണ്ടായാലും ഉറുപ്പികയുടെ വില 18 പെൻസായിരിക്കുമെന്നു വിധിക്കപ്പെട്ടു. ഇതിൻെറ ഫലമായി സ്റ്റർലിങ്ങിൻെറ വിലയിടിവുകൾ ഉറുപ്പികയേയും ബാധിക്കുമെന്നായി. ചുരുക്കിപ്പറഞ്ഞാൽ ഉറുപ്പിക സ്റ്റർലിങ്ങിൻെറ പ്രതീകനാണ്യ(token coin) മായിമാറി. ഈ സ്ഥിതിയിൽനിന്ന് ഇതുന്നവരെയും ഉറുപ്പികക്കു മോചനം കിട്ടിയിട്ടില്ല.

——— * ———

## അദ്ധ്യായം ൧൧

## സ്വർണ്ണക്കയററുമതി

ഈ അപായകരമായ നാണ്യനയവും സാമ്പത്തികക്കുഴപ്പവുംകൂടി ഇന്ത്യയുടെ വിദേശവ്യാപാരത്തെ താറുമാറാക്കാൻ തുടങ്ങി. കയററുമതി 1927—28-ൽ 319.15 കോടി ക.യായിരുന്നതു് 1932—33-ൽ 132 27 കോടി ക. യായിത്തീൎന്നു. സാമ്പത്തികക്കുഴപ്പത്തിൻെറ ഭയങ്കരത ഒട്ടൊക്കെ ശമിച്ചതിന്നു ശേഷവും കയററുമതിവ്യാപാരം പൂൎവ്വസ്ഥിതിയിലെത്തുകയുണ്ടായില്ല. 1936—37-ൽ കയററുമതി 196.13 കോടി ക. മാത്രമായിരുന്നു. കയററി അയക്കുന്ന ചരക്കുകളുടെ തുക അത്രക്കു കുറഞ്ഞുപോയതുകൊണ്ടാണ് ഈ സ്ഥിതി നേരിട്ടതെന്നു തെററിദ്ധരിക്കരുതു്. ചരക്കുകളുടെ തുകയിലും

കുറച്ചൊക്കെ കുറവു വന്നുവെന്നതു ശരിയാണെങ്കിലും പ്രധാനമായ കാരണം വിലയിടിവാണെന്നു തീൎച്ചയത്രെ.

വിദേശവ്യാപാരം പ്രതികൂലമായിക്കൊണ്ടു വന്ന ഈ പരിതഃസ്ഥിതിയിൽ വിനിമയനിരക്കിനെ 18 പെൻസിൽ ഉറപ്പിച്ചു നിൎത്തുക എളുപ്പമായിരുന്നില്ല. എന്നാൽ ഉറുപ്പികയെ സ്വാതന്ത്ര്യനാണ്യമാക്കുവാൻ അധികൃതന്മാർ തയ്യാറായോ? തീൎച്ചയായുമില്ല. ഹോം ചാൎജ്ജുകൾ, കടബാദ്ധ്യതകൾ മുതലായവ അടച്ചു തീൎക്കുവാനും ഉറുപ്പികയും സ്റ്റൎലിങ്ങും തമ്മിലുള്ള ബന്ധത്തെ നിലനിൎത്തുവാനും അങ്ങനെ ബ്രിട്ടീഷുമുതലാളികളുടെ താല്പൎയ്യങ്ങളെ രക്ഷിക്കുവാനും വേണ്ടി ഇന്ത്യയിൽനിന്നു പുറരാജ്യങ്ങളിലേയ്ക്കു ധാരാളമായി സ്വൎണ്ണം കയററി അയയ്ക്കുകയാണവർ ചെയ്തതു്.

ഇംഗ്ലണ്ടു സ്വൎണ്ണമാനത്തിലായിരുന്ന കാലത്തു് ഒരൗൺസ് സ്വൎണ്ണത്തിൻെറ വില സുമാർ 85ഷില്ലിങ്ങായിരുന്നു. സ്വൎണ്ണമാനം ഉപേക്ഷിക്കപ്പെടുകയും സ്റ്റൎലിങ്ങിൻെറവിലയിടിയുകയും ചെയ്തപ്പോൾ സ്വൎണ്ണത്തിൻെറ വിലവൎദ്ധിക്കാൻ തുടങ്ങി. കുറച്ചു കാലത്തേയ്ക്കു സ്വൎണ്ണവില 140ഷില്ലിങ്ങിന്നടുത്തായിരുന്നു.

സ്റ്റൎലിങ്ങിൻെറ വിലയിടിഞ്ഞപ്പോൾ അതിൻെറ വാലിൽത്തൂങ്ങിയായ ഉറുപ്പികയുടെ വിലയും ഇടിഞ്ഞു. എന്നുവെച്ചാൽ, സ്വൎണ്ണത്തിൻെറ ഉറുപ്പികവില വൎദ്ധിച്ചു. 1931-ൻെറ അവസാനത്തിൽ സ്വൎണ്ണത്തിൻെറ വില 21ക. 13ണ.യായിരുന്നു. അതിന്നുശേഷം സ്വൎണ്ണവില എങ്ങനെ വൎദ്ധിച്ചുവെന്നു നോക്കുക:—

| | | | ക. | ണ. | പ |
|---|---|---|---|---|---|
| 1933 | ഏപ്രിൽ | തോലസ്സ് | 30 | 0 | 0 |
| 1934 | ,, | ,, | 36 | 0 | 0 |
| 1938 | ,, | ,, | 35 | 0 | 0 |
| 1939 | ,, | ,, | 37 | 1 | 3 |

സ്വർണ്ണത്തിന്നു നല്ല വില കിട്ടുന്നുവെന്നു കണ്ടപ്പോൾ നാട്ടുകാർ തങ്ങളുടെ സ്വർണ്ണാഭരണങ്ങളും മററും വില്ക്കാൻ തുടങ്ങി. ഇന്ത്യയിൽനിന്നു സ്വർണ്ണം ധാരാളമായി കയററി അയക്കപ്പെടാൻ തുടങ്ങി. എത്ര വിലപിടിച്ച സ്വർണ്ണമാണ് ഇങ്ങനെ പോയതെന്നു നോക്കുക:—

| കൊല്ലം. | ലക്ഷം ക. |
|---|---|
| 1931—32 | 57, 97 |
| 1932—33 | 65, 52 |
| 1933—34 | 57, 05 |
| 1934—35 | 52, 54 |
| 1935—36 | 37, 35 |
| 1936—37 | 27, 84 |
| 1937—38 | 16, 33 |
| 1938—39 | 23, 26 |
| 1939—40 | 44, 64 |
| ആകെ | 3, 82, 50. ലക്ഷം ക. |

ഇത്രയധികം സ്വർണ്ണം നാദിർഷാ, തിമൂർലാങ്ങ് മുതലായവരുടെ ആക്രമണകാലത്തുപോലും ഇന്ത്യയിൽനിന്നു കടത്തിക്കൊണ്ടുപോയിട്ടില്ലെന്നു പറയപ്പെട്ടു

ന്നു. വിലപിടിച്ച സ്വർണ്ണത്തിന്നു പകരമായി ഇന്ത്യാഗവർമ്മേണ്ടിന്റെ കണക്കിൽ വിലയിടിഞ്ഞുകൊണ്ടിരുന്ന സ്റ്റർലിങ്ങ് വരവുപിടിക്കുകയാണുണ്ടായതു്. സ്വർണ്ണം വിററു നാട്ടുകാൎക്കു വിലയിടിവു നേരിട്ടുകൊണ്ടിരുന്ന ഉറുപ്പികയും കിട്ടി. വിലപിടിച്ച സ്വർണ്ണം വിലയിടിയുന്ന കറൻസിക്കു വേണ്ടി കൈമാറിയതുകൊണ്ടു് ഇന്ത്യക്കു വമ്പിച്ച നഷ്ടമാണുണ്ടായതു്.

സ്വർണ്ണത്തിന്നു പുറമെ, അത്രതന്നെ ഭയങ്കരമായ തോതിലല്ലെങ്കിലും, ധാരാളം വെള്ളിയും ഇന്ത്യയിൽനിന്നു കടത്തപ്പെടുകയുണ്ടായി.

സ്വർണ്ണവും വെള്ളിയും വിററു നല്ല ലാഭമുണ്ടാക്കുകയാണു് നാട്ടുകാർ ചെയ്യുന്നതെന്നും അതു തടയേണ്ട ആവശ്യമില്ലെന്നുമായിരുന്നു ഗവർമ്മേണ്ടിന്റെ മുടന്തൻ ന്യായം. ഈ വാദം ശരിയല്ല. കാരണം, 1933-ലെ അസംബ്ലിയോഗത്തിൽ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ, സാമ്പത്തികക്കുഴപ്പത്തിന്റെ ആഘാതങ്ങളിൽനിന്നു കുറച്ചെങ്കിലും രക്ഷനേടാനും അരി, ഉപ്പു്, വസ്ത്രം മുതലായ നിത്യോപയോഗസാമഗ്രികൾ വാങ്ങാനും വേണ്ടിയാണു് നാട്ടുകാർ തങ്ങളുടെ സ്വർണ്ണം കൈവിടാനൊരുങ്ങിയതു്. സ്വർണ്ണത്തിന്റെ വിലവർദ്ധനവു സ്പെക്യുലേറർമാരേയും ആകർഷിച്ചുവെന്നും അവരീയവസരത്തെ തങ്ങളുടെ മടിശ്ശീല തടിപ്പിക്കാൻ വേണ്ടിയുപയോഗിച്ചുവെന്നും ഉള്ളതു വാസ്തവമാണു്. പക്ഷെ, സ്വർണ്ണവില്പനക്കാരിൽ നിന്നും ഭൂരിപക്ഷത്തെ സംബന്ധിച്ചേടത്തോളം, ലാഭക്കൊതികൊണ്ടാണു് സ്വർണ്ണംവിററതെ

നു വാദിക്കുന്നതു ശരിയാവുകയില്ല. ദരിദ്രന്മാരും ഇടത്തരക്കാരും വാസ്തവത്തിൽ തങ്ങളുടെ ശോചനീയമായ സാമ്പത്തികസ്ഥിതിയിൽനിന്നു് അല്പമെങ്കിലും രക്ഷകിട്ടാൻ വേണ്ടി മാത്രമാണു് സ്വർണ്ണപ്പണ്ടങ്ങളും മററും കൈവിട്ടതു്. നാട്ടുകാർ വില്ക്കുന്ന സ്വർണ്ണമെല്ലാം തല്ക്കാലം ഗവർമ്മേണ്ടുതന്നെ വാങ്ങണമെന്നും സ്വർണ്ണം രാജ്യത്തിൽനിന്നു പുറത്തേയ്ക്കു പോകുന്നതിനെ തടയണമെന്നും വ്യവസായനേതാക്കന്മാരും പൊതുജനനേതാക്കന്മാരും ധനശാസ്ത്രജ്ഞന്മാരും അടിക്കടി പ്രക്ഷോഭം നടത്തിക്കൊണ്ടിരുന്നു. 1931 സപ്തെമ്പർ 26-ാംനു- മിസ്റ്റർ(ഇപ്പോൾ സർ)ഷൺമുഖം അസംബ്ലിയിൽ താഴെ കൊടുത്ത പ്രമേയമവതരിപ്പിച്ചു:—

"ഇന്നത്തെ പരിതഃസ്ഥിതിയിൽ ഉറുപ്പികയെ സ്റ്റർലിങ്ങുമായി ബന്ധിക്കുന്നതു് ഇന്ത്യയ്ക്കു ഹാനികരമാകുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നതിനാലും, വിനിമയനിരക്കു് 18പെൻസാക്കി വെച്ചതിൻെറ ഫലമായി രാജ്യത്തിലെ കൃഷിക്കും വ്യവസായങ്ങൾക്കും വലിയ ദോഷം തട്ടുകയും കറൻസിറിസർവ്വിലുള്ള സ്വർണ്ണവും സ്വർണ്ണത്തിനു സമമായ സെക്യൂരിററികളും മിക്കവാറും നാമാവശേഷമായിത്തീരുകയും ചെയ്തതിനാലും, ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധത്തെ നിലനിത്താനുള്ള ഉത്തരവാദിത്വം ഇന്ത്യാഗവർമ്മേണ്ടു് ഏറെറടുത്തതുകൊണ്ടു് ഇനിയും എത്രയോ സ്വർണ്ണവും മററുധനങ്ങളും നശിക്കാനും അങ്ങനെ രാജ്യത്തിനു സാമ്പത്തികമായി വളരെ

യധികം നാശമുണ്ടാകാനും ഇടയുള്ളതിനാലും, ഇന്ത്യാ ഗവൎമ്മേണ്ടു നമ്മുടെ കറൻസിറിസൎവ്വിലും ഗോൾഡ് സ്റ്റാൻഡേഡ്ററിസൎവ്വിലും ഉള്ള സ്വൎണ്ണമോ സ്റ്റർലിംഗോ ഇനിയും കുറഞ്ഞുപോകാതിരിക്കാനാവശ്യമായ നടപടികൾ ഉടനടി എടുക്കേണ്ടതാണെന്നും ഈ അസംബ്ലി അഭിപ്രായപ്പെടുന്നു. നാടിൻെറ നന്മയേത്തു് ഉദ്ദേശിക്കും ഉപകരം സ്വൎണ്ണമോ സ്റ്റർലിംഗോ കൊടുക്കാനുള്ള ഉത്തരവാദിത്വം ഗവൎമ്മേണ്ടു് ഏറെറടുക്കാതിരിക്കണമെന്നും ഇതിന്നു നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണെന്നും അസംബ്ലിക്കഭിപ്രായമുണ്ടു്. ഈ അഭിപ്രായം സ്വീകാൎയ്യമല്ലെങ്കിൽ ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്നു നീണ്ടകാലത്തേക്കു നിശ്ചിതോപാധികളിന്മേൽ ധാരാളം സംഖ്യ കടമായി കിട്ടുന്നതുവരേയെങ്കിലും ഗവൎമ്മേണ്ടു് ആ ഉത്തരവാദിത്വം ഏറെറടുക്കാതിരിക്കണം. കൂടുതൽ നികുതി ചുമത്താനുള്ള ഒരു ബില്ല് അവതരിപ്പിക്കുമെന്നു ധനകാൎയ്യമെമ്പർ കുറച്ചു ദിവസത്തിന്നുമുമ്പു സൂചിപ്പിക്കുകയുണ്ടായി. മെമ്പൎമാൎക്കു മുൻകൂട്ടി നോട്ടീസ് കൊടുക്കാതെ നികുതിപിരിവിനെ സംബന്ധിച്ച പ്രമേയങ്ങളൊന്നും കൊണ്ടുവരരുതെന്നും എന്തുതന്നെയായാലും ഈ സമ്മേളനത്തിൽ അതു കൊണ്ടുവരരുതെന്നുമാണു് അസംബ്ലിയുടെ അഭിപ്രായം.''

ഈ പ്രമേയം സർ ഷൺമുഖത്തെപ്പോലുള്ള മിതവാദികൾക്കു യോജിച്ചതായിരിക്കാം. എന്നാൽ രാജ്യത്തിൻെറ മുമ്പിലുള്ള യഥാൎത്ഥപ്രശ്നങ്ങളെ കുറെയൊക്കെ

മറച്ചുവെയ്ക്കുകയാണ് പ്രമേയം ചെയ്തതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ കറൻസിനയം രൂപവല്ക്കരിക്കാൻ നമുക്കധികാരമുണ്ടായിരിക്കണോ വേണ്ടയോ എന്ന മൌലികപ്രശ്നത്തെ തൊടുവാൻപോലും മിതവാദിനേതാക്കന്മാർ ആഗ്രഹിക്കാറില്ല. സ്വന്തം കറൻസിനയം നടപ്പിൽവരുത്താൻ ഇന്ത്യയിലെ ജനങ്ങൾക്കധികാരമുണ്ടായിരിക്കണമെന്നു വാദിക്കുന്നതിന്നു പകരം ബ്രിട്ടീഷുഗവമ്മേണ്ടിന്റെ സന്മനസ്സോടെ കറൻസിനയത്തിൽ ചില്ലറ പരിഷ്കാരങ്ങൾ വരുത്തണമെന്നു കെഞ്ചുകമാത്രമാണവർ ചെയ്യാറുള്ളതു്.

പ്രമേയം പാസ്സായി. അനുകൂലമായി 64-ഉം എതിരായി 40-ഉം വോട്ടുകൾ കിട്ടി. പക്ഷേ ഫലമൊന്നുമുണ്ടായില്ല. നാട്ടുകാരുടെ ഈ മിതമായ അഭിപ്രായത്തെപ്പോലും ധിക്കരിക്കുവാനാണ് അധികൃതന്മാർ മുതിന്നതു്. 25 കോടി ഉറുപ്പികയുടെ പുതിയ നികുതികൾ ചുമത്താനുള്ള ഒരു ബിൽ അതേ അസംബ്ലിയോഗത്തിൽത്തന്നെ അവതരിപ്പിക്കുകയെന്നതായിരുന്നു ഗവമ്മേണ്ടിന്റെ മറുപടി.

അതിന്നു ശേഷം വിനിമയനിരക്കു താഴ്ത്തണമെന്ന ആവശ്യം ഇന്ത്യയിലെ വ്യവസായ നേതാക്കന്മാരുംപൊതുപ്രവത്തകന്മാരും ഇടവിടാതെ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഇംഗ്ലണ്ട്, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, ഈജിപ്റ്റ്, ജാപ്പാൻ, അമേരിക്ക, ഫ്രാൻസ്, ഹോളണ്ട്, ഇററലി, ചെക്കൊസ്ലാവാക്യ ഇങ്ങനെ മിക്ക രാജ്യങ്ങളും

ഒന്നിന്നു ശേഷം മറെറാന്നായി തങ്ങളുടെ കറൻസിക്കു മൂല്യാപചയംവരുത്തിക്കൊണ്ടിരുന്ന (കറൻസിയുടെ വില താഴ്ത്തിക്കൊണ്ടിരുന്ന) ഒരു കാലമായിരുന്നു അതു്. വിദേശീയാധിപത്യത്തിലുള്ള ഇന്ത്യയിൽ മാത്രം ഒരേയൊരു കറൻസി നിലനിൎത്തപ്പെട്ടുപോന്നു. ഇതു് അക്രമവും അനീതിയുമാണെന്നു നാട്ടുകാർ മുറവിളികൂട്ടി. 1936_ൽ ഫ്രാങ്കിൻെറയും ഗോൾഡ് സ്റ്റ് ബ്ളോക്കിൽപ്പെട്ട മററു കറൻസികളുടെയും മൂല്യാപചയനത്തിന്നു ശേഷം ഇന്ത്യൻ വ്യവസായികളുടെ പരിഭ്രമവും അമ്പരപ്പും വൎദ്ധിച്ചു. യൂറോപ്യൻകറൻസികളുടെ മൂല്യാപചയനം ആ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേക്കുള്ള ഇറക്കുമതിക്കു പ്രചോദനം നല്കുമെന്നും അങ്ങനെ ഇന്ത്യയുടെ കയററുമതിവ്യാപാരത്തിന്നു് ഇടിവുനേരിടുമെന്നും അവർ ഭയപ്പെട്ടു. വിനിമയനിരക്കിൽ യാതൊരു മാററവും വരുത്താനിഷ്ടപ്പെടാത്ത ഇന്ത്യാഗവൎമ്മെണ്ടിൻെറ കറൻസിനയം 1936 ഒക്ടോബറിലെ അസംബ്ളിയോഗത്തിൽ കഠിനമായ വിമൎശനങ്ങൾക്കു പാത്രമായിത്തീൎന്നു. 1938 മെയ് മാസത്തിൽ കോൺഗ്രസ്സ് മന്ത്രിസഭകൾ നിലവിലുള്ള സംസ്ഥാനങ്ങളിലെ പ്രധാനമന്ത്രിമാർ ഉറുപ്പികയുടെ വില കുറയ്ക്കണമെന്നു ഗവൎമ്മെണ്ടിനോടു് ആവശ്യപ്പെടണമെന്നും ഇക്കാൎയ്യത്തിൽ മററു സംസ്ഥാനങ്ങളുടെ സഹകരണം നേടണമെന്നും തീരുമാനിക്കുകയുണ്ടായി. 1938 ഡിസംബറിൽ ഇന്ത്യൻനാഷനൽ കോൺഗ്രസ്സിൻെറ പ്രവൎത്തകക്കമ്മിററി താഴെ കൊടുത്ത പ്രമേയം പാസ്സാക്കി:—

"വിനിമയനിരക്ക് ഉരുപ്പികക്കു 18 പെൻസാക്കി നിജപ്പെടുത്തിയതിന്നു ശേഷം ഇന്ത്യയിലെ എല്ലാ കച്ചവടതാൽപര്യങ്ങളും പൊതുസ്ഥാപനങ്ങളും അതു് ഇന്ത്യയുടെ സാമ്പത്തികതാൽപര്യങ്ങൾക്കെതിരാണെന്നു പ്രതിഷേധിക്കുകയും അതു മാററുവാൻ തുടരെത്തുടരെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇന്ത്യാഗവമ്മേണ്ടു് ഈ ഉദ്യമങ്ങളെയെല്ലാം ഇതേവരെ നിരസിക്കയും അവസാനമായി ഈ തോതിൽ യാതൊരു മാററവും വരുത്താൻ തല്ക്കാലം ഉദ്ദേശിക്കുന്നില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടു് 1938 ജൂൺ6-ാംനു-ഒരു കമ്യൂണിക്കെ പുറപ്പെടുവിക്കയുമാണുണ്ടായതു്. മാത്രമല്ല, ഇതിനെ ന്യായീകരിക്കുവാൻവേണ്ടി, പുനഃക്രമീകരണഘട്ടത്തിൽ വന്നേക്കാവുന്ന വ്യവസ്ഥയില്ലായ്മയേയും അസ്ഥിരതയേയും പൊക്കിപ്പിടിക്കുകയാണു് ചെയ്തതു്. അവരുടെ അഭിപ്രായത്തിൽ ഈ തോതു കുറച്ചാലുള്ള നേട്ടത്തേക്കാൾ കൂടുതൽ നഷ്ടമായിരിക്കും ഈ പുനഃക്രമീകരണംകൊണ്ടു് ഇന്ത്യൻതാൽപര്യങ്ങൾക്കുണ്ടാകുക. കഴിഞ്ഞ ജൂൺമാസത്തിന്നുശേഷം കച്ചവടത്തിൻെറ തുലാസ്സ് അധികമധികം ഇന്ത്യക്കെതിരായി തൂങ്ങുവാൻ തുടങ്ങി. ഈ 1ഷി. 6പെ. എന്ന തോതു് ഈ രാജ്യത്തിലെ കാഷികോല്പന്നങ്ങളുടെ വില ഇടിയിച്ചു്, കൃഷിക്കാരനെ സാരമായി ബാധിക്കുകയും, ഈ രാജ്യങ്ങളിലേക്കുള്ള ഇറക്കുമതിക്കു അനഹ്വും അന്യായവുമായ ആനുകൂല്യങ്ങൾ നല്കുകയും ചെയ്തു എന്നാണു് ഈ കമ്മിററിയുടെ അഭിപ്രായം. ധാരാളം

സ്വണ്ണം കയററുമതിചെയ്യാൽപ്പോലും—ഇതുതന്നെ രാജ്യത്തിന്നു വളരെ അപായകരമാണ്—ഈ തോതു മേലിൽ കുറിക്കലും നിലനിത്താൻ കഴിയുകയില്ലെന്നു വക്കിങ്ങ്കമ്മിററിക്കു വിശ്വാസമുണ്ട്. കറൻസിയും ക്രഡിററും സങ്കോചിപ്പിക്കുന്ന നയംകൊണ്ടും, ഇന്ത്യയുടെ സ്വണ്ണവും സ്റ്റർലിങ്ങ് സൂക്ഷിപ്പും പ്രത്യേകിച്ചു പേപ്പർകറൻസിറിസവ്വും എടുത്തുതീത്തുകൊണ്ടും മാത്രമേ ഈ തോതു നിലനിത്തിക്കൊണ്ടുപോകാനാകൂ എന്ന ഒരു ഘട്ടം ഇന്നെത്തിയിട്ടുണ്ട്. ഈ സ്റ്റർലിങ്ങു സൂക്ഷിപ്പ് ഇപ്പോൾ തന്നെ ഭയാനകമാംവണ്ണം ഉപയോഗിച്ചുകഴിഞ്ഞിരിക്കുന്നു. ഈ തോതു നിലനിത്താനുള്ള ശ്രമം ഇനിയും ഇന്ത്യാഗവമ്മേണ്ടു തുടരുകയാണെങ്കിൽ സ്റ്റർലിങ്ങുസൂക്ഷിപ്പുകൾ കൂടുതൽ ഒഴിയുക എന്ന അപായനിലയാണെത്താൻപോകുന്നതു്. വക്കിങ്ങ്കമ്മിററി ഈ വരാൻപോകുന്ന സംഭവഗതിയെ ഏററവും ഗൌരവത്തോടും ഉൽക്കണ്ഠയോടും കൂടിയാണ് വീക്ഷിക്കുന്നതു്. അതുകൊണ്ടു ഇന്നത്തെ വിനിമയനിരക്കു നിലനിത്താനുള്ള ഉദ്യമങ്ങൾ ഉടനടി അവസാനിപ്പിക്കണമെന്നാണ് രാജ്യത്തിൻെറ ഉത്തമതാൽപര്യങ്ങൾ ആവശ്യപ്പെടുന്നതെന്നു വക്കിങ്ങ്കമ്മിററി തീരുമാനിക്കുകയും ഈ നിരക്ക് 1ഷി. 4പെ. ആക്കി താഴ്ത്തുവാൻ അടിയന്തരനടപടികളെടുക്കുന്നതിന്നു ഗവണ്ണർ ജനറൽ-ഇൻ-കൌൺസിലിനെ നിബ്ബന്ധിക്കുകയും ചെയ്യുന്നു!

പ്രവത്തകക്കമ്മിററിയുടെ പ്രമേയത്തിന്നു മറുപടിയെന്നോണം ഇന്ത്യാഗവമ്മേണ്ടു് ഒരു കമ്മ്യൂണിക്കെ പു

റപ്പെട്ടവിച്ചു. പ്രവൎത്തകക്കമ്മിററിക്ക പററിയ ചില ചില്ലറ പിശകുകളെ എടുത്തു പൊക്കിപ്പിടിച്ചുകൊണ്ടു യഥാൎത്ഥപ്രശ്നത്തെ മറച്ചുവെയ്ക്കുകയായിരുന്നു കമ്മ്യൂണിക്കെയുടെ ഉദ്ദേശ്യം. ഉദാഹരണത്തിന്നു പേപ്പർ കറൻസി റിസൎവ്വിലെ സ്റ്റർലിങ്ങു സമ്പത്തുക്കളെപ്പററി ഗവൎമ്മേണ്ടു പറഞ്ഞു:—“യഥാൎത്ഥത്തിൽ പേപ്പർ കറൻസി റിസൎവ്വിലുള്ള മുതലുകൾ 1935 ഏപ്രിൽമാസത്തിൽത്തന്നെ റിസൎവ്വ് ബാങ്കിലെ മുതലുകളിൽ ചേൎന്നുപോയിരിക്കുന്നു.”

1938-ജൂൺ മുതൽക്ക് ഇന്ത്യയുടെ വാണിജ്ജ്യം അനുകൂലമാവാൻ തുടങ്ങിയിട്ടുണ്ടെന്നു ഗവൎമ്മേണ്ടു കമ്മ്യൂണിക്കെ ചൂണ്ടിക്കാണിച്ചു. പക്ഷേ അതുവരെയുണ്ടായ പ്രതികൂലവാണിജ്ജ്യത്തെപ്പററി ഒരക്ഷരം മിണ്ടിയില്ല. ഇങ്ങനെ വാക്കുകൾകൊണ്ടുള്ള ചില കളികളോടൊപ്പം ഗവൎമ്മേണ്ടു് അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചു:—“ഉറുപ്പികയുടെ ഇന്നുള്ള വിനിമയവില താഴ്ത്തുവാൻ ഉദ്ദേശമില്ലെന്നു വ്യക്തമാക്കുവാൻ ഇന്ത്യാഗവൎമ്മേണ്ടു് ആഗ്രഹിക്കുന്നു. നേരെമറിച്ച്, തങ്ങൾക്ക കഴിവുള്ള എല്ലാ മാൎഗ്ഗങ്ങളുമുപയോഗിച്ച് അതു നിലനിൎത്താനാണുദ്ദേശിക്കുന്നത്. അതു നില്ക്കുവാനുള്ള തങ്ങളുടെ തികഞ്ഞ പ്രാപ്തിയിൽ ഗവൎമ്മേണ്ടിന്നു വിശ്വാസവുമുണ്ടു്.”

വിനിമയനിരക്ക മാററാതിരിക്കാൻ ഗവൎമ്മേണ്ടു കൊണ്ടുവന്ന ന്യായങ്ങളിലൊന്നു് ഉപഭോക്താക്കളുടെ താൽപൎയ്യങ്ങളെ സംരക്ഷിക്കുന്നതാണു്. മററുരാജ്ജ്യങ്ങളിൽ

നിന്നു കുറഞ്ഞ വിലയ്ക്കു ചരക്കുകൾ വരുന്നതിനെ തടയുകയാണു് കുറഞ്ഞ വിനിമയനിരക്കു ചെയ്യുക എന്നു ഗവൎമ്മെണ്ടു വാദിച്ചു. ഗവൎമ്മെണ്ടിന്റെ കമ്മ്യൂണിക്കെയിൽ ഒരിടത്തു പറയുന്നതു നോക്കുക:—

“വാസ്തവത്തിൽ വിനിമയത്തോതു താഴ്ത്തുന്നതുകൊണ്ടു പണക്കാൎക്കും ലാഭമടിക്കാൻ തക്കംനോക്കിയിരിക്കുന്നവൎക്കും അല്ലാതെ മററാൎക്കും ഗുണമുണ്ടാവില്ല. കമ്പോളത്തിൽ ഉണ്ടാവുന്ന മാററങ്ങളിൽനിന്നും അനിശ്ചിതാവസ്ഥയിൽനിന്നും മുതലെടുക്കുന്നവരാണു് ഇക്കൂട്ടർ; മാത്രമല്ല, ഉപഭോക്താക്കളെ തോല്പിച്ചുകൊണ്ടു തങ്ങൾക്കു കിട്ടിയിട്ടുള്ള സംരക്ഷണത്തിൽ $12\frac{1}{2}$ ശതമാനം കൂടുതൽ കാണാലാഭമായി ഇതുവഴി ഇവൎക്കു തട്ടിയെടുക്കാനും കഴിയും.”

ഇന്ത്യയിലെ ഉപഭോക്താക്കൾക്കുവേണ്ടി ഗവൎമ്മെണ്ടു മുതലക്കണ്ണീർ പൊഴിക്കുന്നതു് ഇതാദ്യമായിട്ടല്ല. വിദേശച്ചരക്കുകളുടെമേൽ സംരക്ഷണച്ചുങ്കം ചുമത്തുകയോ അവയുടെ വിലകളെ ബാധിക്കത്തക്കവണ്ണം കറൻസിവ്യവസ്ഥയെ രൂപപ്പെടുത്തുകയോ ചെയ്താൽ ഇന്ത്യൻ മുതലാളികൾക്കു് അതുകൊണ്ടു വമ്പിച്ച ലാഭമുണ്ടാകുമെന്നും സ്വന്തം മാൎക്കററിൽ വിദേശീയമുതലാളികളോടു മത്സരിക്കാൻ അവൎക്കു കൂടുതൽ സൌകൎയ്യമുണ്ടാകുമെന്നും അങ്ങനെ വിദേശീയമുതലാളികൾക്കു തങ്ങളുടെ ചരക്കുകൾ താണവിലയ്ക്കു വിററഴിക്കാൻ കഴിയാതെ വരുമെന്നുമാണു് ഗവൎമ്മെണ്ടിന്റെ വാദങ്ങളുടെ ചുരുക്കം. എ

ന്നാൽ, ഇന്ത്യയിലെ ഉപഭോക്താക്കൾക്കു വേണ്ടി ചൊരിയുന്ന ഈ വാദങ്ങൾക്കിടയിൽക്കൂടി ബ്രിട്ടീഷു മുതലാളികളുടെ താൽപര്യങ്ങളാണു് ഒളിഞ്ഞുകിടക്കുന്നതു് എന്നു കാണാൻ വിഷമമില്ല.

ഇന്ത്യൻ മുതലാളികൾക്കു വിദേശീയമുതലാളികളുമായി വിജയപൂർവ്വം മത്സരിക്കാൻ കഴിഞ്ഞാൽ അവർ തങ്ങളുടെ ചരക്കുകൾ ഉയന്ന വിലയ്ക്കു വിററു ലാഭമടിക്കാൻ ശ്രമിക്കുമെന്നും അതുകൊണ്ടു് ഉപഭോക്താക്കൾ വിഷമിക്കാനിടയുണ്ടെന്നും വാദിക്കുന്നതിൽ കുറെയൊക്കെ സത്യമുണ്ടെന്നു സമ്മതിക്കണം. ചരക്കുകളുടെ വില കുറയേണ്ടതു ഭൂരിപക്ഷക്കാരായ നാട്ടുകാക്കു് ആവശ്യമാണു്. ലാഭക്കൊതിയന്മാരുടേയും പൂഴ്ത്തിവെപ്പുകാരുടേയും പിടിയിൽനിന്നു രക്ഷ കിട്ടേണ്ടതും ആവശ്യമാണു്. പക്ഷേ ഇതിന്നുള്ള വഴി വിദേശീയമുതലാളികളുടെ ചരക്കുകൾ കുറഞ്ഞ വിലയ്ക്കു വില്ക്കാൻ സമ്മതിക്കുകയും അങ്ങനെ നാടൻവ്യവസായങ്ങളെ ഞെക്കിക്കൊല്ലാൻ സഹായിക്കുകയുമല്ല. ഇന്ത്യൻ വ്യവസായങ്ങളുടെ സവ്വതോമുഖമായ വളച്ച മുതലാളികളുടെ മാത്രമല്ല, നാട്ടുകാരുടെ മുഴവൻ ആവശ്യമാണു്. ഇന്ത്യ അസംസ്കൃതസാമഗ്രികൾ കയററി അയയ്ക്കുന്ന ഒരു രാജ്യമെന്ന നിലയിൽനിന്നു ശക്തിയേറിയ ഒരു വ്യവസായരാജ്യമായി ഉയരണമെന്ന ആവശ്യത്തെ വിദേശീയമുതലാളികളും അവരുടെ എച്ചിൽനക്കികളും മാത്രമേ എതിക്കുകയുള്ളൂ. വാസ്തവത്തിൽ നമ്മുടെ രാജ്യത്തെ എന്നെന്നും ഒരു കോളനിയാക്കി വെയ്ക്കാനുള്ള ഒരായുധമായിട്ടാണു് അതികൃതന്മാർ

ഇന്ത്യയുടെ കറൻസിനയത്തെ നിയന്ത്രിച്ചുപോന്നിട്ടുള്ളത്. 1935_മുതൽക്കു കറൻസിയുടെ നിയന്ത്രണം റിസർവ്വ്ബാങ്കിൻെറ കീഴിലായി. എന്നാൽ റിസർവ്വ്ബാങ്കുതന്നെയും ബ്രിട്ടീഷുകുത്തകമുതലാളികളുടെ ഒരുപകരണമെന്ന നിലയ്ക്കാണ് പ്രവർത്തിക്കുവാൻ തുടങ്ങിയത്.

—— * ——

## അദ്ധ്യായം ൧൨

## റിസർവ്വ് ബാങ്കും കറൻസിയും

1918_ലെ ചേമ്പർലേൻ കമ്മീഷൻ ഒരു സെൻട്രൽബാങ്കിൻെറ ആവശ്യകതയംഗീകരിച്ചുവെങ്കിലും അതു സ്ഥാപിക്കുന്ന കാര്യത്തിൽ ഉറച്ച നയം കൈക്കൊള്ളുകയുണ്ടായില്ല. 1926_ലെ ഹിൽടൺയങ്ങ് കമ്മീഷനാണ് ഈ കുറവു പരിഹരിച്ചത്. കറൻസിയും കടവും (ക്രെഡിററ്) നിയന്ത്രിക്കാനുതകുന്ന ഒരു കേന്ദ്രബാങ്ക് അത്യാവശ്യമാണെന്നു കമ്മീഷൻ അഭിപ്രായപ്പെടുകയുണ്ടായി. 1927_ൽ സെൻട്രൽ അസംബ്ലിയിൽ നടന്ന വാദപ്രതിവാദത്തിൽ ബാങ്കിൻെറ ഘടനയെപ്പററിയും അതിൽ നാട്ടുകാരുടെ പ്രതിനിധികൾക്കുള്ള പങ്കിനെപ്പററിയും വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉളവായി. അതിൻെറ ഫലമായി ബാങ്കിൻെറ സ്ഥാപനം നീട്ടിവെയ്ക്കപ്പെട്ടു. പിന്നീടു 1931_ലെ ബാങ്കിങ്ങ് അന്വേഷണക്കമ്മിററിയുടെ റിപ്പോർട്ടിൽ ഒരു റിസർവ്വ്ബാങ്കു

സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞിരുന്നു. എന്നാൽ 1935-ൽ മാത്രമാണ് 'റിസർവ്വ ബാങ്ക് ഓഫ് ഇൻഡ്യ' സ്ഥാപിതമായതു്.

ഇന്ത്യയുടെ സെൻട്രൽബാങ്ക് എന്ന പേരിലാണറിയപ്പെടുന്നതെങ്കിലും റിസർവ്വ്ബാങ്ക് വാസ്തവത്തിൽ ഇന്ത്യയുടേതിനേക്കാളും ബ്രിട്ടീഷുകുത്തകമുതലാളികളുടെ താൽപര്യങ്ങളെയാണ് രക്ഷിക്കുന്നതു്. ബാങ്ക് ഓഹരിക്കാരുടെ ബാങ്കാണ്. ബാങ്കിന്റെ ഭരണം നടത്തുന്ന ഡയറക്ടർമാരുടെ സെൻട്രൽബോർഡിൽ 16 അംഗങ്ങളാണുള്ളതു്. അതിൽ ഗവർണ്ണർ രണ്ടു ഡെപ്യൂട്ടി ഗവർണ്ണർമാർ എന്നിവരേയും നാലു ഡയറക്ടർമാരേയും നോമിനേററു ചെയ്യുകയാണ് പതിവു്. ബാക്കിയുള്ള ഡയറക്ടർമാർ മാത്രമാണ് ഓഹരിക്കാരാൽ തിരഞ്ഞെടുക്കപ്പെടുന്നതു്. എന്നാൽ ഷെയറുകളുടെ ഘടന പരിശോധിച്ചാൽ വിദേശീയമൂലധനത്തിന്നാണ് കൂടുതൽ പ്രാധാന്യമെന്നു കാണാം. ഇന്ത്യാഗവമ്മേണ്ടിന്റെ പ്രതിനിധിയായി ഒരുദ്യോഗസ്ഥനും ബോഡിലുണ്ടായിരിക്കും. സെൻട്രൽ ബോഡിൽ നാട്ടുകാരുടെ പ്രതിനിധികൾക്ക് സ്ഥാനമുണ്ടായിരിക്കണമെന്ന ജനകീയാവശ്യം ചവിട്ടിമെതിക്കപ്പെടുകയാണുണ്ടായതു്. അസംബ്ലിയിൽ ജനകീയകക്ഷികൾക്കു വമ്പിച്ച ഭൂരിപക്ഷം കിട്ടുകയാണെങ്കിൽക്കൂടി ബാങ്കിന്റെ ഘടനയിലാകട്ടെ, യാതൊരു മാററവും വരുത്താൻ സാധിക്കാതിരിക്കത്തക്കവിധം ആവശ്യമായ എല്ലാ മുൻകരുതലുകളും ബാങ്കുനിയമത്തിലുൾക്കൊണ്ടിട്ടു

ണ്ട്. ഈ സ്ഥിതിയിൽ ഇന്ത്യയുടെ വ്യവസായങ്ങളെ വ വളർത്തുവാനോ അതിന്നുവേണ്ട ധനസഹായം നല്കുന്ന ബാങ്കുകളെ സഹായിക്കാനോ റിസർവ്വ്ബാങ്ക് തയ്യാറല്ലെങ്കിൽ അതിലത്ഭുതപ്പെടാനില്ലല്ലോ.

1861 മുതല്ക്ക് 1935 വരെ കറൻസി ഡിപ്പാർട്ടുമെണ്ട് ഇന്ത്യാഗവർമ്മേണ്ടിൻെറ നേരിട്ടു കീഴിലായിരുന്നു. റിസർവ്വ്ബാങ്ക് സ്ഥാപിക്കപ്പെട്ടതോടുകൂടി പ്രധാനമായ ചില മാററങ്ങളുണ്ടായി. കറൻസിയുടേയും ക്രെഡിററിൻേറയും നിയന്ത്രണം റിസർവ്വ്ബാങ്കിൻെറ ചുമതലയായിത്തീൎന്നു.

ബാങ്കിൻെറ നോട്ടുകൾ ലീഗൽടെൻഡറായിരിക്കുമെന്നും അവക്കു ഗവർമ്മേണ്ടിൻെറ ഗാരൻറി ഉണ്ടായിരിക്കുമെന്നും തീരുമാനിക്കപ്പെട്ടു. നോട്ടുകൾ അടിക്കാനുള്ള ബാദ്ധ്യതകൾക്കു പകരമായി ഗോൾഡ് സ്റ്റാൻഡേഡ് റിസർവ്വിലും പേപ്പർ കറൻസി റിസർവ്വിലുമുള്ള സ്വർണ്ണനാണ്യങ്ങളും ലോഹങ്ങളും ബാങ്ക് ഏറെറടുത്തു.

ബാങ്കിന്ന് ഒരു 'ഇസ്യൂ' ഡിപ്പാർട്ടുമെണ്ടും ഒരു 'ബാങ്കിങ്ങ്' ഡിപ്പാർട്ടുമെണ്ടുമുണ്ട്. ഇസ്യൂഡിപ്പാർട്ടുമെണ്ടിലെ ബാദ്ധ്യതകൾ (liabilities) നോട്ടുകൾ പുറപ്പെടുവിക്കുന്നതിനാലുണ്ടാകുന്നവയാണ്. ഡിപ്പാർട്ടുമെണ്ടിൻെറ മുതലുകളിൽ (assets) സ്വർണ്ണനാണ്യങ്ങൾ, സ്വർണ്ണവാളങ്ങൾ, സ്റ്റർലിങ്ങ് നിക്ഷേപങ്ങൾ, ഉറുപ്പികനാണ്യങ്ങൾ, ഉറുപ്പികനിക്ഷേപങ്ങൾ, 'എക്സ്ചേഞ്ജ്' ബില്ലുകൾ, 'പ്രോമിസ്സറി' നോട്ടുകൾ എന്നിവയെല്ലാമടങ്ങിയിരു

ക്കം. കട്ടാകെയുള്ള മുതലിൽ 40 ശതമാനമെങ്കിലും സ്വ ർണ്ണമോ, സ്റ്റർലിങ്ങ് നിക്ഷേപങ്ങളോ ആയിരിക്കണമെന്നും സ്വർണ്ണത്തിൻെറ വില 40 കോടി ക.യിൽ കുറയരുതെന്നും വ്യവസ്ഥയുണ്ട്. ഇഷ്യൂഡിപ്പാർട്ടുമെണ്ടിൻെറ മുതലും ബാദ്ധ്യതകളും ആഴ്ചതോറും പ്രസിദ്ധംചെയ്യാറുണ്ട്.

1939സപ്റ്റെമ്പറിൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്നുശേഷം ബാങ്കിന്നു പുതിയൊരു ഡിപ്പാർട്ടുമെണ്ടുകൂടിയുണ്ടായി—എക്സ്ചേംജ് കൺട്രോൾ ഡിപ്പാർട്ടുമെണ്ട് വിദേശവിനിമയങ്ങളെ സംബന്ധിക്കുന്ന നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുകയാണ് ഈ ഡിപ്പാർട്ടുമെണ്ടിൻെറ പ്രധാനമായ പ്രവൃത്തി. ഒരു ഭാഗത്ത് Empire exchange control ഉമായും മറുഭാഗത്തു വിദേശവിനിമയങ്ങൾകൊണ്ടു കൈകാര്യം നടത്തുന്ന ബാങ്കുകളുമായും അടുത്ത ബന്ധം പുലത്തിക്കൊണ്ടാണ് പ്രസ്തുതഡിപ്പാർട്ടുമെണ്ട് പ്രവത്തിക്കുന്നത്.

റിസർവ്വ്ബാങ്കിൻെറ ഒരു പ്രധാനപ്പെട്ട ജോലി ഉറുപ്പികയുടെ വിനിമയനിരക്കു സ്ഥിരമാക്കി നിത്തുകയാണ്. ഉറുപ്പികയ്ക്കു 18പെൻസ് എന്ന ബന്ധം നിലനിത്താൻ വേണ്ടി ഒരുറുപ്പികയ്ക്കു 1ഷി. $6\frac{3}{16}$പെൻസിൽ കവിയാത്ത നിരക്കിന്നു സ്റ്റർലിങ്ങു വാങ്ങാനും ഉറുപ്പികയ്ക്കു 1ഷി. $5\frac{49}{64}$പെൻസിൽ കുറയാത്ത നിരക്കിന്നു ലണ്ടനിൽ സ്റ്റർലിങ്ങ് വില്ക്കുവാനും ബാങ്കു തയ്യാറായിരിക്കും. ഈ നയത്തിൻെറ ഫലമായി ഇന്ത്യയ്ക്കു എത്ര വലിയ ഹാനിയാണ് നേരിട്ടതെന്നു മനസ്സിലാവണമെങ്കിൽ ര

ണ്ടാംലോകമഹായുദ്ധകാലത്തുണ്ടായ അനുഭവങ്ങളിലേ യ്ക്കൊന്നു കണ്ണോടിച്ചാൽ മതി.

## അദ്ധ്യായം ൧൩

## യുദ്ധവും കറൻസിയും

യുദ്ധമാരംഭിച്ചതോടുകൂടി വിനിമയനിയന്ത്രണത്തി ന്നാവശ്യമായ ചില പുതിയ നടപടികളെടുക്കാൻ ഗവ ൎമ്മേണ്ടു് തയ്യാറായി. രാജ്യരക്ഷാഓർഡിനൻസിൻെറ നാലാം ഭാഗത്തിൽ ധനകാൎയ്യത്തെസ്സംബന്ധിച്ചുള്ള നി ബന്ധനകളിൽ താഴെ കൊടുത്ത പരിപാടികൾ ഉൾ പ്പെടുത്തപ്പെട്ടു: 1. വിദേശവിനിമയം വാങ്ങുന്നതു സം ബന്ധിച്ച നിബന്ധനകൾ. 2. എല്ലാ വിദേശവിനിമ യവും ഗവൎമ്മേണ്ടു് ഏറെറടുക്കൽ. 3. സെക്യൂരിററികൾ വാങ്ങുകയോ കയററി അയയ്ക്കുകയോ ചെയ്യുന്നതു സം ബന്ധിച്ചുള്ള നിബന്ധനകൾ. 4. വിദേശസെക്യൂരിററി കൾ ഗവൎമ്മേണ്ടു് ഏറെറടുക്കൽ.

ഈ കാൎയ്യങ്ങൾ നടപ്പിൽ വരുത്താനാവശ്യമായ അധികാരങ്ങളെല്ലാം റിസൎവ്വ്ബാങ്കിനു നല്കപ്പെടുകയും അതിന്നായി 1939 ഒക്ടോബറിൽ Exchange Control Department എന്ന ഒരു പുതിയ ഡിപ്പാർട്ടുമെൻറു് ഏ ൪പ്പെടുത്തപ്പെടുകയും ചെയ്തു. റിസൎവ്വ്ബാങ്കിൻെറ, ഗവ ൎണ്ണരുടെ നേരിട്ടുകീഴിലുള്ള ഈ ഡിപ്പാർട്ടുമെണ്ടാണു് വി

നിമയനിയന്ത്രണത്തെസ്സംബന്ധിക്കുന്ന കാര്യങ്ങൾ നട പ്പിൽ വരുത്തുന്നതു്. സാധാരണകാലത്തു പറയത്തക്ക നിയന്ത്രണമൊന്നുമുണ്ടായിരുന്നില്ല. എക്സ്ചേഞ്ച് ബി ല്ലുകളുടെ കൊള്ളക്കൊടുക്കകൾ വഴിക്കാണു് വിദേശരാജ്യ ങ്ങളുമായുള്ള ഇടപാടുകൾ നടന്നിരുന്നതു്. ഇന്ത്യയിൽ നിന്നു കയററി അയയ്ക്കുന്ന ചരക്കുകൾക്കു പകരമായി കിട്ടുന്ന വിദേശകറൻസികൾ എക്സ്ചേഞ്ച് ബാങ്കിലടച്ചു് ഉറുപ്പിക വാങ്ങാൻ സൌകര്യമുണ്ടായിരുന്നു. അതു പോലെതന്നെ വിദേശമാർക്കററിൽനിന്നു സാധനങ്ങൾ വാങ്ങണമെങ്കിൽ ഉറുപ്പികയടച്ചു പകരം ആവശ്യമായ കറൻസി (ഡോളറോ, ഫ്രാങ്കോ, മാർക്കോ എന്താണെങ്കിലതു്) വാങ്ങാനും സാധിച്ചിരുന്നു. വിനിമയങ്ങളുടെ ഈ അനിയന്ത്രിതമായ കൊള്ളക്കൊടുക്കകൾ യുദ്ധകാലത്തു് ആശാസ്യമല്ലെന്നു കണ്ടതിനാലാണു് നിയന്ത്രണങ്ങളേർപ്പെടുത്താൻ അധികൃതന്മാർ മുതിർന്നതു്.

വിനിമയനിയന്ത്രണത്തിലടങ്ങിയ പ്രധാനകാര്യങ്ങൾ ഇവയാണു്: റിസർവ്വ്ബാങ്കു് അധികാരപ്പെടുത്തിയ സ്ഥാപനങ്ങൾ വഴിയായി മാത്രമേ വിദേശവിനിമയങ്ങളിലുള്ള ഏതിടപാടും നടത്താൻ പാടുള്ളു. വിദേശരാജ്യങ്ങളിലേയ്ക്കു ചരക്കുകൾ കയററി അയയ്ക്കുന്നതിനു പകരമായി കിട്ടുന്ന വിദേശകറൻസികൾ റിസർവ്വ് ബാങ്കിൻെറ അനുമതികൂടാതെ ഉപയോഗിക്കാൻ പാടില്ല. ബ്രിട്ടീഷുസാമ്രാജ്യത്തിനുള്ളിലുള്ള രാജ്യങ്ങളുമായി കൊള്ളക്കൊടുക്കകൾ നടത്താൻ വലിയ തടസ്ഥമുണ്ടാവില്ല. എന്നാൽ, ഡോളർ മുതലായ വിദേശകറൻസി

കൾ ഒഴിച്ചുകൂടാത്ത ആവശ്യങ്ങൾക്കു മാത്രമേ കിട്ടുകയു ള്ളൂ. ഇത്താം കറൻസികൾ വിദേശങ്ങളിൽ നിക്ഷേപി ക്കുന്നതിനെ കശ്നമായി തടയുന്നതാണു്. അമേരിക്ക യിൽ നിക്ഷേപിക്കപ്പെട്ട ഡോളർ ധനമെല്ലാം 1940ഡി സമ്പറിൽ റിസർവ്വ്ബാങ്കു് ഏറെറടുക്കുകയും അതിൻെറ ഉടമസ്ഥന്മാക്കു് 100ഡോളറിന്നു് 330ക. എന്ന തോ തിൽ ഉറുപ്പികധനം നല്കുകയുണ്ടായി. 1941മാച്ചിൽ ഗവമ്മേണ്ടു് ഒരടികൂടി മുന്നോട്ടുവെച്ചു. അമേരിക്കയിൽ സെക്യൂരിററികൾ വാങ്ങിവെച്ചവരെല്ലാം ആവയെ ഗ വമ്മെണ്ടിന്നേല്പിച്ചുകൊടുത്തു പകരം നിശ്ചിതനിരക്കിൽ ഉറുപ്പിക വാങ്ങിക്കൊള്ളേണ്ടതാണെന്നു തീരുമാനിക്കപ്പെ ട്ടു. വിനിമയനിയന്ത്രണങ്ങൾ പ്രായോഗികമാക്കുവാനാ യി വിദേശവ്യാപാരത്തെ സംബന്ധിച്ച ചില നിയന്ത്ര ണങ്ങളും നടപ്പിൽ വന്നു. ഒരു കാര്യം ഇവിടെ എടു ത്തു പറയത്തക്കതുണ്ടു്. കയററുമതിയെക്കാളധികം ഇ റക്കുമതിയാണു് നിയന്ത്രിക്കപ്പെട്ടതു്. അമേരിക്ക മുത ലായ രാജ്യങ്ങളിൽനിന്നു ചരക്കുകൾ വരുത്തണമെങ്കിൽ ഡോളർധനം വേണം. പക്ഷേ, ഡോളറും മററു വിദേശ കറൻസികളും ഇഷ്ടംപോലെ കിട്ടുകയില്ല. ലൈസൻസു ലഭിച്ച ചില പ്രത്യേകചരക്കുകൾ വാങ്ങാനും ഒഴിച്ചുകൂ ടാൻ വയ്യാത്ത ചില സക്കാർവശ്യങ്ങൾ നിർവ്വഹിക്കാ നും മാത്രമേ അവ കിട്ടുകയുള്ളൂ. ഒരു പെർമിററു കൂടാതെ യാതൊരു സാധനവും ഇറക്കുമതി ചെയ്യാനോ കയററി അയയ്ക്കാനോ പാടുള്ളതല്ല. ഏതു ചരക്കു് ഇറക്കുമതി ചെയ്യണമെന്നും എത്ര ഇറക്കുമതി ചെയ്യണമെന്നും തീ

രുമാനിക്കാൻ നാട്ടുകാരക്കോ കച്ചവടക്കാരക്കോ അവകാശമില്ലെന്നായി. അതൊക്കെ ബ്രിട്ടീഷുകുത്തകമുതലാളികളുടെ ഇഷ്ടത്തിനൊത്തു തുള്ളുന്ന ധനകാര്യാധികൃതന്മാരുടെ പ്രത്യേകാവകാശങ്ങളായിത്തീൻ.

യുദ്ധം മുതലായ അസാധാരണകാലങ്ങളിൽ പ്രത്യേകിച്ചും വിനിമയങ്ങളിലുള്ള കൊള്ളക്കൊടുക്കകളെ നിയന്ത്രിക്കേണ്ടതു് ഏതൊരു രാജ്യത്തിനും ആവശ്യമാണു്. ഒന്നുമാത്രം: നിയന്ത്രണം രാജ്യത്തിൻെറ അഭിവൃദ്ധിക്കുതകുന്ന തരത്തിലായിരിക്കണം; രാജ്യത്തിൻെറ ഉല്പാദനങ്ങളെ വദ്ധിപ്പിക്കുകയും ആയോധനശക്തിയെ വിപുലമാക്കുകയും ചെയ്യുന്ന തരത്തിലായിരിക്കണം. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം, കറൻസി നിയന്ത്രണം ഇന്ത്യയുടെ സാമ്പത്തികവും സൈനികവുമായ പുരോഗതിക്കുവേണ്ടിയല്ല, നേരെമറിച്ച് ബ്രിട്ടൻെറ ആവശ്യങ്ങളെ നിറവേററുവാൻ വേണ്ടിയാണു് ഉപയോഗിക്കപ്പെടുന്നതു്. ഗവമ്മേണ്ടിനെ വിമശിക്കുന്ന കാര്യത്തിൽ വലിയ ഇഷ്ടമില്ലാത്ത ധനശാസ്ത്രജ്ഞന്മാർ പോലും ഗവമ്മേണ്ടിൻെറ നെറികെട്ട നിയന്ത്രണനയത്തെ ആക്ഷേപിച്ചിട്ടുണ്ടു്. ഉദാഹരണത്തിന്നു V. K. R. V. Ras. എഴുതുന്നതു നോക്കുക: —

"ഇന്ത്യയുടെ നിലയിൽനിന്നു നോക്കുമ്പോഠം ഇത്തരത്തിലുള്ള ഒരു വിദേശവിനിമയനിയന്ത്രണം ആവശ്യമില്ല. കാരണം വിനിമയങ്ങളിലുള്ള കൊള്ളക്കൊടുക്കകളിൽ ഇന്ത്യയ്ക്കു് അനുകൂലമായ ഒരു നിലയായിരുന്നു. വാസ്തവത്തിൽ ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം ഇങ്ങ

നെയൊരു നിയന്ത്രണം സ്റ്റർലിങ്ങു കടത്തിലും തുട ൎന്നു നാണയപ്പെരുപ്പത്തിലും ചെന്നെത്തുവാനുള്ളതായി രുന്നു. പക്ഷേ ഇന്ത്യൻ റിസർവ്വ് ബാങ്ക് ഒരു സ്വതന്ത്രമാൎഗ്ഗം സ്വീകരിക്കുന്നതിന്നു പകരം ബാങ്ക് ഓഫ് ഇംഗ്ല ണ്ടിൻെറ വാലിൽ തൂങ്ങുകയാണുണ്ടായതു്. സ്വകാൎയ്യ ക്കയററുമതി വൎദ്ധിപ്പിക്കുകയും സ്വകാൎയ്യഇറക്കുമതി നിയ ന്ത്രിക്കുകയും ചെയ്യുന്നതു ബ്രിട്ടൻെറ താൽപൎയ്യമാണു്; കാരണം അതുവഴി കഴിയുന്നത്ര വിദേശവിനിമയം കൈ ക്കലാക്കിക്കൊണ്ടു് അന്യരാജ്യങ്ങളിൽനിന്നു യുദ്ധോപകര ണങ്ങൾ വാങ്ങാൻ ബ്രിട്ടന്നു കഴിവുണ്ടാവും. ഇന്ത്യയുടെ നില തീരെ വ്യത്യസ്തമാണു്. നമ്മുടെ കയററുമതി വ ൎദ്ധിച്ചു; ഇറക്കുമതി ചുരുങ്ങി; വിദേശരാജ്യങ്ങളിലേയ്ക്കു് ക ട്ടേറെ സാധനങ്ങൾ നാം കൊടുക്കാൻ തുടങ്ങി— ഇതി ൻെറയെല്ലാം ഫലമായി ഇന്ത്യയിൽ വമ്പിച്ച ആദായ വും നാണയപ്പെരുപ്പവും അനുഭവപ്പെട്ടവാനും തുടങ്ങി.” (‘വാർ ആൻറ് ഇന്ത്യൻ എക്കോണമി’ പേജ് 111)

ഈ നയത്തിൻെറ ഫലമായി ഇന്ത്യയുടെ കയററു മതി ക്രമാതീതമായി വൎദ്ധിക്കുകയും ഇറക്കുമതി കുറയുക യും ചെയ്തു. വാണിജ്യാവശിഷ്ടം വൎദ്ധിച്ചുകൊണ്ടുവന്നു. എന്നാലീ വാണിജ്യാവശിഷ്ടം— കയററുമതിയും ഇറക്കുമ തിയും തമ്മിലുള്ള വ്യത്യാസം — ചരക്കുകളായോ സ്വൎണ്ണ മായോ ഇന്ത്യക്കു കിട്ടുകയുണ്ടായില്ല. അതെല്ലാം ലണ്ട നിലെ സ്റ്റർലിങ്ങുനിധിയിൽ കണക്കുപിടിക്കുകയും ഇ ന്ത്യയിലെ അടവുകൾക്കാവശ്യമായ നോട്ടുകളടിച്ചുവിട്ട കയുമാണുണ്ടായതു്. ചരക്കുകൾക്കു പുറമെ സ്വൎണ്ണം,

വെള്ളി എന്നീ അപൂർവ്വലോഹങ്ങളും ഇന്ത്യയിൽനിന്നു കയററിഅയയ്ക്കപ്പെട്ടു. അതും സ്റ്റർലിങ്ങു കണക്കുബുക്കിൽ വരവുപിടിച്ചു. ധനകാര്യത്തിപ്പിന്നസരിച്ചു ബ്രിട്ടൻ ഇന്ത്യയ്ക്കു നല്കുവാൻ ചുമതലപ്പെട്ട സംഖ്യകൾപോലും സ്റ്റർലിങ്ങുഫണ്ടിൽ കണക്കപിടിക്കുകമാത്രമാണു ചെയ്തതു്. സാങ്കേതികപദങ്ങളെ ആശ്രയിക്കാതെ പറകയാണെങ്കിൽ, ഇതിൻെറ അർത്ഥം ബ്രിട്ടീഷുമുതലാളികൾ ഇന്ത്യയിൽ നിന്നു യാതൊരു പ്രതിഫലവുംകൂടാതെ ധാരാളം സമ്പത്തുക്കൾ പററിപ്പററിച്ചെടുത്തുവെന്നത്രെ. ഇത്ര നഗ്നമായ തട്ടിപ്പറി നാസിജർമ്മനി പിടിച്ചടക്കിയ രാജ്യങ്ങളിലല്ലാതെ മറെറവിടേയും കാണുമെന്നു തോന്നുന്നില്ല. "ശാസ്ത്രീയമായ കൊള്ള" എന്ന തലക്കെട്ടിൽ ലണ്ടനിലെ 'എക്കണോമിസ്റ്റ്' എഴുതുന്നതു നോക്കുക:—

"നാസികൾ കീഴടക്കിയ രാജ്യങ്ങളിൽ കൊള്ളക്കൊടുക്കകൾ അടച്ചുതീക്കുന്ന സമ്പ്രദായം താഴെ പറയും പ്രകാരമാണു്: 1. റീഷ്മാക്കു(ജർമ്മൻകറൻസി)നോട്ടായിട്ടുള്ള അടവു് 2. റീഷ്ക്രഡിററ് കാസ്സെൻഷീൻ ആയിട്ടുള്ള അടവു് 3. ജർമ്മൻഗവമ്മേണ്ടുഡിപ്പാർട്ടുമെണ്ടുകളുടെ പേരിലിറക്കിയിട്ടുള്ള ബില്ലുകൾ സ്വീകരിക്കൽ 4. കീഴടക്കിയ ശക്തികൾ അടിച്ചിറക്കുന്ന ബാങ്കുനോട്ടുകൾ 5. വിനിമയം വഴിയായ കണക്കുതീക്കൽ 6. സെൻട്രൽബാങ്കുകളിൽനിന്നു മുൻകൂറു വാങ്ങിയുള്ള അടവു്. ഈ ഓരോ തരത്തിലുള്ള എടവാടുകളുടേയും ആകെയുള്ള ഫലം ജർമ്മനിക്കു് ഒന്നും കൊടുക്കാതെ ചിലതു കിട്ടുക എന്നതായിരുന്നു. വാങ്ങുന്ന സാധനങ്ങളുടെ

വിലയെയെല്ലാം ഇങ്ങനെ കണക്കുതീക്കുന്നതിന്റെ ഫല മായിപിടിച്ചെടുക്കപ്പെട്ടരാജ്യങ്ങളിലെല്ലാം നാണയപ്പെരുപ്പവും കടവദ്ധനവുമാണുണ്ടാവുന്നതു്. ജമ്മൻ നാണ്യങ്ങളിൽത്തന്നെ അടച്ചുതീത്താൽപ്പോലും അവ കിട്ടുന്നവക്കു ജമ്മൻസാമാനങ്ങൾ വാങ്ങാൻ കഴിയുമെന്നത്ഥമില്ല; കാരണം, ജമ്മനിയിൽനിന്നുള്ള ഇറക്കുമതി കണിശമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ടു്.

ഇങ്ങനെ തന്റെ അക്രമണത്തിന്നിരയായ രാജ്യങ്ങളിൽ നാണയപ്പെരുപ്പം ഉണ്ടാക്കുന്നതുകൊണ്ടു് ഒരു വെടിക്കു രണ്ടു പക്ഷിയെ കൊല്ലാമെന്നാണ് ജമ്മനി കണക്കാക്കുന്നതു്. അതിനു് ഈ രാജ്യങ്ങളെ ആവാവുന്നേടത്തോളം ചൂഷണം ചെയ്യാൻ കഴിയുന്നുണ്ടു്; അതേസമയംതന്നെ ഈ ചൂഷണമാകട്ടെ, അവിടങ്ങളിലെ ജനങ്ങളെ നന്ന മുഷിപ്പിക്കാതേകണ്ടാണുതാനും. ഇതിന്നു പകരം നാസികൾ നഗ്നമായ കൊള്ളയാണ് നടത്തിരുന്നതെങ്കിൽ, ജനങ്ങളുടെ വെറുപ്പു മുക്കുകയും അങ്ങനെ അവരെ അടക്കി വാഴാൻ പ്രയാസമായിത്തീരുകയും ചെയ്തിരുന്നേനേ. തങ്ങൾ ജമ്മനിക്കു കൊടുക്കുന്ന സാധനങ്ങൾക്കു് ഉദാരമായ പ്രതിഫലം കിട്ടുന്നുണ്ടെന്നാണ് കീഴടക്കപ്പെട്ട രാജ്യങ്ങളുടെ വലിയൊരു വിഭാഗത്തിന്റെ ധാരണ.'' (എക്കണോമിസ്റ്റ്, 24-8-'40)

'എക്കണോമിസ്റ്റ്'' ബ്രിട്ടീഷു മുതലാളികളുടെ മുഖപത്രമാണ്. അതുകൊണ്ടു നാസിജമ്മനിയുടെ കറൻസിനയത്തെ ന്യായമായി ആക്ഷേപിക്കുന്ന ആ പത്രം ഇന്ത്യയെപ്പററിപ്പറയുമ്പോൾ ഇങ്ങനെയാണ് വിമ്പി

ളുക്കുന്നത്: "ബർമ്മായുദ്ധത്തിൽ ഇന്ത്യൻപട്ടാളക്കാർ ഉപയോഗിക്കുന്നതും ഇന്ത്യയിലുണ്ടാക്കിയതും ആയ ഓരോ ഉണ്ടക്കും അപ്പപ്പോൾ സ്റ്റർലിങ്ങിൽ വില കൊടുക്കുന്നുണ്ട്......ഇതിൽ 'സാമ്രാജ്യചൂഷണ'മെന്നതു തീരെ ഇല്ലെന്നതു് എല്ലാവരും ധരിക്കേണ്ടതാണ്."

എന്നാൽ ബ്രിട്ടിഷുമുതലാളികളും അവരുടെ പത്രങ്ങളും എന്തുതന്നെ പുലമ്പിയാലും ഇന്ത്യയുടെ കറൻസിനയം പാവപ്പെട്ട നാട്ടുകാരെസ്സംബന്ധിച്ചിടത്തോളം പൊറുക്കാനാവാത്ത ഒരു ഭയങ്കരസ്ഥിതിയാണ് ഉളവാക്കിയതു് എന്ന വാസ്തവത്തെ മറച്ചുവെയ്ക്കാൻ കഴിയില്ല. ലക്ഷക്കണക്കിലുള്ള ജനങ്ങൾ പട്ടിണിയിലും കഷ്ടപ്പാടിലും കിടന്നു നരകിക്കുമ്പോൾ ഇന്ത്യയിൽനിന്നു കണക്കററ ഉപഭോഗസാമഗ്രികൾ പുറരാജ്യങ്ങളിലേയ്ക്കു കയററി അയയ്ക്കപ്പെട്ടു. കല്ക്കത്തയിലെ നിരത്തുകൾ ശവങ്ങളെക്കൊണ്ടു നിറഞ്ഞാലും ശരി, കേരളക്കരയിൽ വസൂരിയും കോളറയും പടർന്നുപിടിച്ചാലും ശരി, നാടൊട്ടുക്കു ക്ഷാമംകൊണ്ടു കുട്ടിച്ചോറായാലും ശരി, കയററുമതികൾ നിർവ്വിഘ്നം തുടർന്നുപോകണമെന്നും അതിൽനിന്നു കിട്ടുന്ന കറൻസികൾ പിടിച്ചെടുക്കണമെന്നുമാണ് അധികൃതന്മാർ തീരുമാനിച്ചതു്. സ്റ്റർലിങ്ങു നിക്ഷേപങ്ങളുടെ ഉറപ്പിന്മേൽ ഉരുപ്പികയടിച്ചിറക്കുവാനുള്ള ഏർപ്പാടുകൾ റിസർവ്വുബാങ്കിന്നുണ്ടായിരുന്നതുകൊണ്ടു് ഇന്ത്യയിലെ കയററുമതിക്കാർക്ക് ഉരുപ്പികധനം കിട്ടിക്കൊണ്ടിരുന്നു. പിടുപ്പതിലധികം ലാഭമടിക്കാൻ തഞ്ചം കിട്ടിയ മദോന്മത്തരായ നാടൻമുതലാളികൾ പട്ടിണിപ്പാവങ്ങളുടെ ക

ഷ്ടപ്പാടുകളെ അശ്രദ്ധയോടെയാണ് വീക്ഷിച്ചതു് എ ന്നു പറയാതിരിപ്പാൻ തരമില്ല. കരിഞ്ചന്തയുടെ നേതാക്കന്മാരായ ഈ ലാഭക്കൊതിയന്മാർ തങ്ങളുടെ മടിശ്ശീല തടിപ്പിക്കാൻവേണ്ടി ആയിരമായിരം നിരപരാധികളെ മരണത്തിൻെറ വായിലേയ്ക്കു നിർദ്ദയം പിടിച്ചു തള്ളി.

ഉല്പാദനത്തെ വർദ്ധിപ്പിക്കാനോ കരിഞ്ചന്തയെ തടയുവാനോ കാര്യക്ഷമമായ യാതൊരു നടപടിയും അധികൃതന്മാർ കൈക്കൊണ്ടില്ല. അതിന്നവർക്ക് സാദ്ധ്യവുമല്ല. കാരണം, ജനകീയകക്ഷികളുടെ സഹകരണംകൂടാതെ കരിഞ്ചന്തയുടെ പ്രാബല്യത്തെ തടയുവാനാവില്ല. വെറും ഓർഡിനൻസുകൊണ്ടു ഉല്പാദനത്തെ വർദ്ധിപ്പിക്കാനാവില്ല.

പക്ഷെ ജനകീയപ്പാർട്ടികളെ വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഉദ്യോഗസ്ഥമേധാവിത്വമാണ് നമുക്കിന്നുള്ളതു്.

## ഉറുപ്പികയുടെ ഭാവി

ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധം വെറും സാമ്പത്തികമായ ബന്ധമല്ല, രാഷ്ട്രീയബന്ധമാണ്. ബ്രിട്ടീഷുകുത്തകമുതലാളികൾ ഇന്ത്യയെ ചൂഷണം ചെയ്യാനുപയോഗിക്കുന്ന ഒരു മാർഗ്ഗം മാത്രമാണതു്. വിദേശമുതലാളികളുടെ താൽപര്യങ്ങളാണ് ഉറുപ്പികയും സ്റ്റർലിങ്ങും തമ്മിലുള്ള ബന്ധത്തെ നിർണ്ണയിച്ചുപോന്നി

ട്ടുള്ളതു്. ഈ യാഥാൎത്ഥ്യം മനസ്സിലാക്കാതെ ഇന്ത്യയുടെ കറൻസിപ്രശ്നത്തെ പരിഹരിക്കാനാവില്ല.

ഉറുപ്പികയുടെ പ്രവൎത്തനം ഇന്ത്യയ്ക്കനുകൂലമായ്ത്തീരണമെങ്കിൽ ഉറുപ്പികയും സ്റ്റൎലിങ്ങ്, ഡോളർ തുടങ്ങിയ വിദേശകറൻസികളും തമ്മിലുള്ള തോതു നിശ്ചയിക്കുവാൻ ഇന്ത്യക്കാൎക്കധികാരം ലഭിക്കണം. ഇന്നത്തെ നിലയ്ക്കതു സാദ്ധ്യമല്ല. ഇന്നു് ഇന്ത്യൻകറൻസിയുടെ വിനിമയബന്ധത്തെ നിയന്ത്രിക്കാനുള്ള അവകാശം ലെജിസ്ലേറ്റീവ് അസംബ്ലിയുടേതല്ല, ഗവൎണ്ണർജനറലുടേതാണു്. ബ്രിട്ടീഷുതാൽപൎയ്യങ്ങൾക്കു ഹാനിതട്ടാതിരിക്കത്തക്കവിധത്തിൽ ഇന്ത്യയുടെ വിനിമയബന്ധത്തെ നിലനിൎത്താൻ ആവശ്യമായ എല്ലാ അധികാരങ്ങളും ഗവൎണ്ണർ ജനറാൾക്കു ലഭിച്ചിട്ടുണ്ടു്. ഇതിനൊരു മാറ്റം വരുത്തണമെങ്കിൽ ഇന്നത്തെ ഭരണസമ്പ്രദായം മാറിയേ കഴിയൂ. നിലവിലുള്ള ഭരണസമ്പ്രദായം നിലനില്ക്കുന്നേടത്തോളം കറൻസിപ്രശ്നത്തെ ഒറ്റയ്ക്കെടുത്തു പരിഹരിക്കുവാൻ ശ്രമിക്കുന്നതു വ്യാമോഹം മാത്രമാണു്. ഈ പ്രശ്നത്തിന്നു ഫലപ്രദമായ ഒരു പരിഹാരം കാണണമെങ്കിൽ കറൻസിയുടെ പരിഷ്കരണത്തിന്നുവേണ്ടിയുള്ള സമരം സ്വാതന്ത്ര്യസമരത്തിൻെറ ഒരു ഭാഗം മാത്രമാണു് എന്നു വ്യക്തമായി മനസ്സിലാക്കണം.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

M330

Cl. No. DAM-U    Acc. No. 3175

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

Cl. No. M 330 DAM-U Acc. No. 3175

Author ദാമോദരൻ. കെ.

Title ഉരുച്ചിക.

M 330
DAM-U

3175

ദാമോദരൻ. കെ

ഉരുച്ചിക.

KOTTAYAM PUBLIC LIBRARY

M330

Call No. DAM-U Acc. No. 3175

Author ദാമോദരൻ .കെ

Title ഉദ്വീക

Indic Digital Archive Foundation

gpura.org